MPEDA

ന്യൂസ്‌ലെറ്റർ

പുസ്തകം 01 ലക്കം 04 ഏപ്രിൽ 2018

പേജ് 03
വ്യാപാര ചർച്ചകൾക്കായി ഇന്ത്യൻ സംഘം റഷ്യയിൽ

പേജ് 22
105–ാം ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് ഇംഫാലിൽ

പേജ് 38
സമുദ്രോൽപ്പന്ന എച്ച്എസിസിപി പരിശീലന പരിപാടി

www.mpeda.gov.in

ISSN 0245-7059

ഉള്ളടക്കം

പുസ്തകം 01, ലക്കം 04, ഏപ്രിൽ 2018



3 വ്യാപാര ചർച്ചകൾക്കായി ഇന്ത്യൻ സംഘം റഷ്യയിൽ

11 കൊൽക്കത്ത ഭക്ഷ്യ സംസ്കരണ സംഗമം 2018 ൽ എംപിഇഡിഎ

22 105-ാം ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് ഇംഫാലിൽ

25 എംഎസ്‌സി സർട്ടിഫിക്കേഷനായി തിരഞ്ഞെടുത്ത 10 ഇന്ത്യൻ മത്സ്യ വിഭവങ്ങൾ

21 ഓഖി ബാധിതർക്കായി പ്രദർശനം പൂത്തുറൈയിൽ

24 എംഎസ്എംഇ രാജ്യാന്തര വ്യാപാര മേള 2018 ഭുവനേശ്വർ, ഒഡീഷ

38 സമുദ്രോൽപ്പന്ന എച്ച്എസിസിപി പരിശീലന പരിപാടി

ഈ പ്രസിദ്ധീകരണത്തിൽ നല്കിയിരിക്കുന്ന ലേഖനങ്ങളിലെ അഭിപ്രായങ്ങൾ ലേഖകരുടേതു മാത്രമാണ്, എംപിഇഡിഎയുടെ അഭിപ്രായമല്ല. ലേഖനങ്ങളിൽ നല്കിയിരിക്കുന്ന വിവരങ്ങളുടെ കൃത്യതയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്കു മാത്രമാണ്. എംപിഇഡിഎയ്ക്കും എഡിറ്റോറിയൽ ബോർഡിനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ടായിരിക്കില്ല.

MPEDA
ലക്കം 04, പുസ്തകം 01, ഏപ്രിൽ 2018 ന്യൂസ് ലെറ്റർ

എഡിറ്റോറിയൽ ബോർഡ്

ശ്രീ. ടി. ഡോല ശങ്കർ, ഐ.ഒ.എഫ്.എസ്.
ഡയറക്ടർ (എം)

ശ്രീ. ബി. ശ്രീകുമാർ
സെക്രട്ടറി

ശ്രീ. പി. അനിൽകുമാർ
ജോയിന്റ് ഡയറക്ടർ (അക്വാ)

ശ്രീ. കെ. വി. പ്രേംദേവ്
ഡെപ്യൂട്ടി ഡയറക്ടർ (എം.പി.)

ഡോ. ടി. ആർ. ജിബിൻകുമാർ
ഡെപ്യൂട്ടി ഡയറക്ടർ (ഡവലപ്മെന്റ്)

എഡിറ്റർ
ഡോ. എം. കെ. റാം മോഹൻ
ജോയിന്റ് ഡയറക്ടർ (എം)

അസിസ്റ്റന്റ് എഡിറ്റർ
ശ്രീമതി കെ. എം. ദിവ്യ മോഹനൻ
സീനിയർ ക്ലർക്ക്

എഡിറ്റോറിയൽ സപ്പോർട്ട്
ബിവേൾഡ് കോർപ്പറേറ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്
166, ജവഹർ നഗർ, കടവന്ത്ര, കൊച്ചി, കേരള, ഇന്ത്യ
പിൻ: 682 020, ഫോൺ: 0484 2206666, 2205544,
www.bworld.in, life@bworld.in

ലേഔട്ട്: **അനൂപ് ശ്രീനിലയം**

www.mpeda.gov.in
support@mpeda.gov.in

ദ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (മിനിസ്ട്രി ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി, ഭാരത സർക്കാർ), എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ, കൊച്ചി: 682 036, ഫോൺ: +91 484 2311979) ക്കുവേണ്ടി പ്രിന്റ് ചെയ്യുന്നതും പ്രസിദ്ധപ്പെടുത്തുന്നതും
ശ്രീ. ബി. ശ്രീകുമാർ, സെക്രട്ടറി
പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്
എംപിഇഡിഎ ഹൗസ്, പനമ്പിള്ളി അവന്യൂ, കൊച്ചി
പ്രിന്റ് ചെയ്തിരിക്കുന്നത്
പ്രിന്റ് എക്സ്പ്രസ്, 44/1469 എ, അശോക റോഡ്, കലൂർ, കൊച്ചി, പിൻ: 682 017

ഡോ. എ. ജയതിലക് ഐഎഎസ്
ചെയർമാൻ, എംപിഇഡിഎ

സുഹൃത്തുക്കളെ,

ബ്രസൽസിൽ സമാപിച്ച രാജ്യാന്തര സമുദ്രോൽപ്പന്ന പ്രദർശന മേളയിൽ ഇന്ത്യൻ സംഘം സജീവമായി പങ്കെടുത്തു. സമുദ്രോൽപ്പന്ന മേഖലയിൽ ഇന്ത്യയുടെ ശക്തി പങ്കുവയ്ക്കാൻ കയറ്റുമതി സംഘവും എത്തിയിരുന്നു. ഇന്ത്യൻ സംഘം ഡിജി സാന്റേ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. 2017 നവംബറിൽ നടന്ന എഫ്വിഒ കൂടിക്കാഴ്ചയുടെ തുടർച്ചയായ യോഗമായിരുന്നത്. സമുദ്രോൽപ്പന്നത്തിലും ശുദ്ധജല മത്സ്യ ഉൽപ്പന്നത്തിലുമുള്ള ആന്റി ബയോട്ടിക് ദുരുപയോഗ സാധ്യതയും അളവും സംബന്ധിച്ചായിരുന്നു ആ ചർച്ചകൾ. കയറ്റുമതി കേന്ദ്രങ്ങളിലെ പരിശോധനാ സംവിധാനത്തിന്റെ മികവ് പരിശോധിക്കാൻ ഇയുവിന്റെ പ്രത്യേക സംഘവും ഇന്ത്യയിൽ എത്തിയിരുന്നു. നിലവിലെ പരിശോധന സംവിധാനത്തിൽ തൃപ്തരായാണ് ഇയു സംഘം മടങ്ങിയത്. എങ്കിലും അന്തിമ റിപ്പോർട്ടുവരെ ആശങ്ക തുടരും. റിപ്പോർട്ടിൽ എന്താണ് കുറിച്ചിരിക്കുന്നതെന്ന ആശങ്ക തുടരുകയാണിപ്പോഴും. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, കൂടുതൽ കർശനമായ പരിശോധനകൾ ഇറക്കുമതിക്കാരുടെ ഓർഡറിനെ ബാധിച്ചിട്ടുണ്ട്. ഓർഡർ കുറയുന്നതോടെ ഉൽപാദനവും ആനുപാതികമായി കുറയുന്നു. ഇത് താൽക്കാലിക പ്രതിഭാസം മാത്രമെന്നാണ് ഞാൻ കരുതുന്നത്. ഇറക്കുമതിക്കാരെയും ഉൽപാദകരെയും മത്സ്യ കർഷകരെയും സഹായിക്കുന്ന തരത്തിൽ സാഹചര്യം മാറുമെന്നു തന്നെ പ്രതീക്ഷിക്കാം. എന്നാൽ, നിലവിലെ സാഹചര്യം കാര്യക്ഷമമായ വികസന ആസൂത്രണത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. മറ്റിനങ്ങളിലേക്കുള്ള ഉൽപാദനം മാറ്റുന്നതു സംബന്ധിച്ച അറിവും പരിചയവും സമ്പാദിക്കാൻ ഈ സാഹചര്യം നമ്മെ പ്രേരിപ്പിക്കുന്നു. വാണിജ്യമായി വളരെ പ്രാധാന്യമുള്ള ഒട്ടേറെ വിഭവങ്ങൾ കൊണ്ടു സമ്പന്നമാണ് ഇന്ത്യൻ സമുദ്രോൽപ്പന്ന മേഖല. ആഴക്കടൽ മത്സ്യങ്ങളുടെയും കവച മത്സ്യങ്ങളുടെയും പ്രാധാന്യം വിളിച്ചോതുന്ന സാങ്കേതിക വിദ്യ വികസിപ്പിക്കാനാകണം മേഖലയിലെ എല്ലാ സ്ഥാപനങ്ങളുടെയും ഗവേഷണങ്ങൾ.

ഗവേഷണം അവിടെ കൊണ്ടു നിർത്തരുത്. സീവീഡ് ഭക്ഷണമായും വ്യാവസായിക ആവശ്യങ്ങൾക്കും എപ്രകാരം ഉപയോഗിക്കണമെന്നതിനെ കുറിച്ചും പഠനം നടത്തണം. വാണിജ്യ അടിസ്ഥാനത്തിൽ 42 രാജ്യങ്ങൾ സീവിഡുകൾ ഉൽപാദിപ്പിക്കുന്നു. ഉൽപാദനത്തിൽ ചൈനയാണ് മുന്നിൽ നിൽക്കുന്നത്. പിന്നിലായി, കൊറിയ, ജപ്പാൻ, ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, യുഎസ്എ, ചിലി, നോർവേ തുടങ്ങിയ രാജ്യങ്ങളും. ആദ്യം പത്ത് രാജ്യങ്ങളിൽ നിന്നു മാത്രമാണ് 96 ശതമാനം സീവീഡും ലഭിക്കുന്നത്. വാണിജ്യ അടിസ്ഥാനത്തിൽ പ്രാധാനമുള്ള 60ൽ അധികം സീവീഡുകളെ തിരിച്ചിറിഞ്ഞിട്ടുണ്ട്. എന്നാൽ, ഇന്ത്യൻ സീവീഡ് ഉൽപാദനം ചില വർഗങ്ങളിൽ മാത്രമായി ചുരുക്കിയിരിക്കുന്നു. സ്വാഭാവികമായി വളരുന്നതും കൃഷി ചെയ്യുന്നതുമുണ്ട് ഇക്കൂട്ടത്തിൽ. ഫൈറ്റോകൊള്ളോയിഡ് കരാഗീനനു വേണ്ടി കപ്പാഫൈക്കസ് വർഗമാണ് കൂടുതലും കൃഷി ചെയ്യുന്നത്. അഗറോയിഡ്, അൽഗിനി എന്നിവ സ്വാഭാവിക വളർച്ചയിൽ കുറഞ്ഞ അളവിൽ ലഭിക്കുന്നുണ്ട്. വിവിധ ആവശ്യങ്ങൾക്കായി സീവീഡ് ഉൽപാദിപ്പിക്കാൻ നമ്മുടെ രാജ്യത്തിനു ശേഷിയുണ്ട്. അതിനാവശ്യമായ സാങ്കേതിക വിദ്യയും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ), സെൻട്രൽ സോൾട്ട് ആൻഡ് മറൈൻ കെമിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎസ്എംസിആർഐ) എന്നിവയിൽ നിന്നും ലഭ്യമാണ്. ഉൽപാദനം വർധിപ്പിക്കാൻ സംസ്ഥാനങ്ങൾ ജല-കര പാട്ട നയം ലളിതമാക്കണം. അതിലൂടെ കൂടുതൽ സംരംഭകരെ ആകർഷിക്കാനും ശുദ്ധജല മത്സ്യ ഉൽപാദനം വർധിക്കുകയും ചെയ്യും.

ഇന്ത്യൻ മത്സ്യബന്ധന മേഖലയ്ക്ക് ഒട്ടേറെ സംഭാവനകൾ നൽകിയ ഡോ. ഇ.ജി. സൈലാസിന്റെ വേർപാടിൽ അനുശോചനം അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. എംപിഇഡിഎയിലും ആർജിസിഎയിലും വിവിധ തസ്തികകളിൽ സേവനം ചെയ്തായിരുന്നു മത്സ്യബന്ധന ഗവേഷണത്തിൽ അദ്ദേഹം സജീവമായത്.

നന്ദി

വ്യാപാര ചർച്ചകൾക്കായി ഇന്ത്യൻ സംഘം റഷ്യയിൽ



എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസിന്റെ നേതൃത്വത്തിലുള്ള സംഘം റഷ്യൻ ഫെഡറേഷൻ സിസിഐയുമായി നടത്തിയ കൂടിക്കാഴ്ച

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലകിന്റെ നേതൃത്വത്തിൽ റഷ്യ സന്ദർശിച്ച ഇന്ത്യൻ സംഘം സമുദ്രോൽപ്പന്ന വ്യാപാരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ്, ഫിഷറീസ് അസോസിയേഷനുകൾ, മറ്റ് സർക്കാർ വകുപ്പുകളുമായി സംഘം ആശയവിനിമയവും നടത്തി.

2018 മാർച്ച് 20 മുതൽ 23 വരെ നടത്തിയ സന്ദർശനത്തിൽ ഡോ. എ. ജയതിലകിനു പുറമേ, എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ആർച്ചിമൻ ലാഹിരി, ഇഐഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജയബാലൻ ജി., രത്നഗിരി ഗദ്രേ മറൈൻ എക്സ്പോർട്ട്സ് കമ്പനിയിലെ ശ്രീ എം. ഭാഗവത്, വേരാവൽ ആശ ഗംഗ എക്സ്പോർട്സിലെ ശ്രീ എം.എൽ. വനിക്, വേരാവൽ ദീപ്മാല മറൈൻ എക്സ്പോർട്സിലെ ശ്രീ. എൻ.വി. ഫോഫണ്ടി, വേരാവൽ സെയിൽ ഗംഗ ഇയു എക്സ്പോർട്സിലെ ശ്രീ എൻ.എൽ. ഭേൻസ്‌ല, ദാമൻ ദിയു കൃഷ്ണ ഫ്രോസൺ ഫുഡ്സിലെ ശ്രീ. എച്ച്. ആർ. സോളങ്കി, വേരാവൽ കെ.ആർ. സീഫുഡ്സിലെ ശ്രീ. ആർ. കെ. ചമാഡിയ, മുംബൈ സോണിയ ഫിഷറീസിലെ ശ്രീ. എ. പാട്ടീൽ, മുംബൈ കാസിൽറോക്ക് ഫിഷറീസിലെ ശ്രീ. ഡി. ഷാ, റായ്ഗഡ് ഉൽക സീഫുഡിലെ ശ്രീ. ജെ. റോഹകലേ, ഭീമാ വരം ജഗദീഷ് മറൈൻ എക്സ്പോർട്സിലെ ശ്രീ. ടി.പി. ജഗദീഷ്, കൊച്ചി ബെൽ ഫുഡ്സിലെ ശ്രീ. വി. പുതുശേരിൽ എന്നിവരായിരുന്ന സംഘത്തിൽ.

റഷ്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായുള്ള ചർച്ച

റഷ്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായുള്ള ചർച്ചയിൽ വിവിധ വിഷയങ്ങൾ ഉയർന്നുവന്നു. റഷ്യൻ രാജ്യാന്തര സഹകരണ വകുപ്പ് ഡയറക്ടർ ശ്രീ. അലക്സാണ്ടർ വി. കോപ്കോവ്, റഷ്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി സീനിയർ എക്സ്പേർട്ട് ശ്രീമതി എലേന ഗയസോവ എന്നിവർ മാർച്ച് 20 ന് രാവിലെ നടന്ന ചർച്ചകൾക്കു നേതൃത്വം നൽകി.

ഷാംഗായി സഹകരണത്തിന്റെ ഭാഗമായി ഇരുരാജ്യങ്ങളും തമ്മിൽ ഒട്ടേറെ നിക്ഷേപ സാധ്യതകളുണ്ടെന്ന് ശ്രീ അലക്സാണ്ടർ അഭിപ്രായപ്പെട്ടു. ഇന്ത്യയും റഷ്യയുമായുള്ള നയതന്ത്ര ബന്ധം ഏറ്റവും ഊഷ്മളമെങ്കിലും വ്യാപാര ബന്ധം കുറച്ചുകൂടി മെച്ചപ്പെടണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കാർഷിക, സമുദ്രോൽപ്പന്ന വ്യാപാരത്തിലെ അനന്ത സാധ്യതകളെ

കുറിച്ചും പങ്കുവച്ചു. റഷ്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻസ്ട്രിക്കു കീഴിൽ 182 ചേംബറുകളുണ്ടെന്നും അവയിലെല്ലാം കൂടി 53,000 അംഗങ്ങളുണ്ടെന്നും ഇന്ത്യൻ സംഘത്തെ ഓർമ്മപ്പെടുത്തി.

ചെയർമാൻ എംപിഇഡിഎയെ കുറിച്ചു നടത്തിയ പ്രത്യേക അവതരണത്തിൽ റഷ്യയിലേക്കുള്ള ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്ന ഇറക്കുമതി കേവലം ഒരു ശതമാനമാണെന്ന് പറഞ്ഞു. എഫ്എസ്വിപിഎസ് അനുമതിയുള്ള ഇന്ത്യയിലെ 86 കയറ്റുമതിക്കാരെ സംബന്ധിച്ച വിഷയവും അദ്ദേഹം ഉന്നയിച്ചു. ഇന്ത്യയിൽ നടക്കുന്ന രാജ്യാന്തര സമുദ്രോത്പന്ന പ്രദർശനമേളയിൽ പങ്കെടുക്കാൻ റഷ്യൻ സംഘത്തെ ചെയർമാൻ ക്ഷണിച്ചു. ബ്രിക്സ് രാജ്യങ്ങളുടെ ബിസിനസ് കൗൺസിലെ ശുപാർശയായ സർക്കാരുകൾ തമ്മിലുള്ള ആശയവിനിമയം, ഭക്ഷ്യ സുരക്ഷ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ച, റഷ്യ-ഇന്ത്യ ബിസിനസ് കൗൺസിലിൽ സമുദ്രോൽപ്പന്ന കയറ്റുമതിയും ചർച്ച ചെയ്യുക തുടങ്ങിയവ ചെയ്തു. സമുദ്രോൽപ്പന്ന കയറ്റുമതിയിൽ താൽപര്യമുള്ളവരുടെ പട്ടിക കൈമാറാനും എംപിഇഡിഎയും റഷ്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായുള്ള ചർച്ചയിൽ ധാരണയായി.

ഓൾ റഷ്യൻ അസോസിയേഷൻ ഓഫ് ഫിഷറീസ് എന്റർപ്രൈസസ്, ഓൺട്രപ്രെന്യൂർ ആൻഡ് എക്സ്പോർട്ടേഴ്സ് (അറാഫീ) പ്രസിഡന്റുമായുള്ള കൂടിക്കാഴ്ച

ആദ്യ ദിനം ഉച്ചയ്ക്കു ശേഷം ഓൾ റഷ്യൻ അസോസിയേഷൻ ഓഫ് ഫിഷറീസ് എന്റർപ്രൈസസ്, ഓൺട്രപ്രെന്യൂർ ആൻഡ് എക്സ്പോർട്ടേഴ്സ് പ്രസിഡന്റ് ശ്രീ. ജെർമൻ സ്വേർവുമായി ഇന്ത്യൻ വ്യവസായ സംഘം ചർച്ച നടത്തി. റഷ്യയിലെ ഇന്ത്യൻ എംബസിയിൽ നടന്ന കൂടിക്കാഴ്ചയിൽ എംപിഇഡിഎ ചെയർമാൻ പ്രസിഡന്റിനെ സ്വാഗതം ചെയ്തു. കൂടാതെ, ഇന്ത്യൻ സമുദ്രോൽപ്പന്ന മേഖലയെ കുറിച്ചുള്ള ചെറിയൊരു വിവരണവും നൽകി. അടുത്ത രാജ്യാന്തര സമുദ്രോത്പന്ന പ്രദർശനത്തിൽ പങ്കെടുക്കാൻ പ്രസിഡന്റിനെ ചെയർമാൻ ക്ഷണിച്ചു. കൂടിക്കാഴ്ചയിൽ ഇന്ത്യൻ സംഘത്തിലെ കയറ്റുമതി വ്യവസായികൾ റഷ്യയിലെ വ്യവസായ പ്രമുഖരുമായി തങ്ങളുടെ ആവശ്യങ്ങൾ പങ്കുവച്ചു. അറാഫി പ്രസിഡന്റ് തങ്ങളുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യയിലേക്കു കയറ്റുമതി ചെയ്യുന്നതിനെ കുറിച്ചു സംസാരിച്ചു. പ്രത്യേകമായും കടൽ ഞണ്ടും മറ്റു ചില പ്രത്യേകയിനം കടൽ മത്സ്യങ്ങളും ഇന്ത്യയ്ക്കു പരിചയപ്പെടുത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം.

മോസ്കോ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുമായുള്ള കൂടിക്കാഴ്ച

ആദ്യ ദിനം വൈകുന്നേരമാണ് ചെയർമാന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം മോസ്കോ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി വൈസ് പ്രസിഡന്റ് ശ്രീ സുറേൻ ഒ. വർഡന്യന്റെ നേതൃത്വത്തിലുള്ള സംഘവുമായി കൂടിക്കാഴ്ച നടത്തിയത്. മോസ്കോ സിസിഐയെ പരിചയപ്പെടുത്തിയത് സുറേനാണ്. ഏകദേശം 16000 കമ്പനികൾ ഭക്ഷ്യ മേഖലയുമായി ബന്ധപ്പെട്ടു മോസ്കോ റീജനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇവിടെയുള്ള നാല് വിമാനത്താവളങ്ങളിൽ കൂടിയാണ് 40 ശതമാനം വ്യാപാരവും നടത്തുന്നത്. മോസ്കോ നഗരം റഷ്യയുടെ ജിഡിപിയിൽ 25 ശതമാനം സംഭാവന ചെയ്യുന്നുണ്ട്. രാജ്യത്തെ ശാസ്ത്രീയ ഗവേഷണങ്ങളിൽ 33 ശതമാനവും നടക്കുന്നത് മോസ്കോ മേഖലയിലാണ്. കൂടാതെ, ഫുഡ് സിറ്റി എന്ന ഏറ്റവും വലിയ ഭക്ഷ്യ വിപണി പ്രവർത്തിക്കുന്നതും ഈ മേഖലയിലാണെന്നും സുറേൻ പറഞ്ഞു.

ഇന്ത്യയും റഷ്യയും തമ്മിൽ നയതന്ത്ര ബന്ധം ശക്തമാണെങ്കിലും അതിനൊപ്പം വ്യാപാര ബന്ധം കൂടി ശക്തിപ്പെടുത്തണമെന്ന ആവശ്യവും സുറേൻ ആവർത്തിച്ചു. റഷ്യയിൽ സമുദ്രോൽപ്പന്നം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ സർക്കാർ നടപടികളെ കുറിച്ച് പറഞ്ഞു. ഇന്റലിജൻസ്, സർട്ടിഫിക്കേഷൻ, ബയർ പോർട്ട്ഫോളിയോ തയ്യാറാക്കൽ തുടങ്ങിയ രംഗത്തു സഹായിക്കാമെന്ന ഉറപ്പും നൽകി.

ചുരുങ്ങിയ സമയത്തിലുള്ള ഏറ്റവും മികച്ച രീതിയിലുള്ള കൂടിക്കാഴ്ചയ്ക്കും സൗകര്യം ഒരുക്കിയ മോസ്കോ സിസിഐയോട് എംപിഇഡിഎ ചെയർമാൻ നന്ദി പറഞ്ഞു. സമുദ്രോൽപ്പന്ന കയറ്റുമതി വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കാമെന്നും ചെയർമാൻ പറഞ്ഞു. മാർച്ച് 22 ന് നടക്കുന്ന ബയേഴ്സ്-സെല്ലേഴ്സ് സംഗമത്തിലേക്കും മോസ്കോ സിസിഐ പ്രതിനിധികളെ ചെയർമാൻ ക്ഷണിച്ചു. തടസ്സം കൂടാതെ ബിസിനസ് നടത്താനുള്ള എറ്റവും സൂക്ഷ്മ വിവരങ്ങളും പങ്കുവച്ച മോസ്കോ സിസിഐയുടെ ശ്രമത്തെയും ചെയർമാൻ ശ്ലാഘിച്ചു.

മോസ്കോ ഫുഡ് സിറ്റി സന്ദർശിച്ചു

സന്ദർശനത്തിന്റെ രണ്ടാം ദിനം ചെയർമാന്റെ നേതൃത്വത്തിലുള്ള സംഘം പോയത് മോസ്കോ ഫുഡ് സിറ്റിയിലേക്കാണ്.

മോസ്കോ നഗരത്തിന്റെ പ്രാന്തത്തിലാണ് ഫുഡ് സിറ്റി. ഉൽപാദകർക്ക് ഇടനിലക്കാരുടെ സഹായം കൂടാതെ വിപണനം ചെയ്യാനുള്ള സംവിധാനമാണ് ഫുഡ് സിറ്റിയിലുള്ളത്. ഭക്ഷ്യ വിപണനം നഗരത്തിൽ നിന്ന് അകലെ, നഗര പ്രാന്തത്തിലേക്കായതും മറ്റൊരു പ്രത്യേതകയായി. ഫുഡ് സിറ്റി ഉപഭോക്തൃ സമ്പർക്ക വിഭാഗം മാനേജർ ശ്രീമതി

മോസ്കോ ഫുഡ്സിറ്റിയിൽ സീഫുഡ് പ്രദർശിപ്പിക്കുന്നു

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസിന്റെ നേതൃത്വത്തിലുള്ള സംഘം റഷ്യൻ ഫെഡറേഷൻ സിസിഐയുമായി നടത്തിയ കൂടിക്കാഴ്ച

സിൻഡിയാക്കിന ക്സേനിയ ഭക്ഷ്യ സംരംഭങ്ങളെ പരിചയപ്പെടുത്തി. അവരുടെ നേതൃത്വത്തിലാണ് സമുദ്രോൽപ്പന്ന വിഭാഗം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേക്കു ഇന്ത്യൻ സംഘം പോയത്.

ഫുഡ് സിറ്റി ഏകദേശം 124 ഏക്കറിൽ വ്യാപിച്ചു കിടക്കുന്നു. 3,46,527 ചതുരശ്ര മീറ്ററാണ് ഫുഡ് സിറ്റിയിലെ വാണിജ്യ സമുച്ചയങ്ങളുടെ വിസ്തൃതി. 30,880 ചതുരശ്ര മീറ്ററിലാണ് ഓഫിസ്.

മൂന്നു ലക്ഷം ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ആധുനിക സംഭരണശാല, ചരക്ക് നീക്കത്തിനുള്ള 20,000 വാഹനങ്ങൾ പാർക്കു ചെയ്യാൻ പ്രത്യേക സൗകര്യം, 6000 വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേക സൗകര്യം, 656 മുറികളുള്ള ഒരു ഹോട്ടൽ - ഇതൊക്കെയാണ് മോസ്കോ ഫുഡ് സിറ്റിയുടെ പ്രത്യേകതകൾ.

ഫുഡ് സിറ്റിയെ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 18 വിഭാഗമായി തരം തിരിച്ചിട്ടുണ്ട്. മാംസം, ക്ഷീരോൽപ്പന്നം, അർധ സംസ്കൃത ഉൽപ്പന്നങ്ങൾ, പലവ്യഞ്ജനങ്ങൾ, പഴം, പച്ചക്കറികൾ, പുകയില ഉൽപ്പന്നങ്ങൾ, കുട്ടികൾക്കുള്ള ആഹാരം, മത്സ്യം, റെഡിമേഡ് ഇറച്ചിയും മത്സ്യവും, ബേക്കറി ഉൽപ്പന്നങ്ങൾ, കുപ്പിയിൽ നിറച്ച ഉൽപ്പന്നങ്ങൾ, ആൾക്കഹോൾ ഉള്ളതും ഇല്ലാത്തതുമായ പാനീയങ്ങൾ, വളർത്ത് മൃഗങ്ങൾക്കായുള്ള ഭക്ഷണം, വീട്ടാവശ്യത്തിനുള്ള രാസവസ്തുക്കൾ, പൂക്കൾ തുടങ്ങി ഭക്ഷ്യ മേഖലയുമായി ബന്ധപ്പെട്ടതെന്തും ഈ ഫുഡ് സിറ്റിയിൽ ലഭിക്കും.

ഫുഡ് സിറ്റിയിലെ മത്സ്യ വിഭാഗത്തെ രണ്ടായി തിരിച്ചിട്ടുണ്ട്. പ്രധാന ഹാളിൽ പ്രവർത്തിക്കുന്ന ഇൻഡോർ സെക്ഷനും, പുറത്ത് പ്രത്യേകം സ്റ്റാളുകളിലെ വിപണന കേന്ദ്രങ്ങളും. ജീവനില്ലാത്തവയെയാണ് ഇൻഡോർ വിഭാഗത്തിൽ വിപണനത്തിനു വച്ചിട്ടുള്ളത്. എന്നാൽ, ജീവനുള്ളവയാണ് പുറത്തെ സ്റ്റാളുകളിൽ. ശീതികരിച്ച ഉൽപ്പന്നങ്ങൾ വളരെ കുറവാണ്. സംസ്കരിച്ച സമുദ്രോൽപ്പന്നങ്ങൾ തട്ടുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അവയിൽ ഫ്രീസ് ചെയ്തതും വറുത്തതും ശീതീകരിച്ചതും ജീവനുള്ളതും ഉപ്പുപിടിപ്പിച്ചതും കുപ്പിയിലാക്കിയതുമെല്ലാമുണ്ട്.

ഇന്ത്യൻ സംഘത്തിന്റെ സന്ദർശന സമയത്ത് മത്സ്യ വിഭാഗത്തിൽ 145 കച്ചവടക്കാരാണുണ്ടായിരുന്നത്. റഷ്യൻ ഫിഷ് കമ്പനി, സാക്ഹാലിൻ കവിയാർ ഹൗസ്, അക്സൂ-ഹെറിറ്റേജ് ഓഫ് അൻസെസ്റ്റർ, ഒഒ, പ്റ്റിസേപ്രോ+, എംആർപി സോലോമോസ്, സോർക്ക ആൻഡ് മിൽക്ക, എൽഎൽസി വിക്ടോറിയ തുടങ്ങിയവയാണ് മത്സ്യ വിഭാഗത്തിലെ പ്രധാനികൾ.

നിലവാര, ആരോഗ്യ സർട്ടിഫിക്കറ്റുകളോടെയാണ് ഫ്രോസൺ ഉൽപ്പന്നങ്ങൾ വിൽക്കുന്നത്. ഇന്ത്യയിൽ നിന്നുള്ള ഉൽക്ക സീഫുഡ്, കാസിൽറോക്ക് സീഫുഡ്, അബാദ് സീഫുഡ് തുടങ്ങിയവയുടെ ഉൽപ്പന്നങ്ങളും അവിടെ കാണുന്നുണ്ടായിരുന്നു.

ഞണ്ട്, തിലാപ്പിയ എന്നീ ഇനങ്ങളാണ് പുതിയ (Fresh), ശീതീകരിച്ച (chilled) വിഭാഗങ്ങളിലുണ്ടായിരുന്നത്. ഫ്രോസൺ വിഭാഗത്തിൽ കറുത്ത ടൈഗർ കൊഞ്ചിനാണ് ഏറ്റവും കൂടുതൽ ആവശ്യക്കാർ. ഇവയെല്ലാം ബംഗ്ലാദേശിൽ നിന്ന് എത്തിയതാണെന്നും സംഘം മനസ്സിലാക്കി. റഷ്യൻ

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസിന്റെ നേതൃത്വത്തിലുള്ള സംഘം മോസ്കോ സിസിഐയുമായി നടത്തിയ കൂടിക്കാഴ്ച

നീല ഞണ്ടാണ് ജീവനുള്ളവയുടെ വിഭാഗത്തിൽ കണ്ടത്. അതിനാണ് ഏറ്റവും കൂടുതൽ ആവശ്യക്കാരും. പുഴമത്സ്യം കഷ്ണിച്ചും മുഴുവനോടെയും ചെറിയ പായ്ക്കുകളിൽ ലഭിക്കും. കൂടാതെ, ജീവനോടെയും ലഭിക്കും.

ചെമ്മീൻ വിപണനം രണ്ട് വിഭാഗങ്ങളിലായാണ്; നോർത്തേൺ, ട്രോപ്പിക്കൽ എന്നിവ. ഫ്രെഷ് ഫ്രോസൺ വിഭാഗത്തിലും ബോയിൽഡ് ഫ്രോസൺ വിഭാഗത്തിലും ഇവ ലഭിക്കും. ചെറിയ പായ്ക്കുകളാണ് ഫ്രോസൺ കൊഞ്ചുകൾ വിപണനം ചെയ്യുന്നത്. കൂടാതെ, ചില്ലറ വിൽപ്പനയ്ക്കു പുറമേ, കൂടിയ അളവിലും ലഭിക്കും.

സമുദ്രോൽപ്പന്ന കയറ്റുമതിയുമായി ബന്ധപ്പെട്ട ഫുഡ് സിറ്റിയിലെ മൊത്ത വിപണനക്കാരുമായി ഇന്ത്യൻ സംഘത്തിലെ വ്യവസായികൾ സംസാരിച്ചു. വ്യവസായ സാധ്യതകളെ കുറിച്ച് ആരാഞ്ഞു, വിലാസവും മറ്റു വിവരങ്ങളും കൈമാറുകയും ചെയ്തു.

ഓരോ രാജ്യത്തിന്റെതായ ഉൽപ്പന്നങ്ങൾ ലഭിക്കുന്ന വിഭാഗത്തിലേക്കാണ് ഇന്ത്യൻ സംഘം പിന്നീടു പോയത്. വിയറ്റ്നാം, മസിഡോണിയ, ഇസ്രയേൽ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുടെ സ്റ്റാളുകൾ സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനായി പ്രത്യേക സ്റ്റാൾ തുറക്കണമെന്ന് എംപിഇഡിഎ ചെയർമാനോട് സംഘാംഗങ്ങൾ അഭ്യർഥിച്ചു.

ആറു മണിക്കൂറിലേക്ക് ഉൽപ്പന്നം 'ഫ്രെഷ്' ആയി നിൽക്കുന്ന തെർമോ ബാഗുകളാണ് അവിടെ വിൽക്കുന്ന മറ്റൊരു ഉൽപ്പന്നം.

ഇന്ത്യൻ സംഘത്തെ സ്വീകരിക്കുകയും മോസ്കോ ഫുഡ് സിറ്റി കാണുവാനും കാര്യങ്ങൾ വിവരിച്ചു തരുവാനും എത്തിയ ഉദ്യോഗസ്ഥർക്ക് എംപിഇഡിഎ ചെയർമാൻ നന്ദി അറിയിച്ചു. ഇന്ത്യൻ സ്റ്റാൾ തുടങ്ങുന്നതു സംബന്ധിച്ച ചർച്ച തുടരാനുള്ള ആഗ്രഹവും അദ്ദേഹം പങ്കുവച്ചു.

ഫെഡറൽ കസ്റ്റംസ് സർവീസുമായുള്ള കൂടിക്കാഴ്ച

റഷ്യൻ ഫെഡറൽ കസ്റ്റംസ് സർവീസ് വിഭാഗം തലവനായ ശ്രീ സെർജി എ. കോനോവാലേങ്കോയുമായി കൂടിക്കാഴ്ച നടത്താൻ ഇന്ത്യൻ സംഘത്തിന് അവസരം ലഭിച്ചു. കസ്റ്റംസ് സർവീസ് ഉപമേധാവി ശ്രീ എ.ഐ. ര്യാസാനോവും ചർച്ചയിൽ പങ്കെടുത്തു.

ചർച്ച തുടങ്ങുന്നതിനു മുൻപ് കസ്റ്റംസ് തലവൻ എല്ലാവരെയും സ്വാഗതം ചെയ്തു. ഇന്ത്യയുമായി റഷ്യ പുലർത്തുന്ന നല്ല ബന്ധത്തെ കുറിച്ച്, കസ്റ്റംസ് വിഭാഗവുമായുള്ള ബന്ധത്തെ കുറിച്ചും അദ്ദേഹം സംസാരിച്ചു. കൂടുതൽ സഹകരണത്തിനുള്ള സന്നദ്ധതയും അദ്ദേഹം അറിയിച്ചു.

കൂടിക്കാഴ്ചയ്ക്ക് അവസരം നൽകിയ കസ്റ്റംസ് അധികൃതർക്കു നന്ദി അറിയിച്ചുകൊണ്ടാണ് എംപിഇഡിഎ ചെയർമാൻ സംസാരിച്ചു തുടങ്ങിയത്. റഷ്യയുമായുള്ള വ്യാപാര ബന്ധത്തിനിടെ നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് അദ്ദേഹം സംസാരിച്ചു. വ്യാപാര ചട്ടത്തിന്റെ ഇംഗ്ലിഷ് പരിഭാഷ, കയറ്റി അയയ്ക്കുന്ന സമുദ്രോൽപ്പന്നത്തിന്റെ സാംപിളിങ്, നിലവാര പരിശോധന, ഒറ്റത്തവണ പരിശോധനയ്ക്കുള്ള സൗകര്യങ്ങ

എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസിന്റെ നേതൃത്വത്തിലുള്ള സംഘം മോസ്കോ ഫുഡ്സിറ്റിക്ക് മുന്നിൽ

ൾ, ഉൽപ്പന്നം തിരിച്ചയയ്ക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, മെച്ചപ്പെട്ട വ്യാപാര കരാർ തുടങ്ങിയവയെ കുറിച്ചും ചെയർമാൻ ചർച്ചയിൽ ഉന്നയിച്ചു.

ഉന്നയിക്കപ്പെട്ട വിഷയങ്ങളിൽ ചിലത് ഒഴിച്ചുകൂടാനാവില്ലെന്ന് കസ്റ്റംസ് വിഭാഗം തലവൻ പറഞ്ഞു. അതായത് നിലവാര സർട്ടിഫിക്കറ്റ്, പ്രൊഡക്ഷൻ മാർക്കിങ്, എല്ലാ കെട്ടുകളുടെയും സാംപിളിങ് തുടങ്ങിയവ ഒഴിവാക്കാനാവില്ല. റഷ്യൻ കസ്റ്റംസ് വെബ്സൈറ്റിൽ നിന്നോ, സാമ്പത്തിക കമ്മിഷന്റെയൂറേഷ്യഎന്നവെബ്സൈറ്റിൽനിന്നോകൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാമെന്നും പറഞ്ഞു.

ട്രാൻസ്പോർട്ട് കമ്പനികൾ ഫെഡറൽ കസ്റ്റംസ് നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്ന് ഇന്ത്യൻ സംഘത്തിലെ വ്യവസായികൾ അഭിപ്രായപ്പെട്ടു. വികസ്വര രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ഒറ്റത്തവണ നികുതിയെന്നതാണ് യൂറേഷ്യ, സാമ്പത്തിക കമ്മീഷൻ അനുശാസിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്കും സമുദ്രോൽപ്പന്നങ്ങൾക്കും 75 ശതമാനം മുൻഗണനയും നൽകുന്നുണ്ട്. എന്നിരുന്നാൽ തന്നെയും ഉൽപ്പന്നം എവിടെ നിന്നാണെന്നുള്ള രേഖയ്ക്കൊപ്പം പ്രാമാണ്യ രേഖയും (Certificate of Authenticity) നിർബന്ധമാണ്.

ഹരിത ഇടനാഴി പദ്ധതിയുടെ ചർച്ചകൾ പുരോഗമിക്കുകയാണെന്ന് കസ്റ്റംസ് തലവൻ അറിയിച്ചു. സമുദ്രോൽപ്പന്ന വിപണന മേഖലയിൽ പുതിയൊരു കാൽവയ്പ്പാണെന്ന് എംപിഇഡിഎ ചെയർമാൻ കൂടികാഴ്ചയെ വിശേഷിപ്പിച്ചു. കൂടാതെ, കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കിതന്ന റഷ്യൻ ഉദ്യോഗസ്ഥരോടു നന്ദിയും അറിയിച്ചു.

റഷ്യയിലെ ഇന്ത്യൻ അംബാസഡർ ശ്രീ പങ്കജ് ശരണുമായുള്ള കൂടിക്കാഴ്ച

തൊട്ടടുത്ത ദിവസം റഷ്യയിലെ ഇന്ത്യൻ അംബാസഡർ ശ്രീ പങ്കജ് ശരണുമായുള്ള കൂടിക്കാഴ്ച നടന്നു. മോസ്കോയിലെ ഇന്ത്യൻ എംബസി വാണിജ്യ വിഭാഗം സെക്കന്റ് സെക്രട്ടറി ശ്രീ ജോർജ് തോമസും ചർച്ചയിൽ പങ്കാളിയായി. എംപിഇഡിഎ ചെയർമാൻ ഡോ. ജയതിലക് ഇന്ത്യൻ കയറ്റുമതിക്കാർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ കുറിച്ച് സംസാരിച്ചു. സൂക്ഷ്മപരിശോധന, തിരിച്ചയയ്ക്കൽ, എഫ്എസ്വിപിഎസ് പിന്തുടരുന്ന നിലവാര പരിശോധന തുടങ്ങിയ വിഷയങ്ങളാണ് സംസാരിച്ചത്. കസ്റ്റംസ് ഉദ്യോഗസ്ഥരുമായും റഷ്യൻ ഫെഡറേഷൻ സിസിഐയുമായും നടത്തിയ കൂടിക്കാഴ്ചയും വിശദാംശങ്ങളും അംബാസഡറെ ധരിപ്പിച്ചു.

എഫ്എസ്വിപിഎസ് രാജ്യാന്തര വിഭാഗം ഉപാധ്യക്ഷനെ എംപിഇഡിഎ ചെയർമാൻ ആദരിക്കുന്നു

ഇന്ത്യൻ സ്റ്റാൾ മോസ്കോ ഫുഡ് സിറ്റിയിൽ സ്റ്റാൾ തുറക്കുന്നതിന്റെ സാധ്യതയെ കുറിച്ചും സംസാരിച്ചു. ഇന്ത്യൻ കയറ്റുമതിക്കാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ചു ബോധവാനാണെന്നും സാധ്യമായ എല്ലാ ഇടപെടലുകൾ നടത്താമെന്ന ഉറപ്പും അംബാസഡർ നൽകി. റഷ്യ നടത്തുന്ന രണ്ട് രാജ്യാന്തര ഭക്ഷ്യ പ്രദർശന-വിപണന മേളയിൽ പങ്കെടുക്കാൻ അദ്ദേഹം ഉപദേശിച്ചു. മോസ്കോ വേൾഡ് ഫുഡ്, സെന്റ് പീറ്റേഴ്സ്ബർഗിലെ ഇക്കണോമിക് ഫോറം എന്നിവ. ഈസ്റ്റേൺ ഇക്കണോമിക് ഫോറത്തിൽ ഇന്ത്യൻ സിഇഒകൾ പങ്കെടുക്കുന്നതിനെ കുറിച്ചും അദ്ദേഹം പറഞ്ഞു.

റഷ്യൻ വെറ്ററിനറി-ഫൈറ്റോസാനിട്ടറി സർവേലൻസ് സർവീസുമായുള്ള (എഫ്എസ്വിപിഎസ്) കൂടിക്കാഴ്ച

ഉച്ചയ്ക്കു ശേഷം ഇന്ത്യൻ പ്രതിനിധി സംഘം എത്തിച്ചേർന്നത് വെറ്റിനറി-ഫൈറ്റോസാനിട്ടറി സർവേലൻസ് സർവീസ് കേന്ദ്രത്തിലാണ്. എഫ്എസ്വിപിഎസ് രാജ്യാന്തര വിഭാഗം മേധാവി ശ്രീ വാസിലില ലാവ്റോവ്സ്കിയുടെ നേതൃത്വത്തിലുള്ള സംഘവുമായിട്ടായിരുന്നു ചർച്ച.

ഇത്തരത്തിൽ ഒരു ചർച്ചയ്ക്കും വേദിയൊരുക്കാൻ എഫ്എസ്വിപിഎസ് ഉദ്യോഗസ്ഥർ നടത്തിയ ശ്രമത്തിന് ഡോ. ജയതിലക് നന്ദി അറിയിച്ചു. എംപിഇഡിഎയുടെ പ്രവർത്തന രീതികൾ അവിടെയുള്ള ഉദ്യോഗസ്ഥർക്കു വിശദീകരിച്ചു. റഷ്യ അംഗീകരിച്ച സമുദ്രോൽപ്പന്ന കയറ്റുമതി സംവിധാനങ്ങൾ കാണാൻ ഇന്ത്യയിലേക്ക് എഫ്എസ്വിപിഎസ് ഉദ്യോഗസ്ഥരെ ക്ഷണിച്ചു. റഷ്യൻ ഫെഡറേഷനിൽ ഇന്ത്യൻ

മോസ്കോ ഫുഡ്സിറ്റിയിൽ എത്തിയ ഇന്ത്യൻ കയറ്റുമതി സംഘം വിവരങ്ങൾ മനസ്സിലാക്കുന്നു



എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക് ഫുഡ് സിറ്റിയിലെ ലൈവ് സീഫുഡ് വിഭാഗത്തിൽ

സമുദ്രോൽപ്പന്നങ്ങൾക്കുള്ള സാധ്യതകളെ കുറിച്ച് ശ്രീ ലാവ്റോവ്സ്കി സംസാരിച്ചു. സമുദ്രോൽപ്പന്ന മേഖലയിലെ വ്യാപാര ബന്ധം മെച്ചപ്പെടുത്താൻ റഷ്യയിൽ നിന്ന് ഇന്ത്യയിലേക്ക് ഒരു സംഘത്തെ നയിക്കാൻ താൽപര്യമുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

ഇന്ത്യയിൽ നിന്ന് റഷ്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ നിലവാര പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ, ചട്ടങ്ങൾ ലംഘിച്ചു നടത്തുന്ന ചരക്ക് നീക്കത്തെ തങ്ങൾ എങ്ങനെ നേരിടുന്നതായി വിശദീകരിച്ചു. ഏതെങ്കിലും ഒരു കെട്ട് ചട്ടം ലംഘിച്ചാണെത്തിയതെന്നു കണ്ടെത്തിയാൽ, ആ എക്സ്പോർട്ടറുടെ എല്ലാ ഉൽപ്പന്നങ്ങളും അടുത്ത മൂന്നു മാസത്തേക്ക് കർശന നിലവാര പരിശോധനയ്ക്ക് വിധേയപ്പെടുത്തും. പിന്നീടുള്ള ഓരോ ഇറക്കുമതിയും കയറ്റുമതിക്കാരൻ പ്രതിനിധാനം ചെയ്യുന്ന രാജ്യത്തിന്റെ, ഉൽപ്പന്നങ്ങൾ തടഞ്ഞു വയ്ക്കരുതെന്ന ഉറപ്പു വേണം. കൂടാതെ, പരിശോധന റിപ്പോർട്ടുകളും കൈമാറണം. ചട്ടങ്ങൾ ലംഘന നടത്തുന്ന കയറ്റുമതിക്കാരെ കർശനമായി തന്നെ എഫ്എസ്വിപിഎസ് നേരിടുമെന്നും അവർ പറഞ്ഞു.

വിവരങ്ങൾ കൈമാറിയതിന് ഡോ. ജയതിലക് നന്ദി അറിയിച്ചു. കൂടാതെ, ഏകീകൃത പരിശോധന സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആവശ്യകതയിലേക്കും അദ്ദേഹം വിരൽചൂണ്ടി. റഷ്യയിലെ പരിശോധന സംവിധാനങ്ങൾ പരിചയപ്പെടാൻ ഇന്ത്യൻ സംഘത്തിന് അവസരം നൽകണമെന്ന് ആവശ്യപ്പെട്ടു. കൂടാതെ, എഫ്എസ്വിപിഎസ് അധികൃതരെ ഇന്ത്യയിലെ നിലവാര പരിശോധന സംവിധാനങ്ങൾ പരിചയപ്പെടാനും ക്ഷണിച്ചു. ഇന്ത്യൻ എംബസി സെക്കന്റ് സെക്രട്ടറി ശ്രീ ജോർജ് തോമസ് ഇന്ത്യയിലെ എഫ്എസ്വിപിഎസ് അംഗീകൃത പരിശോധന സംവിധാനങ്ങളെ കുറിച്ചും കൂടുതൽ അനുമതികൾക്കായുള്ള അഭ്യർഥനയും നടത്തി.

ഇന്ത്യയും റഷ്യയുമായുള്ള നല്ല ബന്ധത്തെ കുറിച്ച് ശ്രീ ലാവ്റോവ്സ്കി പറഞ്ഞു. കൂടാതെ, ഇന്ത്യൻ എംബസി ഉദ്യോഗസ്ഥസംഘത്തെ എഫ്എസ്വിപിഎസ് കേന്ദ്രത്തിലേക്കു ക്ഷണിക്കുകയും ചെയ്തു. സമുദ്രോൽപ്പന്ന മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തണമെന്നാണ് ആഗ്രഹം. ചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന ഉറപ്പും ശ്രീ ലാവ്റോവ്സ്കി നൽകി. എംപിഇഡിഎ ചെയർമാൻ നന്ദി അറിയിച്ചാണ് ആ കൂടിക്കാഴ്ച അവസാനിച്ചത്.

സൽവയൻസ്കായ റാഡിസൺ ഹോട്ടലിലെ ബയർ-സെല്ലർ സംഗമം

ഡോ. ജയതിലകിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ കയറ്റുമതിക്കാർ ഉൾപ്പെടെയുള്ള സംഘം അന്നു വൈകിട്ട് എത്തിയത് എംപിഇഡിഎ ഒരുക്കിയ ബയർ-സെല്ലർ സംഗമത്തിലേക്കാണ്. മോസ്കോ സിസിഐയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സംഗമത്തിൽ 11 ഇറക്കുമതിക്കാർ പങ്കെടുത്തു.

റഷ്യയിലെ ഇന്ത്യൻ സമുദ്രോൽപ്പന്ന വ്യാപാരത്തെ കുറിച്ച് എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ അർച്ചിമൻ ലാഹിരി നൽകിയ ചെറിയൊരു വിശദീകരണവുമായാണ് സംഗമം തുടങ്ങിയത്. റഷ്യയിലേക്കുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയു

ബയർ-സെല്ലർ സംഗമത്തിന്റെ ദൃശ്യം

മായി ബന്ധപ്പെട്ട കണക്കുകളും മറ്റു വിവരങ്ങളും അദ്ദേഹം നിരത്തി. ബയർ-സെല്ലർ സംഗമത്തിന് എത്തിയ ഇന്ത്യൻ സംഘത്തെ പരിചയപ്പെടുത്തി. സംഗമത്തിന് എത്തിയ റഷ്യൻ ഇറക്കുമതിക്കാരോടുള്ള കൃതജ്ഞതയും അദ്ദേഹം അറിയിച്ചു.

എംപിഇഡിഎ ചെയർമാൻ റഷ്യൻ ഇറക്കുമതിക്കാരെ സംഗമത്തിലേക്ക് സ്വാഗതം ചെയ്തു. ഇരു രാജ്യങ്ങളിലെ വ്യവസായികൾക്കു പ്രയോജനപ്പെടുന്ന തരത്തിൽ ബന്ധം മെച്ചപ്പെടുത്തുന്നതിനെ കുറിച്ചും വ്യാപാരികളെ ഓർമ്മിപ്പിച്ചു.

തുടർന്ന് കയറ്റുമതിക്കാരും ഇറക്കുമതിക്കാരുമായുള്ള പ്രത്യേക കൂടിക്കാഴ്ചയ്ക്കു സൗകര്യമൊരുക്കിയിരുന്നു. ഇത്തരത്തിലൊരു സംഗമം ഏറെ പ്രയോജനം ചെയ്തെന്നു പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു.

യൂറൻഹോൽട്ട് എൽഎൽസി, അൾട്ര ഫിഷ് ഗ്രൂപ്പ്, സ്കൈ ഫിഷ് എൽഎൽസി, റെസ്ഫുഡ് ട്രേഡിങ് കമ്പനി, റസ്ഫിഷ്, എൽഎൽഎസി ലാ മാരീ, ബെൽഗോർഡ് റീജൺ പ്രതിനിധികളായ മഗ്നം എൽഎൽസി, ഈസ്റ്റേൺ സീഫുഡ് എൽഎൽസി, ഡെൽഫുഡ് ലിമിറ്റഡ് എന്നീ കമ്പനികളാണ് റഷ്യൻ ഇറക്കുമതിക്കാരെ പ്രതിനിധീകരിച്ച് സംഗമത്തിന് എത്തിയത്.

ഇന്ത്യൻ എംബസിയിലെ ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ച

ഇന്ത്യൻ എംബസി ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ (ഡിസിഎം) ശ്രീ ബാലസുബ്രഹ്മണ്യൻ, കോൺസുലറും സാമ്പത്തിക-വാണിജ്യവിഭാഗംതലവനുമായ ശ്രീ ഇമ്പസേഖർ എസ്., വാണിജ്യ വിഭാഗം സെക്കന്റ് സെക്രട്ടറി ശ്രീ ജോർജ് തോമസ് എന്നിവരുമായി ഡോ. ജയതിലക് ചർച്ച നടത്തിയത് അവസാന ദിനമാണ്.

വിവിധ വിഭാഗങ്ങളുമായി നടത്തിയ ചർച്ചകളുടെ വിശദാംശങ്ങളും സാധ്യതകളും ഡിസിഎം, കോൺസുലർ എന്നിവരെ ധരിപ്പിച്ചു. സമുദ്രോൽപ്പന്ന വ്യാപാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ റഷ്യയിലെ ഇന്ത്യൻ എംബസിയുടെ ഭാഗത്തു നിന്നുള്ള കൂടുതൽ സഹായവും അഭ്യർഥിച്ചു.

വ്യാഴാഴ്ച, റഷ്യയിൽ മത്സ്യദിനമായിരുന്നു. ഇന്ത്യൻ മത്സ്യങ്ങൾക്കു കൂടുതൽ ജനപ്രിയമാക്കാനുള്ള ആശയങ്ങൾ നൽകി. ജപ്പാൻ മാതൃകയിയിലുള്ള നിലവാരം നിലനിർത്തിയാൽ ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങളിലേക്കും റഷ്യക്കാരെ ആകർഷിക്കാൻ കഴിയുമെന്ന് ഡിസിഎം ഉപദേശിച്ചു. റഷ്യൻ സന്ദർശനത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയ ഇന്ത്യൻ എംബസിയിലെ എല്ലാ ഉദ്യോഗസ്ഥരോടും ഡോ. ജയതിലക് നന്ദി അറിയിച്ചു.

എംബസി സെക്കന്റ് സെക്രട്ടറി (വാണിജ്യം) ശ്രീ ജോർജ് തോമസിനു പ്രത്യേക കൃതജ്ഞത രേഖപ്പെടുത്തി. ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ സമയക്രമം നിശ്ചയിച്ചതും കൂടിക്കാഴ്ചയ്ക്കുള്ള സൗകര്യമൊരുക്കിയതും ശ്രീ ജോർജ് തോമസിന്റെ നേതൃത്വത്തിലാണെന്നും എംപിഇഡിഎ ചെയർമാൻ അനുസ്മരിച്ചു.

കൊൽക്കത്ത
ഭക്ഷ്യ സംസ്കരണ സംഗമം 2018 ൽ എംപിഇഡിഎ

ഭക്ഷ്യ സുരക്ഷ-സ്ഥിരത എന്ന വിഷയത്തിൽ നടത്തിയ സെമിനാറിന്റെ മോഡറേറ്ററും മറ്റു പ്രഭാഷകരും

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) ഈസ്റ്റേൺ റീജൺ കൊൽക്കത്ത ഐടിസി സോനറിൽ സംഘടിപ്പിച്ച ഏകദിന ഭക്ഷ്യസംസ്കരണ സംഗമത്തിൽ എംപിഇഡിഎയും ക്ഷണിച്ചിരുന്നു. ഭക്ഷ്യ സംസ്കരണത്തിലെ സുരക്ഷ, സ്ഥിരത എന്നിവ സംബന്ധിച്ച് പ്രബന്ധം അവതരിപ്പിക്കാനായിരുന്നു ക്ഷണം.

പശ്ചിമ ബംഗാൾ ഭക്ഷ്യ സംസ്കരണ, ഹോർട്ടികൾചർ മന്ത്രി ശ്രീ അബ്ദുൽ റസാഖ് മൊല്ല ഫുഡ് പ്രോസസിങ് കോൺക്ലേവ് 2018 ഉദ്ഘാടനം ചെയ്തു. എഫ്എസ്എസ്എഐ ചെയർമാൻ ശ്രീ ആശിഷ് ബഹുഗുണ വിശിഷ്ടാതിഥിയായി. സിഐഐ കിഴക്കൻ റീജൺ ചെയർമാൻ ശ്രീ ബി. സുമന്ത്, മുഖ്യമന്ത്രിയുടെ കാർഷിക മേഖലാ ഉപദേഷ്ടാവ് പ്രദീപ് കുമാർ മജൂംദാർ, അൻമോൾ ഫീഡ്സ് എംഡിയും സിഐഐ സഹചെയർമാനുമായ ശ്രീ അമിത് സാരംഗി എന്നിവർ പ്രസംഗിച്ചു.

പശ്ചിമ ബംഗാളിലെ കാർഷിക മേഖലയുടെ വളർച്ചയെ കുറിച്ചായിരുന്നു ശ്രീ മൂജൂംദാർ പ്രസംഗിച്ചത്. അരി, പച്ചക്കറി, പഴം എന്നിവയുടെ ഏറ്റവും വലിയ ഉൽപാദകരാണ് പശ്ചിമ ബംഗാൾ. കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെ കുറിച്ചും അദ്ദേഹം പറഞ്ഞു.

പശ്ചിമ ബംഗാളിൽ തുടങ്ങിയ പരിശോധന സംവിധാനത്തെ കുറിച്ചും ചൂട് വെള്ള സംഭരണികൾ, കർഷകർക്കു നൽകുന്ന ആധുനിക ജലധാര എന്നിവയെ കുറിച്ചും മന്ത്രി അബ്ദുൽ റസാഖ് മൊല്ല സംസാരിച്ചു. യൂറോപ്യൻ വിപണിയിലേക്കു സാധ്യത ഏറെയുള്ള ലിച്ചി പഴത്തെക്കുറിച്ചും അനുഭവങ്ങൾ പങ്കുവച്ചു.

ജൈവ കൃഷിയുമായി ബന്ധപ്പെട്ട് കൃഷി മന്ത്രാലയത്തിനും അപേഡയ്ക്കും വെവ്വേറെ മാർഗരേഖകളാണുള്ളത്. ഓർഗാനിക് ഫുഡ് പ്രൊഡക്ഷന് ആവശ്യമായ സമഗ്ര നയ

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) ഈസ്റ്റേൺ റീജൻ കൊൽക്കത്ത ഐടിസി സോനറിൽ സംഘടിപ്പിച്ച ഏകദിന ഭക്ഷ്യസംസ്കരണ സംഗമത്തിൽ എംപിഇഡിഎയും പങ്കാളികളായി. പശ്ചിമ ബംഗാളിലെ കാർഷിക മേഖലയുടെ വളർച്ചയെ കുറിച്ചും പരിശോധന സംവിധാനത്തെ കുറിച്ചും ചൂട് വെള്ള സംഭരണികൾ, കർഷകർക്കു നൽകുന്ന ആധുനിക ജലധാര എന്നിവയെ കുറിച്ചും പ്രമുഖരും മന്ത്രിമാരും സംസാരിച്ചു.

ഭക്ഷ്യ സുരക്ഷ-സ്ഥിരത എന്ന വിഷയത്തിൽ നടത്തിയ സെമിനാറിൽ ശ്രീ എസ്.എസ്. ഷാജി പ്രസംഗിക്കുന്നു

രൂപീകരണത്തിന്റെ ആവശ്യകതയെ കുറിച്ചാണ് എഫ്എസ്എസ്എഐ ചെയർമാൻ ശ്രീ ആശിഷ് ബഹുഗുണ പ്രസംഗിച്ചത്. സമഗ്ര നയരേഖയുടെ കരട് പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അഭിപ്രായങ്ങൾ അറിയിക്കണമെന്നും സദസ്സിനോട് അഭ്യർഥിച്ചു.

ഉദ്ഘാടനത്തിനു ശേഷം വിവിധ സാങ്കേതിക വശങ്ങൾ പങ്കുവയ്ക്കുന്ന സെമിനാറുകളായിരുന്നു. 'കിഴക്ക് നിന്ന് ശേഖരിക്കുക: പിന്നോക്ക മേഖലയ്ക്കു സൗകര്യമൊരുക്കുക' എന്ന വിഷയത്തിലായിരുന്നു ആദ്യ സെമിനാർ. സിഐഐ കിഴക്കൻ മേഖല ചെയർമാൻ ശ്രീ സുമന്ത് മോഡറേറ്ററായിരുന്നു.

ഗ്രോഫേഴ്സ് ഗ്രൂപ്പ് സഹസ്ഥാപകൻ ശ്രീ അൽബിന്ദർ ധിൻസ, ആദിത്യ ബിർല റീട്ടെയിൽ സുഗന്ധവ്യഞ്ജന-ഡ്രൈ ഫ്രൂട്സ്-ഓർഗാനിക്സ് വിഭാഗം തലവൻ ശ്രീ ഹരിഷ് ശർമ, ഐടിസി ലിമിറ്റഡ് ഭക്ഷ്യ വിഭാഗം തലവൻ സോമനാഥ് ചാറ്റർജി, ബിഗ് ബക്കറ്റ് റീജനൽ ബിസിനസ് ഹെഡ് ശ്രീ ആശിഷ് ടിബർവാൾ, ആദാനി വിൽമർ ലിമിറ്റഡ് വീറ്റ് പ്രോഡക്ട്സ് വിഭാഗം തലവൻ ശ്രീ പങ്കജ് മൂണ എന്നിവർ പ്രസംഗിച്ചു. ഭക്ഷ്യ സുരക്ഷ-സ്ഥിരത എന്നിവ വിഷയത്തിലായിരുന്നു രണ്ടാമത്തെ സെമിനാർ. അപേഡ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ ആർ.കെ. മണ്ഡൽ, ബ്ലൂസ്റ്റാർ ഇന്ത്യ സീനിയർ ജനറൽ മാനേജർ ശ്രീ ശ്രീനിവാസ് റെഡ്ഡി, ഇഐഎ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ പീർ മുഹമ്മദ്, കൊൽക്കത്ത റീജിനൽ ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എസ്.എസ്. ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

സിഐഐ ഭക്ഷ്യ സുരക്ഷ-നിലവാര വിഭാഗം സ്ട്രാറ്റജിക് അഡൈ്വസർ ഡോ. ഇന്ദ്രാണി ഘോഷ് സെമിനാർ നിയന്ത്രിച്ചു. സമുദ്രോൽപ്പന്ന മേഖലയിലെ സുരക്ഷയെയും കുറിച്ചും സ്ഥിരതയെ കുറിച്ചും ഈ വിഷയത്തിൽ എംപിഇഡിഎ സ്വീകരിക്കുന്ന നടപടികളെ കുറിച്ചും ചർച്ച ചെയ്തു. സംസ്ഥാന സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട വിവിധ നടപടികളെ കുറിച്ചും ചർച്ച ചെയ്തു. വ്യവസായികൾ തമ്മിലും വ്യവസായികളും കർഷകർ തമ്മിലുമുള്ള കൂടിക്കാഴ്ചയോടെയാണ് കോൺക്ലേവ് സമാപിച്ചത്.

ഫോക്കസ് ഏരിയ

സമുദ്ര മത്സ്യ വരവിന്റെ പ്രത്യേകതകൾ

ഇന്ത്യയിലെ തിരഞ്ഞെടുത്ത മത്സ്യബന്ധന തുറമുഖത്തിലെ കണക്ക്

2018 മാർച്ചിലേത്

അതനു റേ, അഫ്സർ വി.വി., നീതു എൻ.ജെ., ജോയിസ് വി. തോമസ്

നെറ്റ്ഫിഷ് – എംപിഇഡിഎ

ആമുഖം

രാജ്യത്തിന്റെ കിഴക്ക് മുതൽ പടിഞ്ഞാറു വരെയുള്ള തീരമേഖലയിലെ തിരഞ്ഞെടുത്ത മത്സ്യബന്ധന തുറമുഖങ്ങളിലെ ബോട്ടുകളുടെ വരവും ലഭിച്ച മത്സ്യത്തിന്റെ അളവും എംപിഇഡിഎ ക്യാച്ച് സർട്ടിഫിക്കഷൻ സംവിധാനം അനുസരിച്ച് നെറ്റ്ഫിഷ് രേഖപ്പെടുത്താറുണ്ട്. തിരഞ്ഞെടുത്ത 47 ഹാർബറുകളിലെ കണക്കുകളാണ് നെറ്റ്ഫിഷ് രേഖപ്പെടുത്തുന്നത്. ഒൻപത് തീരപ്രദേശ സംസ്ഥാനങ്ങളിലായാണ് ഈ ഹാർബറുകൾ (പട്ടിക 1). ഇനം, സംസ്ഥാനം, മേഖല, ഹാർബർ എന്നീ വിഭാഗങ്ങളിലായി തരംതിരിച്ചുള്ള വിവിരങ്ങൾ സമാഹരിക്കാറുണ്ട്. 2018 മാർച്ചിലെ ഇന്ത്യൻ തീരത്തെ മത്സ്യ വരവാണ് ഈ റിപ്പോർട്ടിലുള്ളത്.

പട്ടിക - 1

വിവരശേഖരണത്തിനായി തെരഞ്ഞെടുത്ത തുറമുഖങ്ങളും ലാൻഡിംഗ് കേന്ദ്രങ്ങളും

നമ്പർ	സംസ്ഥാനം	മത്സ്യ ബന്ധന തുറമുഖം
1	കേരളം	ബേപ്പൂർ
2		പുതിയാപ്പ
3		തോപ്പുംപടി
4		മുനമ്പം
5		ശക്തികുളങ്ങര
6		തോട്ടപ്പള്ളി
7		കായംകുളം
8		വിഴിഞ്ഞം
9	കർണ്ണാടക	മംഗളൂരു
10		മാൽപേ
11		ഗംഗോളി
12		താദ്രി
13		കാർവാർ
14		ഹോനവാർ
15	മഹാരാഷ്ട്ര	ഹാർനെ
16		ന്യൂ ഫെറി വാർഫ്
17		രത്നഗിരി (മിർക്കർവാഡാ)
18	ഗുജറാത്ത്	സാസൂൺ ഡോക്ക്
19		വെരാവൽ
20		പോർബന്തർ
21		മാൻഗ്രോൾ
22	പശ്ചിമബംഗാൾ	ദിഗ്ഹ (സങ്കർപുർ)
23		ദേശപ്രാൺ
24		നംഖാന
25		സുൽതാൻപുർ
26		കൽക്ദ്വീപ്
27		റെയ്ഡിഗി
28	ഒഡീഷ	പാരാദീപ്
29		ബാലാരാംഗഡി
30		ബഹബാലാപുർ
31		ധമാരാ
32	ആന്ധ്രാപ്രദേശ്	കാക്കിനട
33		മച്ച്ലിപട്ടണം
34		നിസാമപട്ടണം
35		വിശാഖപട്ടണം
36	തമിഴ്നാട്	ചെന്നൈ
37		പഴൈയിയാർ
38		നാഗപട്ടണം
39		തൂത്തുക്കുടി
40		കടലൂർ
41		മണ്ഡപം
42		കുളച്ചൽ
43		പുതുച്ചേരി
44		കാരൈക്കൽ
45		ചിന്നമുട്ടം
45	ഗോവ	കട്ട്ബോണ
46		മാലിം

ഫോക്കസ് ഏരിയ

മത്സ്യവരവിനെ അടിസ്ഥാനമാക്കിയുള്ള കണക്കെടുപ്പ്

ഇന്ത്യയിലെ തിരഞ്ഞെടുത്ത 47 തുറമുഖങ്ങളിൽ 2018 മാർച്ചിൽ എത്തിയത് 62203.72 ടൺ മത്സ്യമാണ്. പെലാജിക് മത്സ്യമാണ് കൂടുതലായി ലഭിച്ചത് - 24254.18 ടൺ (39%). ഡെമേഴ്സൽ മത്സ്യം 20134.22 ടണ്ണും (32%) കവച വർഗ വിഭാഗത്തിൽ 17815.32 ടണ്ണും (17%) ലഭിച്ചു. (ചിത്രം 1)

മാർച്ചിൽ ലഭിച്ച ആകെ മത്സ്യ സമ്പത്തിൽ 114 ഇനം മത്സ്യങ്ങളാണുണ്ടായിരുന്നത്. കൂന്തൽ, കിളിമീൻ, അയല, പാമ്പാട, കണവ എന്നീ 5 മത്സ്യങ്ങളാണു കൂടുതലായി ലഭിച്ചത്. (ചിത്രം 2) ഈ അഞ്ച് മത്സ്യങ്ങൾ ആകെ വരവിന്റെ 38 ശതമാനം വരും. ചൂര, കോര, പല്ലിമീൻ, നെയ്യ് ചാള തുടങ്ങിയ മത്സ്യങ്ങളുടെ വരവും കുറവല്ല. ഇവ ഓരോന്നും 2000 ടണ്ണിലധികം ലഭിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. ഏറ്റവും കുറവു ലഭിച്ചത് ഇന്ത്യൻ ത്രെഡ് ഫിഷാണ് (0.10 ടൺ).

2018 മാർച്ചിൽ ലഭിച്ച, ഇനം തിരിച്ചുള്ള മത്സ്യ വിവരങ്ങൾ 2-ാം പട്ടികയിൽ നൽകിയിട്ടുണ്ട്. ഡെമേഴ്സൽ മത്സ്യങ്ങളുടെ കണക്കിൽ അയല, വാള, ചൂര എന്നിവയാണ് മുന്നിൽ നിൽക്കുന്നത്. ഉപരിതല മത്സ്യങ്ങളുടെ കണക്കിൽ കിളിമീൻ, കോര, പല്ലിമീൻ എന്നിവയാണ് കൂടുതലായി ലഭിച്ചത്. മൊളുസ്ക് വിഭാഗത്തിൽ കൂന്തൽ, കണവ, നീരാളി എന്നിവയാണ് അധികം.

കവച വർഗ വിഭാഗത്തിലെ വരവിന്റെ 58 ശതമാനം മൊളുസ്കിലെ മേൽപറഞ്ഞവയാണ്. അവശേഷിക്കുന്നവയിൽ കട്ടിയുള്ള തോടുള്ളവയുമാണ് (കക്കാ വർഗം). ക്രസ്റ്റേഷ്യൻസ് വിഭാഗത്തിൽ പിനെയ്ഡ് ചെമ്മീനാണ് ഏറ്റവും കൂടുതൽ ലഭിച്ചത്. ചെമ്മീൻ വിഭാഗത്തിൽ കരിക്കാടി ചെമ്മീൻ ഏറ്റവും കൂടുതലായി ലഭിച്ചു (1431.35 ടൺ.).



ചിത്രം -1 : 2018 മാർച്ചിലെ ഇനം തിരിച്ചുള്ള മത്സ്യവരവ്



ചിത്രം - 2 : 2018 മാർച്ചിൽ ലഭിച്ച മത്സ്യങ്ങളിലെ പ്രധാന ഇനങ്ങൾ

പട്ടിക - 2
2018 മാർച്ചിലെ ഇനം തിരിച്ചുള്ള മത്സ്യ വരവ്

മത്സ്യഇനം	അളവ് (ടൺ)	ആകെ വരവ് (ശതമാനം)
ചിറകുള്ള കടൽമത്സ്യങ്ങൾ		
അയല	5049.11	8.12
വാള	4061.06	6.53
ചൂര	3549.89	5.71
നെയ്യ് ചാള	2254.56	3.62
കൊഴുവ	2067.72	3.32
തിരിയാൻ	1359.45	2.19
നെയ്മീൻ	1323.97	2.13
ശീലാവ്	1235.82	1.99
വങ്കട	723.03	1.16
ഡോൾഫിൻ മത്സ്യം (ചെയിൻ കവർ)	579.88	0.93
ചാള	398.05	0.64
ബോംബെ ഡക്ക്	325.33	0.52
ലെതർ ജാക്കറ്റ്	255.55	0.41
വറ്റ	229.38	0.37
ഉരുളൻ ചൂര	158.70	0.26
ഓലക്കൊടി	116.27	0.19

മാർലിൻസ്	84.56	0.14
മത്തി	80.19	0.13
കണമ്പ്	78.59	0.13
നീഡിൽ ഫിഷ്	64.12	0.10
ക്വീൻ ഫിഷ്	53.97	0.09
ഹിൽസ	48.00	0.08
കോബിയ	41.27	0.07
കാളാഞ്ചി	38.18	0.06
ഇന്ത്യൻ സാൽമൻ	29.33	0.05
ഫ്ളാറ്റ് നീഡിൽ ഫിഷ്	26.89	0.04
ഇന്ത്യൻ ഇലിഷ	13.88	0.02
സിൽവർ സിലാഗോ	7.40	0.01
ഇന്ത്യൻ ത്രെഡ് ഫിഷ്	0.10	0.00
ആകെ	**24254.18**	**38.99**
ഡെമേഴ്സൽ ഫിൻഫിഷ്		
കിളിമീൻ	5644.60	9.07
കോര	2753.86	4.43
പല്ലിമീൻ	2479.15	3.99
കുട്ടൻ	2151.36	3.46
മാന്തൾ	1821.95	2.93
കൂരി	1452.54	2.34
ചെമ്പല്ലി	1112.80	1.79
പാമുള്ളൻ	1003.01	1.61
കലവ	570.08	0.92
ആവോലി	447.24	0.72
മുള്ളൻ	233.87	0.38
ഗോട്ട് ഫിഷ്	145.17	0.23
ഈൽ	139.70	0.22
തിരണ്ടി	115.30	0.19
എംപറർ ബ്രീം	16.31	0.03

ഘോലാൾ	11.85	0.02
ആയിരം പല്ലി	11.42	0.02
പാരറ്റ് ഫിഷ്	5.10	0.01
സിൽവർ ബിഡ്ഡി	3.70	0.01
പെർച്ച്	3.08	0.00
സ്രാവ്	2.70	0.00
പെർച്ച്ലെറ്റ്	2.27	0.00
ഫയൽഫിഷ്	1.50	0.00
യെല്ലോ ഫിൻ സീ ബ്രീം	1.45	0.00
സ്പൈൻ ഫുട്ട്	1.40	0.00
ബാറ്റ്ഫിഷ്	1.27	0.00
പിഗ്മി ഡെവിൾ റേ	1.20	0.00
സിക്കൾ ഫിഷ്	0.36	0.00
ആകെ ആഴക്കടൽ മത്സ്യ വരവ്	**20134.22**	**32.37**
കക്ക വർഗത്തിൽപ്പെട്ട കവചജീവികൾ		
ക്രസ്റ്റേഷ്യൻസ് (കവച വർഗം)		
പിനെയ്ഡ് ചെമ്മീൻ	6678.36	10.74
നോൺ പിനെയ്ഡ് ചെമ്മീൻ	113.20	0.18
കടൽ ഞണ്ട്	722.40	1.16
ഞണ്ട്	14.32	0.02
കൊഞ്ച്	9.77	0.02
ആകെ ക്രസ്റ്റേഷ്യൻസ്	**7538.04**	**12.12**
മൊളുസ്ക്		
കൂന്തൽ	5922.28	9.52
കണവ	3145.99	5.06
നീരാളി	1202.11	1.93
കക്ക	6.90	0.01
ആകെ മൊളുസ്ക്	**10277.28**	**16.52**
ആകെകവചജീവികളുടെവരവ്	**17815.32**	**28.64**
ആകെ ലഭിച്ച സമുദ്രവിഭവങ്ങൾ	**62203.72**	**100.00**

പ്രദേശികാടിസ്ഥാനത്തിലുള്ള മത്സ്യവരവ്

നാല് തീരമേഖലകളിൽ തെക്ക്-പടിഞ്ഞാറൻ തീരമേഖല മുന്നിൽ നിൽക്കുന്നു. കേരളം, കർണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിലെ 16 തുറമുഖങ്ങളാണ് ഈ മേഖലയിലുള്ളത്. ഈ മേഖലയിൽ നിന്നു ലഭിച്ചത് 28775.03 ടൺ (46%) സമുദ്ര വിഭവങ്ങൾ.

തൊട്ടുപിന്നിലായി വടക്ക്-പറഞ്ഞാറൻ തീരമേഖലയുണ്ട്. ഏഴ് തുറമുഖങ്ങളിൽ നിന്നായി ലഭിച്ചത് 23569.26 ടൺ (38%) സമുദ്ര വിഭവങ്ങൾ. അതായത് പടിഞ്ഞാറൻ തീരത്തു നിന്നാണ് ആകെ ലഭിച്ച സമുദ്ര വിഭവങ്ങളുടെ 84 ശതമാനവും. (ചിത്രം - 3)

തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവടങ്ങളിലെ 14 തുറമുഖങ്ങൾ അടങ്ങുന്ന തെക്ക്-കിഴക്കൻ തീരമേഖലയിൽ നിന്നു ലഭിച്ചത് 5371.49 ടൺ (ആകെ വരവിന്റെ 9%) സമുദ്ര വിഭവങ്ങളാണ്. ഒഡീഷ, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലെ 10 തുറമുഖങ്ങളിൽ അടങ്ങുന്ന വടക്ക്-കിഴക്കൻ തീരമേഖലയിൽ നിന്ന് 4487.94 ടൺ (7%) സമുദ്ര വിഭവങ്ങൾ ലഭിച്ചു. തെക്ക്-പടിഞ്ഞാറൻ മേഖലയിൽ കൂടുതലായി ലഭിച്ചത് ആഴക്കടൽ സമുദ്ര വിഭവങ്ങളാണ്. എന്നാൽ, വടക്ക് -പടിഞ്ഞാറൻ മേഖലയിൽ കൂടുതലായി ലഭിച്ചത് ഉപരിതല മത്സ്യങ്ങളും. തെക്ക്-കിഴക്കൻ മേഖലയിൽ നിന്നു കൂടുതലായി ലഭിച്ചത് കവച വർഗ മത്സ്യങ്ങളാണ് (ചിത്രം - 4).

ഏറ്റവും കൂടുതലായി ലഭിച്ച പ്രധാന അഞ്ച് മത്സ്യങ്ങളുടെ വരവാണ് മൂന്നാം പട്ടികയിൽ ചേർത്തിരിക്കുന്നത്.



ചിത്രം - 3 2018 മാർച്ചിൽ പ്രാദേശികാടിസ്ഥാനത്തിലെ മത്സ്യവരവ്



ചിത്രം 4 -2018 മാർച്ചിൽ ഓരോ പ്രദേശത്തുനിന്നും ലഭിച്ച ആകെ വരവിന്റെ ഇനംതിരിച്ചുള്ള കണക്കുകളുടെ താരതമ്യം (ടൺ)

പട്ടിക 3
2018 മാർച്ചിൽ വിവിധ പ്രദേശങ്ങളിൽനിന്ന് ലഭിച്ച പ്രധാന ഇനങ്ങൾ

ഇനം	അളവ് (ടൺ)	ഓരോ പ്രദേശത്തുമുള്ള ആകെ വരവ് (ശതമാനം)
തെക്കുപടിഞ്ഞാറ്		
അയല	3589.83	12.48
കിളിമീൻ	2914.72	10.13
കൂന്തൽ	1930.05	6.71

നെയ്യ് ചാള	1833.21	6.37
പല്ലിമീൻ	1646.61	5.72
വടക്കുപടിഞ്ഞാറ്		
കൂന്തൽ	3477.11	14.75
വാള	3239.15	13.74
കിളിമീൻ	2559.59	10.86
കണവ	1264.90	5.37
കോര	1245.61	5.28
തെക്കുകിഴക്ക്		
ചൂര	904.76	16.84
കണവ	541.51	10.08
ബ്രൗൺ ചെമ്മീൻ	358.56	6.68
കൂന്തൽ	324.21	6.04
വെള്ള ചെമ്മീൻ (നാരൻ)	311.54	5.80
വടക്കുകിഴക്ക്		
കോര	692.398	15.43
കരിക്കാടി ചെമ്മീൻ	457.463	10.19
വാള	266.799	5.94
ചാള	255.884	5.70
ബോംബെ ഡക്ക്	218.640	4.87

സംസ്ഥാന തലത്തിലുള്ള കടൽ വിഭവങ്ങളുടെ ലഭ്യത

ഇന്ത്യയിലെ ഒൻപത് കടലോര സംസ്ഥാനങ്ങളിൽ മത്സ്യ വരവിൽ 2018 മാർച്ചിൽ ഗുജറാത്താണ് മുന്നിട്ടു നിന്നത്. 17440.24 ടൺ (ആകെ വരവിന്റെ 28%) മത്സ്യമാണ് അവിടെയുള്ള തുറമുഖങ്ങളിൽ നിന്നു ലഭിച്ചത് (ചിത്രം - 5). തൊട്ടുപിന്നിലായി കേരളം - 16467.64 ടൺ (26%). മൂന്നാം സ്ഥാനത്ത് 7837.79 ടണ്ണുമായി (12 ശതമാനത്തിൽ അധികം) കർണാടകയും. കിഴക്കൻ തീരങ്ങളേക്കാൾ മെച്ചപ്പെട്ട പ്രകടനമാണ് പടിഞ്ഞാറൻ മേഖല കാഴ്ചവച്ചത്. കിഴക്കൻ മേഖലയിൽ തമിഴ്നാട്ടിൽ നിന്നാണ് ഏറ്റവും കൂടുതൽ മത്സ്യ വരവ് - 2996.27 ടൺ (5%). ഒഡീഷയിൽ നിന്നാണ് ഏറ്റവും കുടുതൽ സമുദ്ര വിഭവങ്ങൾ ലഭിച്ചത് - 1897.21 ടൺ.

2018 മാർച്ചിൽ 9 തീര സംസ്ഥാനങ്ങളിൽ നിന്ന് ലഭിച്ച അഞ്ച് പ്രധാന മത്സ്യങ്ങളുടെ വരവാണ് നാലാം പട്ടികയിൽ ചേർത്തിരിക്കുന്നത്.



ചിത്രം - 5 2018 മാർച്ചിൽ വിവിധ സംസ്ഥാനങ്ങളിലെ വിവിധ മത്സ്യകേന്ദ്രങ്ങളിൽ ലഭിച്ച മത്സ്യത്തിന്റെ അളവ് ടണ്ണിൽ

പട്ടിക - 4
2018 മാർച്ചിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച പ്രധാന ഇനങ്ങൾ

ഇനം	അളവ് (ടൺ)	സംസ്ഥാനങ്ങളിലെ ആകെ വരവ് (ശതമാനം)
കേരളം		
നെയ്യ് ചാള	1310.22	7.96
കൂന്തൽ	1191.69	7.24
കണവ	1100.52	6.68
അയല	1051.40	6.38
ചൂര	1028.55	6.25
കർണ്ണാടക		
കിളിമീൻ	1923.63	24.54
അയല	1097.43	14.00
പല്ലിമീൻ	879.02	11.22
തിരിയാൻ	813.54	10.38
നെയ്യ് ചാള	487.99	6.23
ഗോവ		
അയല	1441.00	32.24
പാമുള്ളൻ	764.55	17.11
കിളിമീൻ	465.90	10.42
വ ങ്കട	317.20	7.10
കൂന്തൽ	311.00	6.96
മഹാരാഷ്ട്ര		
വാള	734.15	11.98
കൂന്തൽ	647.61	10.57
അയല	624.74	10.19
കിളിമീൻ	590.39	9.63
പാമ്പാട	473.08	7.72
ഗുജറാത്ത്		
കൂന്തൽ	2829.50	16.22
വാള	2505.00	14.36
കിളിമീൻ	1969.20	11.29
കണവ	1232.00	7.06
ക്യാറ്റ് ഫിഷ് (കൂരി)	1058.60	6.07
തമിഴ്നാട്		
കണവ	511.27	17.06
ചൂര	415.12	13.85
കൂന്തൽ	280.43	9.36
നെയ്യ് ചാള	150.59	5.03
പിങ്ക് ചെമ്മീൻ	103.32	3.45
ആന്ധ്രാപ്രദേശ്		
ചൂര	489.65	20.61
ബ്രൗൺ ചെമ്മീൻ	315.19	13.27
വെള്ള ചെമ്മീൻ	239.13	10.07
പിങ്ക് ചെമ്മീൻ	203.95	8.59
വാള	172.72	7.27
ഒഡീഷ		
കോര	378.56	19.95

കരിക്കാടി ചെമ്മീൻ	276.12	14.55
വാള	122.24	6.44
കൊഴുവ	114.35	6.03
കടൽ ഞണ്ട്	111.44	5.87
പശ്ചിമബംഗാൾ		

കോര	313.84	12.11
ബോംബെ ഡക്ക്	192.53	7.43
കരിക്കാടി ചെമ്മീൻ	181.34	7.00
നെയ് ചാള	178.12	6.88
കണവ	157.36	6.07

തുറമുഖങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്ക്

തിരഞ്ഞെടുത്ത തുറമുഖകളിലെ മത്സ്യവരവിന്റെ വിശദാംശങ്ങളാണ് ആറ്, ഏഴ് ചിത്രങ്ങളിൽ നൽകിയിരിക്കുന്നത്.

47 തുറമുഖകളിൽ ബേപ്പൂരാണ് 11518.08 ടണ്ണുമായി (18%) മുന്നിൽ നിൽക്കുന്നത്. തൊട്ടുപിന്നിലായി ഗുജറാത്തിലെ പോർബന്ദർ - 6514.74 ടൺ (10%).

മൂന്നാം സ്ഥാനത്ത് ഗുജറാത്തിലെ വെരാവൽ - 5891.50 ടൺ (9%), നാലാമതായി മാംഗളൂർ - 5391.12 ടൺ (8%). കിഴക്കൻ തീരമേഖലയിൽ വിശാഖപട്ടണമാണ് മുന്നിൽ - 1660.32 ടൺ (2% കുറവ്). ചിന്നമുട്ടം തുറമുഖത്താണ് ഏറ്റവും കുറവ് സമുദ്ര വിഭവങ്ങൾ ലഭിച്ചത് (19.09 ടൺ).



ചിത്രം - 6 2018 മാർച്ചിൽ പടിഞ്ഞാറൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)



ചിത്രം - 7 2018 മാർച്ചിൽ കിഴക്കൻ തീരങ്ങളിലെ തുറമുഖങ്ങളിൽനിന്നു ലഭിച്ച ആകെ വരവ് (ടൺ)

ബോട്ട് വരവിനെ അടിസ്ഥാനമാക്കിയുള്ള കണക്ക്

2018 മാർച്ചിൽ 27512 മത്സ്യ ബന്ധന ബോട്ടുകളാണ് തുറമുഖത്ത് എത്തിയത്. വെരാവൽ തുറമുഖത്താണ് ഏറ്റവും കൂടുതൽ ബോട്ടുകൾ എത്തിയത് (3786 എണ്ണം). 2883 ബോട്ടുകളുമായി പോർബന്തർ തുറമുഖമാണ് രണ്ടാം സ്ഥാനത്ത് നിൽക്കുന്നത്. 47 തുറമുഖങ്ങളിൽ നാലിൽ മാത്രമാണ് 1000 ൽ അധികം ബോട്ടുകൾ എത്തിയത്. അതു സംബന്ധിച്ച വിവരങ്ങൾ അഞ്ചാം പട്ടികയിൽ നൽകിയിട്ടുണ്ട്. തീരത്ത് എത്തിയവയിൽ 75 ശതമാനം പരമ്പരാഗത ബോട്ടുകളും മറ്റുള്ള യാനങ്ങളും വള്ളങ്ങളുമായിരുന്നു.

പട്ടിക 5- 2018 മാർച്ചിൽ 1000 ബോട്ടുകളിലധികം അടുത്ത മത്സ്യബന്ധന തുറമുഖങ്ങൾ

നമ്പർ	ഹാർബർ	സംസ്ഥാനം	തുറമുഖങ്ങളിലടുത്ത ബോട്ടുകളുടെ എണ്ണം
1	വെരാവൽ	ഗുജറാത്ത്	3786
2	പോർബന്തർ	ഗുജറാത്ത്	2883
3	മാൻഗ്രോൾ	ഗുജറാത്ത്	2504
4	മാംഗളൂർ	കർണ്ണാടക	1763

പട്ടിക 6
ലഭിച്ച വിവരങ്ങളുടെ താരതമ്യ പഠനം

	ജനുവരി 2018	ഫെബ്രുവരി 2018	മാർച്ച് 2018
ആകെ വരവ്	86,568.64 ടൺ	61,463.55 ടൺ	62,203.72 ടൺ
ആകെ ലഭിച്ച ആഴക്കടൽ മത്സ്യങ്ങൾ	37,443.01 ടൺ (43%)	27,282.94 ടൺ (44%)	24,254.18 ടൺ (39%)
ആകെ ലഭിച്ച ഉപരിതല മത്സ്യങ്ങൾ	27,540.88 ടൺ (32%)	18,369.24 ടൺ (30%)	20,134.22 ടൺ (32%)
കവചവർഗ സമുദ്രവിഭവം	21,584.75 ടൺ (25%)	15,811.37 ടൺ (26%)	17,815.32 ടൺ (29%)
ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യ ഇനങ്ങൾ	നെയ് ചാള (9%)	കൂന്തൽ (10%)	കൂന്തൽ (9%)
ഏറ്റവും കൂടുതൽ ബോട്ടുകൾ അടുത്ത സംസ്ഥാനം	ഗുജറാത്ത് (30%)	ഗുജറാത്ത് (32%)	ഗുജറാത്ത് (28%)
ഏറ്റവും കൂടുതൽ ബോട്ടുകൾ അടുത്ത തുറമുഖം	ബേപ്പൂർ (13%)	വെരാവൽ (14%)	ബേപ്പൂർ (18%)
* ആകെ ബോട്ടുകളുടെ എണ്ണം	**33,568**	**26,964**	**27,512**

* ഇന്ത്യയിലെ തിരഞ്ഞെടുത്ത മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നു 2018 ഫെബ്രുവരിയിൽ ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ

താരതമ്യപഠനം

മുൻമാസങ്ങളിലെയും മാർച്ചിലേയും മത്സ്യവരവുമായി ബന്ധപ്പെട്ട താരതമ്യപഠനമാണ് ഇവിടെ നൽകുന്നത്. ഏകദേശം 750 ടൺ മത്സ്യം അധികമായി മാർച്ചിൽ ലഭിച്ചു. ഫെബ്രുവരിയെ അപേക്ഷിച്ച് അഞ്ച് ശതമാനം കുറവുണ്ടെങ്കിലും ആഴക്കടൽ മത്സ്യമാണ് മാർച്ചിലും കൂടുതലായി ലഭിച്ചത്. എന്നാൽ, ഉപരിതല മത്സ്യങ്ങളുടെ വരവ് രണ്ട് ശതമാനം വർധിച്ചിട്ടുണ്ട്.

കവച വർഗ മത്സ്യങ്ങളുടെ വരവ് മൂന്ന് ശതമാനം വർധിച്ചു. കൂന്തലാണ് ഏറ്റവും കൂടുതലായി ലഭിച്ച സമുദ്ര വിഭവം, അതായത് ആകെ വരവിന്റെ ഒൻപത് ശതമാനം. മത്സ്യ വരവിന്റെ അടിസ്ഥാനത്തിൽ ഗുജറാത്തിന്റെ സ്ഥാനം ഒന്നാമതായി തുടരുന്നു.

തുറമുഖ അടിസ്ഥാനത്തിലെ വരവിന്റെ കണക്കിൽ ബേപ്പൂർ ഒന്നാമതും വെരാവൽ രണ്ടാമതും നിൽക്കുന്നു. ബോട്ട് വരവുകളുടെ എണ്ണത്തിലും മാർച്ചിൽ വർധന രേഖപ്പെടുത്തി. ഫെബ്രുവരിയെ അപേക്ഷിച്ച് അഞ്ഞൂറിലധികം ബോട്ടുകൾ കൂടുതലായി എത്തി.

സംഗ്രഹം

ഇന്ത്യയിലെ തിരഞ്ഞെടുത്ത 47 തുറമുഖങ്ങളിൽ നിന്നായി 2018 മാർച്ചിൽ 62203.72 ടൺ സമുദ്രവിഭവങ്ങൾ ലഭിച്ചു. ആഴക്കടൽ മത്സ്യത്തിന്റെ വരവാണ് ഉപരിതല, കവച വർഗങ്ങളേക്കാൾ കൂടുതൽ.

ഏറ്റവും കൂടുതലായി ലഭിച്ച മത്സ്യം കൂന്തലാണ്. ആകെ ലഭിച്ച മത്സ്യ വരവിന്റെ 84 ശതമാനം പടിഞ്ഞാറൻ തീരമേഖലയിൽ നിന്നു മാത്രമാണ്. തെക്ക്-കിഴക്കൻ തീരമേഖല 46 ശതമാനം നൽകി.

ഒൻപത് തീര സംസ്ഥാനങ്ങളിൽ ഗുജറാത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ സമുദ്രോൽപ്പന്നം ലഭിച്ചത്. 47 തുറമുഖങ്ങളിൽ 14 ൽ 1000 ടണ്ണിൽ അധികം മത്സ്യം ലഭിച്ചു. ബോട്ടുകളുടെ വരവ് അനുസരിച്ച കണക്കിൽ ഗുജറാത്തിലെ വെരാവൽ തുറമുഖം മുന്നിൽ തന്നെ നിൽക്കുന്നു.

ഓഖി ബാധിതർക്കായി പ്രദർശനം പൂത്തുറൈയിൽ

എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജെയബാൽ എ. സന്ദർശകരുമായി സംവദിക്കുന്നു

കന്യാകുമാരി ജില്ലയിലെ ഓഖി ബാധിത കുടുംബങ്ങളുടെ സഹായത്തിനായി എംപിഇഡിഎ തൂത്തുകുടി സബ്റീജനൽ ഡിവിഷൻ ഒരു പ്രദർശനത്തിൽ പങ്കെടുത്തു. കന്യാകുമാരി പൂത്തുറൈ സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് കമ്മ്യൂണിറ്റി ഹാളിൽ മാർച്ച് 28 നായിരുന്നു പ്രദർശനം.

ജർമനിയിൽ യൂറോപ്യൻ സ്പേസ് എജൻസി ഗ്രൗണ്ട് ഓപ്പറേഷൻസ് മാനേജരായി പ്രവർത്തിക്കുന്ന, നാഗർകോവിൽ സ്വദേശി ശ്രീ രമേശ് ചെല്ലാദുരൈയാണ് പരിപാടി സംഘടിപ്പിച്ചത്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ശാക്തീകരണവും എന്ന വിഷയത്തിലായിരുന്നു പ്രദർശനം. സന്നദ്ധ

എംപിഇഡിഎയുടെ പ്രവർത്തനങ്ങൾ സന്ദർശകരുമായി പങ്കുവയ്ക്കുന്നു

> മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ശാക്തീകരണവും എന്ന വിഷയത്തിലായിരുന്നു പ്രദർശനം.

സംഘടനകൾ, സ്വകാര്യ സംരംഭങ്ങൾ, കേന്ദ്ര-സംസ്ഥാന വകുപ്പുകൾ, കൊച്ചിയിലെ നിഫാറ്റ്, ജില്ല വ്യവസായ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെയാണ് പ്രദർശനം ഒരുക്കിയത്. ആശയവിനിമയ ഉപാധികളായ ഫിഷ് ഫൈൻഡർ, ജിപിഎസ്, റേഡിയോ ടെലിഫോൺ തുടങ്ങിയവയും പ്രദർശിപ്പിച്ചിരുന്നു. 14 സംരംഭങ്ങൾ പ്രദർശനത്തിൽ പങ്കാളിയായി. തൂത്തൂർ മേഖലയിലെ ഏകദേശം 500 മത്സ്യത്തൊഴിലാളികൾ സന്ദർശകരായെത്തി.

പ്രദർശനത്തിന്റെ ഭാഗമായി വിവര കൈമാറ്റ സെമിനാറും ഒരുക്കിയിരുന്നു. എംപിഇഡിഎയുടെ വിവധ പ്രവർത്തനങ്ങൾ, സാമ്പത്തിക സഹായ പദ്ധതികൾ, നെറ്റ്ഫിഷിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയവ മത്സ്യത്തൊഴിലാളികളുമായി പങ്കുവച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനുള്ള പ്രദർശനം മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഏറെ ഗുണകരമായിരുന്നു.

ഫോക്കസ് ഏരിയ

105–ാം ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് ഇംഫാലിൽ

105-ാം ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രൈഡ് ഓഫ് ഇന്ത്യ പ്രദർശനം കേന്ദ്ര ശാസ്ത്ര-സാങ്കേതിക മന്ത്രി ഡോ. ഹർഷ് വർധൻ ഉദ്ഘാടനം ചെയ്യുന്നു

മണിപ്പൂർ തലസ്ഥാനമായ ഇംഫാലിലെ മണിപ്പൂർ സർവകലാശാല ക്യാംപസിൽ 2018 മാർച്ച് 16 മുതൽ നടന്ന 105-ാം ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. സയൻസ് കോൺഗ്രസിന്റെ ചരിത്രത്തിൽ രണ്ടാം തവണയാണ് വടക്കു-കിഴക്ക് സംസ്ഥാനം ശാസ്ത്ര സംഗമത്തിന് വേദിയാകുന്നത്.

സ്ഥായിയായ കണ്ടുപിടിത്തങ്ങൾക്ക് പ്രായോഗിക ശാസ്ത്രം എന്നതായിരുന്നു 105-ാം ശാസ്ത്ര കോൺഗ്രസിന്റെ കേന്ദ്ര വിഷയം. 'എത്തിച്ചേരാത്തിടത്ത് ശാസ്ത്ര-സാങ്കേതികവിദ്യയുടെ സഹായത്തോടെ എത്തിച്ചേരൽ' എന്നതായിരുന്നു പരിപാടിയുടെ വിഷയം.

കേന്ദ്ര ശാസ്ത്ര-സാങ്കേതികം, ഭൗമശാസ്ത്രം, വനം-പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ് മന്ത്രി ഡോ. ഹർഷ് വർധൻ, മണിപ്പൂർ ഗവർണർ ഡോ. നജ്മ ഹെപ്തുള്ള, മണിപ്പൂർ മുഖ്യമന്ത്രി ബീരേൻ സിങ്, കേന്ദ്ര വടക്ക് കിഴക്കൻ

> സ്ഥായിയായ കണ്ടുപിടിത്തങ്ങൾക്ക് പ്രായോഗിക ശാസ്ത്രം എന്നതായിരുന്നു 105-ാം ശാസ്ത്ര കോൺഗ്രസിന്റെ കേന്ദ്ര വിഷയം. 'എത്തിച്ചേരാത്തിടത്ത് ശാസ്ത്ര-സാങ്കേതികവിദ്യയുടെ സഹായത്തോടെ എത്തിച്ചേരൽ' എന്നതായിരുന്നു വിഷയം.

പ്രൈഡ് ഓഫ് ഇന്ത്യ പ്രദർശനത്തിലെ എംപിഇഡിഎ സ്റ്റാളിലെ ഉദ്യോഗസ്ഥർ സംഘാടകർക്കൊപ്പം

105-ാം ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യുന്നു

മേഖല കാര്യ മന്ത്രി ജിതേന്ദ്ര സിങ്, മണിപ്പൂർ സർവകലാശാല വൈസ് ചാൻസിലർ പ്രഫ. ആദ്യ പ്രസാദ് പാണ്ഡേ, ഐഎസ്‌സി ജനറൽ പ്രസിഡന്റ് പ്രഫ. അച്യുത സാമന്ത എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

പ്രൈഡ് ഓഫ് ഇന്ത്യ പ്രദർശനം കേന്ദ്ര ശാസ്ത്ര-സാങ്കേതിക-ഭൗമശാസ്ത്ര, വനം-പരിസ്ഥിതി-കാലാവസ്ഥ വ്യതിയാനം വകുപ്പ് മന്ത്രി ഡോ. ഹർഷ് വർധൻ ഉദ്ഘാടനം ചെയ്തു.

സമുദ്രോൽപ്പന്നങ്ങളെ പരിചയപ്പെടുത്താനും മേഖലയിലെ ശുദ്ധജലകൃഷിയെ ജനകീയമാക്കാനുമായി എംപിഇഡിഎയും പ്രദർശനത്തിൽ പങ്കെടുത്തു. മണിപ്പൂരുകാർ മത്സ്യത്തെ ഇഷ്ടപ്പെടുന്നവരാണ്. അതുകൊണ്ടുതന്നെ, മത്സ്യോൽപ്പന്ന ലഭ്യത സംബന്ധിച്ച തദ്ദേശവാസികളുടെ സംശയങ്ങൾക്കുള്ള മറുപടി എംപിഇഡിഎ സ്റ്റാളിലുള്ളവർ നൽകി.

എംപിഇഡിഎ സ്റ്റാളിൽ, എംപിഇഡിഎയുടെ വിവിധ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും അവയുടെ വിപണനവും നടന്നു. ശുദ്ധജല മത്സ്യകൃഷിയെ സംബന്ധിച്ചും വിളവെടുപ്പ് സമയത്തു മത്സ്യത്തെ കൈകാര്യം ചെയ്യേണ്ട ശരിയായ രീതിയെ കുറിച്ചുമുള്ള വിഡിയോകൾ പ്രദർശിപ്പിച്ചിരുന്നു. വിദ്യാർഥികൾ, മത്സ്യ കർഷകർ, ശാസ്ത്രകാരന്മാർ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ എംപിഇഡിഎയുടെ പ്രദർശന ഹാൾ സന്ദർശിച്ചു. എംപിഇഡിഎ കൊൽക്കത്ത റീജിനൽ കേന്ദ്രവും ഗുവാഹത്തി സബ്-റീജനൽ കേന്ദ്രവും ശാസ്ത്രമേളയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കി.

എംഎസ്എംഇ
രാജ്യാന്തര വ്യാപാര മേള 2018
ഭുവനേശ്വർ, ഒഡീഷ

ഒഡിഷ എംഎസ്എംഇ രാജ്യാന്തര വ്യാപാര മേള 2018 ലെ എംപിഇഡിഎ സ്റ്റാൾ

2018 ലെ സംരംഭകത്വ വാരാഘോഷത്തിന്റെ ഭാഗമായി ഒഡിഷ എംഎസ്എംഇ വകുപ്പ് രാജ്യാന്തര എംഎസ്എംഇ വ്യാപാര മേള സംഘടിപ്പിച്ചു. ഭുവനേശ്വർ ഐഡിഐഎസിഎ എക്സിബിഷൻ ഗ്രൗണ്ടിൽ 2018 മാർച്ച് 5-10 വരെയായിരുന്നു മേള. ഭക്ഷ്യസംസ്കരണത്തെ മുഖ്യവിഷയമാക്കിയാണ് മേള സംഘടിപ്പിച്ചത്.

2018 മാർച്ച് 5 ന് ഒഡീഷ മുഖ്യമന്ത്രി ശ്രീ നവീൻ പട്നായിക് മേള ഉദ്ഘാടനം ചെയ്തു. ഒഡിഷ എംഎസ്എംഇ വകുപ്പ് മന്ത്രി ശ്രീ പ്രഫുല സമൽ, ഒഡിഷ എംഎസ്എംഇ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി ശ്രീ എൽ.എൻ. ഗുപ്ത ഐഎഎസ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

ഭക്ഷ്യസംസ്കരണത്തെ കേന്ദ്രീകരിച്ചായിരുന്നു മേളയുടെ വിഷയം. ഭക്ഷ്യ സംസ്കരണം, എൻജിനീയറിങ്, കെമിക്കൽ, സർക്കാർ, കൈത്തറി, വസ്ത്രനിർമാണം തുടങ്ങിയ മേഖലകളാണ് പ്രദർശനത്തിൽ പങ്കെടുത്തത്.

എംപിഇഡിഎ ഭുവനേശ്വർ റീജിനൽ ഡിവിഷൻ മേളയിൽ പങ്കെടുത്തു. എംപിഇഡിഎയുടെ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്ന സ്റ്റാളും അനുബന്ധ പോസ്റ്റർ, ബാനറുകൾ എന്നിവ പ്രദർശിപ്പിച്ചു. ആദ്യദിനം എംപിഇഡിഎ ഡയറക്ടർ (മാർക്കെറ്റിങ്) ശ്രീ ടി. ദൊല ശങ്കർ, ഐ.ഒ.എഫ്.എസ്. കൊൽക്കത്ത റീജിനൽ ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എസ്.എസ്. ഷാജി എന്നിവർ സ്റ്റാൾ സന്ദർശിച്ചു. ഭുവനേശ്വർ റിജണൽ ഡിവിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ യു.സി. മോഹപാത്ര, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. താംബാഡ നരേഷ്

ഇന്ത്യയിലെ യുഗാണ്ടാൻ സ്ഥാനപതി കാര്യാലയത്തിലെ ഡപ്യൂട്ടി ഹൈകമ്മീഷണർ ശ്രീ കെസാല മൊഹമ്മദ് ഹസവാരി ബി, എംപിഇഡിഎ സ്റ്റാൾ സന്ദർശിച്ചപ്പോൾ

വിഷ്ണു, ഫീൽഡ് ഓഫിസർ ശ്രീ എസ്. ദുർഗ റാവു എന്നിവരും മറ്റ് ജീവനക്കാരും സ്റ്റാൾ മേൽനോട്ടത്തിൽ സജീവമായി.

മേളയുടെ പവലിയൻ രണ്ടിലായിരുന്നു (ഹാൾ ബി, സ്റ്റാൾ 27) എംപിഇഡിഎ സ്റ്റാൾ. 3X3 മീറ്റർ വിസ്തൃതിയുള്ള സ്റ്റാളിൽ നിരവധി സന്ദർശകരെത്തി. ചെമ്മീൻ കൃഷിയിലെ സാങ്കേതിക സഹായം, കുളം നിർമാണം, കുളം മേൽനോട്ടം, വിളവെടുപ്പ്, സമുദ്രോൽപ്പനങ്ങളുടെ പരിശോധന സംവിധാനങ്ങൾ, സംസ്കരണവും കയറ്റുമതിയും, സെർട്ടിഫിക്കേഷൻ, ബോട്ട് റജിസ്ട്രേഷൻ, ഐസ് പ്ലാന്റ്, സംസ്കരണ പ്ലാന്റ് തുടങ്ങിയവ സ്ഥാപിക്കുവാനുള്ള നിബന്ധനകൾ, മത്സ്യോൽപ്പന്നം കൈകാര്യം ചെയ്യുന്നതിലെ ആധുനിക സംവിധാനങ്ങൾ, സമുദ്രോൽപ്പന്ന സംസ്കരണ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു സംശയങ്ങൾ. സന്ദർശകരുടെ നിരവധി സംശയങ്ങൾക്കു എംപിഇഡിഎ ഉദ്യോഗസ്ഥർ കൃത്യമായ മറുപടി നൽകി. നോട്ടിസുകളും കൈപുസ്തകങ്ങളും സന്ദർശകർക്കു നൽകി.

ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം സംബന്ധിച്ച ബോധവൽക്കരണ വിവരങ്ങളും പങ്കുവച്ചു. കാളാഞ്ചി, ഞണ്ട്, ജിഐഎഫ്ടി തിലപ്പിയ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു. മത്സ്യകർഷകർ, തൊഴിലാളികൾ, സംരംഭകർ, ശാസ്ത്രജ്ഞർ, വിദ്യാർഥികൾ, പൊതുസമൂഹ പ്രതിനിധികൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളും സ്റ്റാളിലെത്തി.

എംഎസ്സി സർട്ടിഫിക്കേഷനായി

തിരഞ്ഞെടുത്ത

10 ഇന്ത്യൻ മത്സ്യ വിഭവങ്ങൾ

പാനൽ ചർച്ചയിൽ ഡോ. യെമി ഒലോരുന്തുയി സംസാരിക്കുന്നു

രാജ്യാന്തര വിപണയിലെ വാണിജ്യ മൂല്യം കണക്കിലെടുത്ത് 10 ഇന്ത്യ സമുദ്രോൽപ്പന്നങ്ങളെ ലണ്ടനിലെ മറൈൻ സ്റ്റുവാർഡ്ഷിപ് കൗൺസിൽ (എംഎസ്സി) ഇക്കോ ലേബലിങ് സർട്ടിഫിക്കഷന് തിരഞ്ഞെടുത്തു. തമിഴ്നാട്ടിലെ മണ്ഡപം മേഖലയിലെ നീല ഞണ്ട്, കേരളത്തിലെ കൊല്ലം മേഖലയിലെ ചെമ്മീൻ, കൊല്ലത്തെ ചുവപ്പു രേഖയുള്ള ചെമ്മീൻ, മണ്ഡപം മേഖലയിലെ പൂ ചെമ്മീൻ, കൊല്ലത്തെ കൂന്തൽ, കൊല്ലത്തെ കണവ, നാഗകോവിൽ, കന്യാകുമാരി മേഖലയിൽ കുടിട്ടു പിടിക്കുന്ന വലിയ കൊഞ്ച്, ചൂണ്ടയിൽ കുരുക്കുന്ന ലക്ഷദ്വീപിലെ സ്കിപ്ജാക്ക് ടൂണ, തെക്ക്-കിഴക്കൻ തീരമേഖലയിൽ നിന്നു പിടിക്കുന്ന കിളിമീൻ എന്നിവയാണ് മത്സ്യബന്ധന മേഖലയിലെ പ്രമുഖർ തിരഞ്ഞെടുത്ത 10 സമുദ്രോൽപ്പന്നങ്ങൾ. സമുദ്രശാസ്ത്ര വിദഗ്ധർ, സമുദ്രോൽപ്പന്ന കയറ്റുമതിക്കാർ, ചില്ലറ വിപണനക്കാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ പ്രതിനിധികൾ ചേർന്നാണ് 10 ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങളെ തിരഞ്ഞെടുത്തത്. ബന്ധപ്പെട്ടവരുമായുള്ള തുടർ ചർച്ചകളിലൂടെ മത്സ്യബന്ധന മെച്ചപ്പെടുത്തൽ പദ്ധതികൾ (എഫ്ഐപി) ആവിഷ്കരിക്കാനും പാനൽ ചർച്ചയിൽ തീരുമാനമായി. എംഎസ്സി സർട്ടിഫിക്കേഷൻ നിലനിർത്താനുള്ള ശ്രമങ്ങളുടെ ഭാഗമായുള്ള തന്ത്രങ്ങളും ആവിഷ്കരിച്ചു. എംഎസ്സി സർട്ടിഫിക്കറ്റുള്ള സമുദ്രോൽപ്പന്നങ്ങൾക്ക് രാജ്യാന്തര വിപണിയിൽ സാധ്യത കൂടുതലാണെന്നു വിലയിരുത്തുന്നു.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ (സിഎംഎഫ്ആർഐഐ), ലണ്ടൻ എംഎസ്സി നേതൃത്വത്തിൽ ചേർന്ന വിദഗ്ധരുടെ യോഗത്തിൽ സിഎംഎഫ്ആർഐ പ്രതിനിധികളും വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യ പ്രതിനിധികളും പങ്കെടുത്തു. മത്സ്യോൽപ്പന്നങ്ങളിൽ ഇക്കോ ലേബലിങ് നടപ്പാക്കാൻ കൂടുതൽ പദ്ധതികൾ വേണമെന്ന കാര്യത്തിൽ ഏകാഭിപ്രായമായിരുന്നു. നിലവിൽ ഇന്ത്യൻ മത്സ്യ

പാനൽ ചർച്ചയിൽ പങ്കെടുത്തവർ

ബന്ധന മേഖല നേരിടുന്ന വെല്ലുവിളികളും ചർച്ച ചെയ്തു. ചൂഷണവും അനിയന്ത്രിത മത്സ്യബന്ധനവും തടയണം. സമുദ്ര മത്സ്യ ബന്ധനത്തിൽ സ്ഥായിയായ വളർച്ച സാധ്യമാക്കാൻ ചില നിയന്ത്രണങ്ങൾ അനിവാര്യമാണെന്ന അഭിപ്രായവും ചർച്ചയിൽ ഉയർന്നു. വിദഗ്ധരുമായുള്ള തുടർ ചർച്ചകളും ആവശ്യമുണ്ട്. ചൂഷണവും വളർച്ചയെത്താത്ത മത്സ്യങ്ങളെ പിടികൂടുന്നതു തടയാനും മത്സ്യത്തൊഴിലാളികൾ സ്വയംനിയന്ത്രണം കൊണ്ടുവരണമെന്നും അഭിപ്രായപ്പെട്ടു.

'സ്വയം നിയന്ത്രണങ്ങളാണ് ഇപ്പോഴത്തെ ആവശ്യം. നിലവിലെ മത്സ്യസമ്പത്തിന്റെ വളർച്ചയ്ക്കും പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാനും സ്വയ നിയന്ത്രണം ഉപകരിക്കും' – പാനൽ ചർച്ച നയിച്ച എംഎസ്സി വികസ്വര ലോക പദ്ധതികളുടെ മേധാവി ഡോ. യെമി ഒലോരുന്തുയി അഭിപ്രായപ്പെട്ടു. രാജ്യാന്തര വിപണിയിൽ സ്വീകാര്യത വർധിപ്പിക്കാൻ സ്ഥായിയായ മത്സ്യബന്ധനം അനിവാര്യമെന്ന് അവർ അഭിപ്രായപ്പെട്ടു. സ്ഥായിയല്ലാത്ത ഒരു സമുദ്രോൽപ്പന്നം രാജ്യാന്തര വിപണിയിൽ വിൽക്കുവാൻ ഏറെ ബുദ്ധിമുട്ടേണ്ടിവരുമെന്നും അവർ പറഞ്ഞു.

'ഏറ്റവും മെച്ചപ്പെട്ട മത്സ്യബന്ധന സാഹചര്യം ഒരുക്കാൻ സ്ഥിരത അനിവാര്യമാണ്. അതിലൂടെ മത്സരവും കൂടുതൽ അവസരങ്ങളും ലഭിക്കും. മത്സ്യ ബന്ധന മേഖലയിൽ, ഉപഭോക്താക്കളുടെ ശക്തിയിലൂടെ ഇക്കോ ലേബലിങ് അനുകൂലമായ മാറ്റം വരുത്തുന്നു. അതിലൂടെ മത്സ്യ സമ്പത്തിന്റെ വളർച്ചയും അവയുടെ ആവാസവ്യവസ്ഥയും മെച്ചപ്പെടും. നിയന്ത്രണത്തിനു വിധേയമായുള്ള കൂടുതൽ ഉൽപാദനം സാധ്യമാകും. നിലവിൽ 28 ശതമാനം മത്സ്യ സമ്പത്ത് ചൂഷണത്തിനു വിധേയപ്പെട്ടിരിക്കുന്നു' – ഡോ. യെമി കൂട്ടിച്ചേർത്തു. എംഎസ്സി സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളുമായി ബന്ധപ്പെട്ട രൂപരേഖ സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സുനിൽ മുഹമ്മദ് അവതരിപ്പിച്ചു. സാമ്പത്തികമായ കൂടുതൽ സാധ്യതകൾ സർട്ടിഫിക്കേഷനിലൂടെ ലഭ്യമാകുമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

രാജ്യാന്തര തലത്തിലും ദേശീയ തലത്തിലും മാന്യത വളരുമെന്നും പറഞ്ഞു.

'നിലവിൽ നാല് ശതമാനമുള്ള സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയുടെ വളർച്ചയ്ക്ക് ഇക്കോ ലേബലിങ് സർട്ടിഫിക്കേഷന് ഉപകരിക്കും. യൂറോപ്പ്, നോർത്ത് അമേരിക്ക തുടങ്ങിയ മേഖലകളിലെ രാജ്യങ്ങളിലേക്കുള്ള സ്വീകാര്യത സർട്ടിഫിക്കേഷനിലൂടെ വർധിക്കും' – അദ്ദേഹം പറഞ്ഞു. നിലവിൽ 36 രാജ്യങ്ങളിലെ എംഎസ്സി അംഗീകൃത 338 മത്സ്യോൽപ്പന്നങ്ങളിൽ ഒന്നു മാത്രമാണ് ഇന്ത്യയിൽ നിന്നുള്ളത്. അഷ്ടമുടി കായലിലെ കക്കമാത്രമാണ് പട്ടികയിലുള്ളതെന്നും ഡോ. സുനിൽ മുഹമ്മദ് ചൂണ്ടിക്കാട്ടി.

സ്ഥായിയായ സമുദ്രോൽപ്പന്ന ശൃംഖല

12 അംഗ സ്ഥായിയായ സമുദ്രോൽപ്പന്ന ശൃംഖല (സസ്റ്റെയിനബിൾ സീഫുഡ് നെറ്റ്വർക്ക്) ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ, സിഐഎഫ്ടി, എംപിഇഡിഎ, സമുദ്രോൽപ്പന്ന മേഖലയിലെ ചില്ലറ വിൽപ്പനക്കാർ, യാനങ്ങൾ ഉപയോഗിക്കുന്നവർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, സന്നദ്ധ സംഘടകൾ തുടങ്ങിയവരുടെ പ്രതിനിധികളാണ് ശൃംഖലയിൽ ഉൾപ്പെടുന്നത്. സമുദ്രോൽപ്പന്ന മേഖലയിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദേശങ്ങൾ നൽകാനുമാണ് സമിതി രൂപീകരിച്ചത്. ഡോ. സുനിൽ മുഹമ്മദാണ് ശൃംഖലയുടെ ചെയർമാൻ.

പാനൽ ചർച്ചയിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായിരുന്നു. സിഎംഎഫ്ആർഐ, ഡബ്ല്യുഡബ്ല്യുഎഫ് ഇന്ത്യ, എംഎസ്സി എന്നിവയിലെ പ്രതിനിധികൾ പങ്കെടുത്തു. എംപിഇഡിഎ ജോയിന്റ് ഡയറക്ടർ (മാർക്കറ്റിങ്) ഡോ. റാം മോഹൻ എം.കെ., സിഎംഎഫ്ആർഐ മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ.കെ. അപ്പുക്കുട്ടൻ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

ചെമ്മീൻ കൃഷിയിലും മറ്റ് മത്സ്യങ്ങളെ വളർത്തുന്നതിലും ബിഎംപികളുടെ ഉപയോഗം

പരിശീലന പരിപാടി, അജഗർപാട്ടിയയിൽ

കേന്ദ്രപാറ ജില്ലയിലെ പരിശീലന പരിപാടിയിൽ എംപിഇഡിഎ ഗവേഷണ വികസന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ യു. സി. മോഹപാത്ര, ജില്ലാ ഫിഷറീസ് അഡീഷണൽ അസിസ്റ്റന്റ് ഓഫിസർ ശ്രീ സിതനാഥ് ബെഹ്റ എന്നിവർ

ഒഡീഷയിലെ കേന്ദ്രപാറ ജില്ലയിലെ അജഗർപാട്ടിയ ഗ്രാമം വെള്ളച്ചെമ്മീൻ കൃഷിയിൽ സജീവമാണ്. കൃഷിയിലെ ഏറ്റവും പുതിയ സാങ്കേതിക വിദ്യ പഠിക്കുവാൻ കർഷകർക്ക് താൽപര്യമുണ്ട്. വെള്ള ചെമ്മീനു പുറമേ, ഞണ്ട് കൃഷിയും ഈ മേഖലയിൽ ചെയ്യാറുണ്ട്. ശുദ്ധജല കൃഷിയിലെ സാങ്കേതിക മികവുകൾ പരിചയപ്പെടുത്തുക, ജലക്കൃഷിയിൽ നിലവാരം ആർജിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ എംപിഇഡിഎ ഭുവനേശ്വർ റീജണൽ ഡിവിഷൻ അജഗർപാട്ടിയയിൽ 2018 മാർച്ച് 8-10 വരെ പരിശീലന പരിപാടി സംഘടിപ്പിച്ചു. ചെമ്മീൻ കൃഷിയിലും മറ്റു മത്സ്യ കൃഷിയിലും മികച്ച മാനേജ്മെന്റ് രീതികളുടെ ഉപയോഗത്തെ കുറിച്ചാണ് പരിപാടിയിൽ പങ്കുവച്ചത്.

എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ യു.സി. മോഹപാത്ര ഉദ്ഘാടനം ചെയ്തു. വെള്ള ചെമ്മീൻ കൃഷിയിൽ സജീവമായ മേഖലയിൽ സമാനമായ പരിശീലന പരിപാടി

> ഒഡീഷയിലെ കേന്ദ്രപാറ ജില്ലയിലെ അജഗർപാട്ടിയ ഗ്രാമം വെള്ളച്ചെമ്മീൻ കൃഷിയിൽ സജീവമാണ്. ശുദ്ധജല കൃഷിയിലെ സാങ്കേതിക മികവുകൾ പരിചയപ്പെടുത്തുക, ജലക്കൃഷിയിൽ നിലവാരം ആർജിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ എംപിഇഡിഎ പരിശീലന പരിപാടി സംഘടിപ്പിച്ചു

കേന്ദ്രപാറ ജില്ല ഫിഷറീസ് വകുപ്പ് സാങ്കേതിക സഹായി ശ്രീ സന്തനു സാഹൂ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു

യുടെ ഗുണം എത്രയെന്നും കയറ്റുമതിക്ക് അനുയോജ്യമായ നിലവാരമുള്ള ചെമ്മീൻ ഉൽപാദിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഉദ്ഘാടനത്തിനു മുൻപായി കർഷകർ പരിപാടിക്കായി റജിസ്റ്റർ ചെയ്തതു കൊണ്ട് അവർക്ക് ആവശ്യമായ പരിശീലന വിവരങ്ങൾ നൽകിയിരുന്നു. പോണ്ട് ഡേറ്റ റജിസ്റ്റർ, ചെമ്മീൻ കൃഷിയിൽ ബിഎംപി ഉപയോഗം സംബന്ധിച്ച വിവരം അടങ്ങുന്ന കൈപുസ്തകം, ആന്റിബയോട്ടിക് ദുരുപയോഗം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പുസ്തകങ്ങൾ തുടങ്ങിയവ പങ്കെടുത്തവർക്ക് നൽകിയിരുന്നു.

ഒഡീഷയിലെ ശുദ്ധജലക്കൃഷിയെ കുറിച്ചുള്ള വിശദാംശങ്ങൾ ശ്രീ മോഹപാത്ര വിവരിച്ചു. നിലവാരം മെച്ചപ്പെടുന്നതിലൂടെ കയറ്റുമതി സാധ്യത കൂടും. ശുദ്ധജല കൃഷിയിൽ ബിഎംപി ഉൾപ്പെടെയുള്ള സാങ്കേതിക സങ്കേതങ്ങളുടെ ഉപയോഗം ഏതു തരത്തിൽ പ്രയോജനപ്പെടുന്നുവെന്നതിനെ കുറിച്ചു വിശദീകരണവും അദ്ദേഹം നൽകി. എംപിഇഡിഎയുടെ സാമ്പത്തിക സഹായ പദ്ധതികളെ കുറിച്ചും മറ്റ് പ്രവർത്തനങ്ങളെ കുറിച്ചും പ്രാദേശിക ഭാഷയിൽ സംസാരിച്ചു.

തുടർന്നു കേന്ദ്രപാറ ജില്ല അഡീഷണൽ അസിസ്റ്റന്റ് ഫിഷറീസ് ഓഫീസർ ശ്രീ സിതനാഥ് ബെഹ്റയാണ് ക്ലാസെടുത്തത്.

രണ്ടാം ദിവസം ഫീൽഡ് സൂപ്പർവൈസർ ശ്രീ എസ്. ദുർഗറാവു പ്രഭാഷണം നടത്തി. ചെമ്മീന്റെ ജൈവഘടന, മുട്ടകളുടെ തിരഞ്ഞെടുപ്പ്, അവയുടെ ഗതാഗതം, മുട്ടകളുടെ സംരക്ഷണം, കുളം തയ്യാറാക്കൽ, മണ്ണ്-ജല നിലവാര പരിശോധന, ചെമ്മീന് ആവശ്യമായ തീറ്റ, തീറ്റയുടെ മേൽനോട്ടം, രോഗനിയന്ത്രണം, ജൈവസംരക്ഷണം, ചെമ്മീൻകൃഷിയുടെ സാമ്പത്തിക വശം, ചെമ്മീൻകെട്ട് റജിസ്ട്രേഷൻ, ജലകൃഷിയിൽ ജിപിഎസിന്റെ ഉപയോഗം, സഹകരണ സംഘത്തിന്റെ രൂപീകരണം, അവയുടെ ആവശ്യകത, ചെമ്മീനു പകരം, ഞണ്ട്, കാളാഞ്ചി, തിലാപ്പിയ തുടങ്ങിയവയുടെ കൃഷി തുടങ്ങി നിരവധി വിഷയങ്ങൾ കർഷകരുമായി സംസാരിച്ചു. ചെമ്മീൻ കൃഷി, ഞണ്ട്, കാളാഞ്ചി, തിലാപ്പിയ എന്നിവയുടെ കൃഷി എന്നിവ സംബന്ധിച്ച ഹ്രസ്വ വിഡിയോകളും പ്രദർശിപ്പിച്ചു.

ഫിഷറീസ് വകുപ്പ് കേന്ദ്രപാറ ജില്ല ജൂനിയർ സാങ്കേതിക സഹായി ശ്രീ സന്തനു സാഹൂവാണ് അവസാന ദിനം ക്ലാസെടുത്തത്. ചെമ്മീൻ കൃഷിയിലെ ശരിയായ പ്രവണതകളെ കുറിച്ച് സംസാരിച്ചു. തുടർന്ന് എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടറുടെ ക്ലാസായിരുന്നു. കുളത്തിന് ആവശ്യമായ സ്ഥലം തിരഞ്ഞെടുക്കുന്നതെങ്ങനെ, കുളങ്ങൾ കുഴിക്കുന്ന രീതി, ചെമ്മീൻ കൃഷിയുടെ സാമ്പത്തിക വശം, ജലക്കൃഷി എൻറോൾ ചെയ്യുന്നതിന്റെ പ്രയോജനം തുടങ്ങിയ വിഷയങ്ങളാണ് പങ്കുവച്ചത്. അടുത്തിടെ പ്രകാശനം ചെയ്ത എംപിഇഡിഎ പോർട്ടലിനെ കുറിച്ചും അത് കർഷകർക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്നും പറഞ്ഞു.

പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് അവസാന ദിനം വിതരണം ചെയ്തു. കർഷകരുടെ പ്രതിനിധികളായ ശ്രീ സുർബേശ്വർ പാൽ, ശ്രീ ബലറാം പാൽ എന്നിവർ പ്രസംഗിച്ചു. ശുദ്ധജലകൃഷിയിൽ ശാസ്ത്രീയ മാർഗങ്ങൾ ഉപയോഗിക്കണമെന്ന് ഇരുവരും പറഞ്ഞു.

പരിശീലന പരിപാടി ഏറെ ഗുണകരമായെന്നും അവർ പറഞ്ഞു. പരിപാടിയിൽ 20 കർഷകർ പങ്കെടുത്തു. എംപിഇഡിഎ ഉദ്യോഗസ്ഥരുമായും സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരുമായുമുള്ള ആശയവിനിമയവും പരിപാടിയുടെ ഭാഗമായി ഒരുക്കിയിരുന്നു.

ചെമ്മീൻ കൃഷിയിലും മറ്റ് മത്സ്യങ്ങളെ വളർത്തുന്നതിലും ബിഎംപികളുടെ ഉപയോഗം

പരിശീലന പരിപാടി, കൻസർ

ഫിഷറീസ് വകുപ്പ് കേന്ദ്രപ്പാറ ജില്ല സാങ്കേതിക സഹായി ശ്രീ സന്തനു സാഹൂ ക്ലാസെടുക്കുന്നു

ടൈഗർ ചെമ്മീൻ കൃഷിയിൽ സജീവമാണ് ഒഡിഷയിലെ കേന്ദ്രപ്പാറ ജില്ലയിലെ മാഹാകാലപാറ ബ്ലോക്കിലെ കൻസർ ഗ്രാമവാസികൾ. ശുദ്ധജല കൃഷിയിലെ പുത്തൻ സാങ്കേതികതകളെ ഇഷ്ടപ്പെടുന്ന ഗ്രാമവാസികൾക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. എംപിഇഡിഎ ഭുവനേശ്വർ റീജനൽ ഡിവിഷനു കീഴിൽ 2018 മാർച്ച് 14 മുതൽ 16 വരെയായിരുന്നു പരിശീലന പരിപാടി. സ്ഥായിയായ വികസനം നിലവാരവുമുള്ള ശുദ്ധജല മത്സ്യ ഉൽപാദനം എന്നതായിരുന്നു പരിശീലന പരിപാടിയുടെ മുഖ്യ വിഷയം.

എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ നരേഷ് വിഷ്ണു തമ്പാട ഉദ്ഘാടനം ചെയ്തു. ഒഡിഷയിലെ ശുദ്ധജല മത്സ്യക്കൃഷിയുമായി ബന്ധപ്പെട്ട ലഘുവിവരണം ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം നൽകി. സംസ്ഥാനത്തെ കയറ്റുമതിയിൽ നിലവാരം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചു പങ്കുവച്ചു. ചെമ്മീൻ കെട്ട് വികസനം, പിഎച്ച്ടി എൻറോൾമെന്റ്, ബിഎംപി, മറ്റ് സാങ്കേതിക സഹായം എന്നിവയെ കുറിച്ചും പറഞ്ഞു. എംപിഇഡിഎയുടെ വിവിധ സാമ്പത്തിക സഹായ പദ്ധതികളെ കുറിച്ചും മത്സ്യ കർഷകരുമായി ശ്രീ എൻ.വി. തമ്പാട പങ്കുവച്ചു. മത്സ്യ കൈമാറ്റവുമായി ബന്ധപ്പെട്ട് എംപിഇഡിഎ അടുത്തിടെ പുറത്തിറക്കിയ ഫിഷ് എക്സ്ചേഞ്ച് പോർട്ടൽ സംബന്ധിച്ച വിശദാംശങ്ങളും കൈമാറി. പ്രാദേശിക ഭാഷയിലേക്ക് ശ്രീ സുരേഷ് മൊഹന്തി മൊഴിമാറ്റം നടത്തി. ചെമ്മീൻ കൃഷിയുടെ സാമ്പത്തിക വശങ്ങളെ കുറിച്ചും ശുദ്ധജലകൃഷി സഹകരണ സംഘങ്ങളുടെ ആവശ്യകതയെ കുറിച്ചും പറഞ്ഞു.

പങ്കെടുത്ത എല്ലാവരും നേരത്തെ റജിസ്റ്റർ ചെയ്തിരുന്നാൽ കുളം റജിസ്ട്രേഷൻ വിവരങ്ങൾ, അതുമായി ബന്ധപ്പെട്ട കൈപുസ്തകം, ആന്റിബയോട്ടിക്കിന്റെ ദുരുപയോഗം സംബന്ധിച്ച നോട്ടിസുകളും മറ്റു വിവരങ്ങളും നേരത്തെ നൽകിയിരുന്നു.

ഒഡീഷ ഫിഷറീസ് വകുപ്പ് കേന്ദ്രപാറ ജില്ല സാങ്കേതിക സഹായി ശ്രീ സന്തനു സാഹൂവിന്റെ ക്ലാസായിരുന്നു രണ്ടാം ദിവസം. ചെമ്മീന്റെ ജൈവഘടന, കുളം തയ്യാറാക്കൽ, ജലം -മണ്ണ് നിലവാര മേൽനോട്ടം, വിത്ത് തിരഞ്ഞെടുക്കുന്ന രീതി, അവയുടെ നിലവാരം ഉറപ്പുവരുത്തൽ, രോഗ പ്രതിരോധം, നിരോധിത മരുന്നുകളുടെ ഉപയോഗം കൊണ്ടുള്ള ദോഷങ്ങൾ, ജൈവ സുരക്ഷ, കൃഷിയിലെ വ്യത്യസ്തതകൾ, ഞണ്ട്, കാളാഞ്ചി, തിലപ്പിയ തുടങ്ങിയ മത്സ്യങ്ങളുടെ കൃഷിരീതികൾ തുടങ്ങിയ കാര്യങ്ങൾ പങ്കുവച്ചു. മൂന്നാം ദിവസം ഫിഷറീസ്

വകുപ്പ് കേന്ദ്രപ്പാറ ജില്ല സീനിയർ സാങ്കേതിക സഹായി ശരത് കുമാർ ജേന പ്രസംഗിച്ചു. സിഎഎ ലൈസൻസിന്റെ ആവശ്യകതയെ കുറിച്ചായിരുന്നു പ്രധാനമായും പ്രസംഗിച്ചത്. സംസ്ഥാന സർക്കാരിനു കീഴിൽ മത്സ്യ കർഷകർക്കു ലഭിക്കുന്ന വിവിധ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ കുറിച്ചും ചെമ്മീൻ കൃഷിയിൽ നല്ല രീതികളെ കുറിച്ചും അദ്ദേഹം പറഞ്ഞു.

തുടർന്ന്, എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടർ എലിസ ലാബ്, പിഎച്ച്ടി പരിശോധനയുടെ ആവശ്യകത തുടങ്ങിയവയെ കുറിച്ചു പങ്കുവച്ചു. എൻആർസിപി സാമ്പിൾ ടെസ്റ്റിങ് ഭുവനേശ്വറിൽ ഗുണനിലവാര നിയന്ത്രണ ലാബ് തുടങ്ങുന്നതിനെ കുറിച്ചും സംസാരിച്ചു.

പങ്കെടുത്ത 20 പേർക്കും സർട്ടിഫിക്കറ്റും സ്റ്റൈപെൻഡും നൽകി. മത്സ്യ കർഷകരുടെ പ്രതിനിധികളായ ശ്രീ അഭിമന്യൂ റൗത്ത്, ശ്രീ നിധിറാം ബസന്തിയ എന്നിവർ സംസാരിച്ചു. സമാനമായ പരിപാടികൾ സംഘടിപ്പിക്കുന്ന എംപിഇഡിഎയെ ഇരുവരും പ്രകീർത്തിച്ചു. ചെമ്മീൻ കൃഷിയെ കുറിച്ചുള്ള ആധികാരിക പരിശീലന പരിപാടിയിലൂടെ കൂടുതൽ വിവരങ്ങൾ ലഭിച്ചതായി കർഷക പ്രതിനിധികൾ പറഞ്ഞു. ചെമ്മീൻ

പരിശീലന പരിപാടിയിൽ പങ്കെടുത്തവർ

കൃഷി, ഞണ്ട്, കാളാഞ്ചി, തിലാപ്പിയ തുടങ്ങിയവയുടെ കൃഷിരീതി, നിരോധിത മരുന്നുകളുടെ ദോഷഫലങ്ങളെ എന്നിവയെകുറിച്ചുമനസിലാക്കാനുംകഴിഞ്ഞതായിശ്രീഅഭിമന്യവും ശ്രീ നിധിറാമും പറഞ്ഞു.

വൈവിധ്യവൽക്കരണ പ്രചാരണ പരിപാടി

ആൽവേകുടി ഗ്രാമത്തിലെ പരിപാടി

എംപിഇഡിഎ കാർവാർ റീജനൽ ഡിവിഷനു കീഴിൽ ഹോന്നവർ, കുംത, കാർവാർ എന്നിവടങ്ങളിലായി ജലകൃഷിയിലെ വൈവിധ്യവൽക്കരണം സംബന്ധിച്ച പ്രചാരണ പരിപാടി സംഘടിപ്പിച്ചു. പ്രാദേശിക മത്സ്യ, ചെമ്മീൻ കർഷകരെയും പുതിയ സംരംഭകരേയും ഉദ്ദേശിച്ചായിരുന്നു പ്രചാരണ പരിപാടി.

എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ വിജയ്കുമാർ യരാഗൽ, ജൂനിയർ ടെക്നിക്കൽ ഓഫിസർ ശേഷേന്ദ്ര എം. ശിരോദ്കർ തുടങ്ങിയവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

ഹൽദിപുർ ഗ്രാമത്തിൽ ഒരുക്കിയ പരിശീലനത്തിൽ പങ്കെടുത്തവർ

ബൈറ്റക്കോൽ ഗ്രാമത്തിലെ പരിശീലന പരിപാടി

ചെമ്മീനു പുറമേ തിലാപ്പിയ, കാളാഞ്ചി, ഞണ്ട് എന്നിവയുടെ കൃഷി രീതികളെ കുറിച്ചും അതുകൊണ്ടുണ്ടാകുന്ന നേട്ടത്തെ കുറിച്ചും പ്രസംഗിച്ചു.

മൂന്നു പരിപാടികളിലുമായി ഏകദേശം 90 പേർ പങ്കെടുത്തു. ജലക്കൃഷിയിലെ വൈവിധ്യവൽക്കരണം സംബന്ധിച്ച്, രാജ്യാന്തര വനിതാ ദിനത്തിൽ സ്ത്രീകൾക്കു മാത്രമായി ഉത്തര കന്നഡയിലെ കാർവാറിൽ പ്രത്യേക ക്ലാസ് സംഘടിപ്പിച്ചു. മത്സ്യകർഷക കുടുംബങ്ങളിലെ 32 വനിതകൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു. അവരുടെ ഭാഷയിലേക്കു മൊഴിമാറ്റം നടത്തിയ വിവിധ വിവര രേഖകളും പങ്കെടുത്തവർക്കു നൽകി.

കോഡിബാഗ് ഗ്രാമത്തിൽ വനിതകൾക്കായി ഒരുക്കിയ പരിശീലനം

മത്സ്യക്കൃഷി രംഗം

കർഷക സംഗമം

എംപിഇഡിഎ സാറ്റലൈറ്റ് കേന്ദ്രം, നെല്ലൂർ

കർഷക സംഗമം അസോസിയറ്റ് പ്രഫസർ ഡോ. ടി. നീരജ ഉദ്ഘാടനം ചെയ്യുന്നു

എംപിഇഡിഎ നെല്ലൂർ സാറ്റലൈറ്റ് കേന്ദ്രത്തിനു കീഴിൽ നെല്ലൂർ കുടുത്തിപ്പലം ഇന്ദുകുർപേട്ട് മണ്ഡൽ ശിവക്ഷേത്ര ഓഡിറ്റോറിയത്തിൽ 2018 മാർച്ച് 23 ന് മത്സ്യകർഷക സംഗമം നടത്തി. നിലവാരം മെച്ചപ്പെടുത്തുക, സ്ഥായിയായ ചെമ്മീൻ ഉൽപാദനം എന്നിവ ലക്ഷ്യമിട്ട്, ശുദ്ധജല മത്സ്യകൃഷിയിലെ വെല്ലുവിളികൾ എന്നതായിരുന്നു സംഗമത്തിന്റെ പ്രധാന വിഷയം.

മുത്തുകുർ ഫിഷറീസ് കോളജ് അകാറ്റിക് ഹെൽത്ത് മാനേജ്മെന്റ് വകുപ്പ് അസോസിയറ്റ് പ്രഫസർ ഡോ. ടി. നീരജ ഉദ്ഘാടനം ചെയ്തു. രാജ്യത്ത് സ്ഥായിയും കാര്യക്ഷമവുമായ ചെമ്മീൻ ഉൽപാദനത്തിന്റെ ആവശ്യകതയെ കുറിച്ച് അവർ സംസാരിച്ചു. രാജ്യാന്തര വിപണിയിൽ ഇന്ത്യയിൽ നിന്നു കയറ്റുമതി ചെയ്യുന്ന ചെമ്മീനു ലഭിക്കുന്ന പ്രധാന്യത്തെ കുറിച്ചും അവർ പറഞ്ഞു.

വിജയവാഡ റീജനൽ ഡിവിഷനിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ പി. ബ്രഹ്മേശ്വര റാവു സ്വാഗത പ്രസംഗം നടത്തി. നെല്ലൂർ അൽഫാ ബയോളജിക്കൽസിലെ ഡോ. അമേർനേനി രവി കുമാർ തന്റെ ആശംസപ്രസംഗത്തിൽ എംപിഇഡിഎ അടുത്തിടെ പുറത്തിറക്കിയ, മത്സ്യ കൈമാറ്റം വേഗത്തിലാക്കുന്ന ഫിഷ് എക്സ്ചേഞ്ച് പോർട്ടലിനെ സദസിനു പരിചയപ്പെടുത്തി. മത്സ്യ ഉൽപാദക സമൂഹത്തെ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ സഹായിക്കുന്നതാണ് പോർട്ടലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ചെമ്മീൻ കർഷകർ നിലവിൽ നേരിടുന്ന വില വ്യതി

> എംപിഇഡിഎ നെല്ലൂർ സാറ്റലൈറ്റ് കേന്ദ്രത്തിനു കീഴിൽ മത്സ്യ കർഷക സംഗമം നടത്തി. നിലവാരം മെച്ചപ്പെടുത്തുക, സ്ഥായിയായ ചെമ്മീൻ ഉൽപാദനം എന്നിവ ലക്ഷ്യമിട്ട്, ശുദ്ധജല മത്സ്യകൃഷിയിലെ വെല്ലുവിളികൾ എന്നതായിരുന്നു സംഗമത്തിന്റെ പ്രധാന വിഷയം

സദസിന്റെ ദൃശ്യം

കർഷക സംഗമത്തിൽ ചെമ്മീൻ കൃഷി നേരിടുന്ന വെല്ലുവിളി സംബന്ധിച്ചു പ്രഭാഷണം നടത്തുന്ന ഡോ. അമേർനിനി രവികുമാർ

ജലകൃഷിയിലെ രോഗബാധ കൈകാര്യം ചെയ്യുന്ന വിധത്തെയും ബയോ സെക്യൂരിറ്റിയെകുറിച്ചും പ്രൊഫ. (ഡോ.) ടി. നീരജ പ്രഭാഷണം നടത്തുന്നു

യാനമെന്ന വെല്ലുവിളിക്ക് പരിഹാരമാണിതെന്നും അദ്ദേഹം പറഞ്ഞു. ആന്ധ്രാപ്രദേശിലെ ചെമ്മീൻ കർഷകർ നേരിടുന്ന വെല്ലുവിളികൾ സംബന്ധിച്ചായിരുന്നു ഡോ. അമേർനേനി രവി കുമാർ പ്രധാനമായും സംസാരിച്ചത്. സ്ഥായിയായ ചെമ്മീൻ ഉൽപാദനത്തിന് ആവശ്യമായ ജൈവ, ഭൗതിക, രാസ ഘടകങ്ങളെ കുറിച്ചും സംസാരിച്ചു. ജല നിലവാര പരിശോധനയ്ക്കു നൽകേണ്ട മുൻഗണനയെ കറിച്ച് കർഷകരെ ഉദ്ബോധിപ്പിച്ചു. ജലകൃഷിയുടെ ജീവനാണ് ഇത്തരം പരിശോധകളെന്ന മുന്നറിയിപ്പും നൽകി.

ജലക്കൃഷിയിലെ രോഗ നിയന്ത്രണവും ജൈവ സുരക്ഷയും എന്ന വിഷയത്തിൽ പ്രഫ. ഡോ. ടി. നീരജ പ്രഭാഷണം നടത്തി. ചെറിയ നീരിക്ഷണങ്ങളിലൂടെ മെച്ചപ്പെട്ട നിലയിലേക്ക് ഉയരാവുന്ന ജൈവ സുരക്ഷയെ കുറിച്ചായിരുന്നു അവരുടെ പ്രഭാഷണത്തിൽ ഊന്നൽ നൽകിയത്. ജൈവ സുരക്ഷ ശക്തിപ്പെടുത്തേണ്ട വിവിധ മേഖലകളെ കുറിച്ച് ഉദ്ബോധിപ്പിച്ചു. വിത്തുകൾ സൂക്ഷിക്കുന്നതിനു മുൻപ് അവ നല്ല ലാബിൽ പരിശോധിക്കണമെന്നും അവർ പറഞ്ഞു.

വിജയവാഡ റീജനൽ ഡിവിഷൻ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ പി. ബ്രഹ്മേശ്വര റാവു മത്സ്യ കൈമാറ്റ പോർട്ടലിനെ കുറിച്ചു സംസാരിച്ചു. മത്സ്യ കർഷകരെ പോർട്ടൽ ഉപയോഗിക്കേണ്ട രീതിയെ കുറിച്ചും പറഞ്ഞു. ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾക്കുള്ളിൽ നിന്നു വേണം ഉൽപാദനവും അതിനായുള്ള ശ്രമങ്ങളും. രാജ്യത്തെ നിലവാരമുള്ള ചെമ്മീൻ ഉൽപാദനത്തിനായി എംപിഇഡിഎ നടത്തുന്ന ശ്രമങ്ങളെ കുറിച്ച് അദ്ദേഹം പറഞ്ഞു.

എംപിഡിഎയുടെ എലിസ ലാബുകളിലെ പരിശോധന രീതികളെ ഓരോ കർഷകരും ഉപയോഗപ്പെടുത്തണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നിരോധിത ആന്റിബയോട്ടിക്കുകളോ, മറ്റ് രാസവസ്തുക്കളോ ഉപയോഗിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്താൻ ഇത്തരം ലാബുകളിലെ പരിശോധനയിലൂടെ കഴിയും. നിലവാര തകർച്ചയുമായി സമരസപ്പെടാത്ത കർഷകരുടെ ഉൽപ്പന്നങ്ങൾക്കു മാത്രമാണ് രാജ്യാന്തര വിപണയിൽ കൂടുതൽ ആവശ്യക്കാരെന്നും അദ്ദേഹം പറഞ്ഞു. എംപിഇഡിഎ നെല്ലൂർ സാറ്റലൈറ്റ് സെന്റർ അസിസ്റ്റന്റ് ഡയറക്ടർ ഡോ. കെ. ഗണേശിന്റെ കൃതജ്ഞതയോടെ മത്സ്യ കർഷക സംഗമം പര്യവസാനിച്ചു.

സംസ്ഥാനാന്തര പഠനയാത്ര

ആന്ധ്രാ പ്രദേശിലേക്ക്

മണിക്കോണ്ടയിലെ ആർജിസിഎ തിലാപ്പിയ ബ്രൂഡ്സ്റ്റോക്ക് ഡവലപ്മെന്റ് പദ്ധതിയും ഓൾ മെയിൽ സ്കാംപി പദ്ധതിയും സന്ദർശിച്ച പഠനസംഘം

എംപിഇഡിഎ കാർവാർ സബ് റീജിനൽ ഡിവിഷൻ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കർണാടകയിലെ ബെൽഗാം ജില്ലയിലെ 10 മത്സ്യ കർഷകർക്കായി സംസ്ഥാനാന്തര പഠന യാത്ര സംഘടിപ്പിച്ചു. ഡിവിഷൻ നൽകിയ ക്ഷണം അനുസരിച്ച് ചിക്കോഡി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ സഞ്ജീവ് ആർകറേ 10 കർഷകരെ തിരഞ്ഞെടുത്തു. പഠനയാത്ര 2018 മാർച്ച് 14 മുതൽ 19 വരെയായിരുന്നു.

പഠനയാത്രാ സംഘത്തിനു മേൽനോട്ടം വഹിച്ചത് എംപിഇഡിഎ ജൂനിയർ ടെക്നിക്കൽ ഓഫിസർ ശ്രീ ജി. രാമറാണ്. ഹൂബ്ലിയിൽ നിന്ന് 14 ന് വിജയവാഡയിൽ സംഘം എത്തി. തുടർന്നുള്ള സന്ദർശനത്തിൽ വഴികാട്ടിയായി വിജയവാഡ റീജനൽ ഡിവിഷൻ ഫീൽഡ് അസിസ്റ്റന്റ് ശ്രീ സത്യനാരായണയായിരുന്നു.

സന്ദർശനം
വെങ്കട് അക്വാ ഹാച്ചറി, കങ്കിപാട്ട്, കൃഷ്ണ ജില്ല

മാർച്ച് 15 ന് വെങ്കട് അക്വാ ഹാച്ചറി സംഘം സന്ദർശിച്ചത്. മച്ച്ലിപട്ടണത്തു നിന്നെത്തിക്കുന്ന സമുദ്ര ജലത്തിൽ ചെമ്മീൻ മുട്ടകൾ വിരിയിക്കുന്ന സ്ഥാപനമാണിത്. ഹാച്ചറി മാനേജർ ശ്രീ പ്രസാദ രാജുവിനെ സംഘം കണ്ടു. വിപണന വിവരങ്ങളും ഹാച്ചറിയുടെ പൊതുവായുള്ള പ്രവർത്തനങ്ങളും അദ്ദേഹം പങ്കുവച്ചു. തുടർന്ന് സംഘം സമുദ്ര ജല സംഭരണി, സെഡിമെന്റ് ടാങ്ക്, സെറ്റിൽമെന്റ് ടാങ്ക്, ജലസംസ്കരണ പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങളും സന്ദർശിച്ചു. 2000 മുതൽ 2008 വരെയുള്ള കാലയളവിൽ സ്കാംപി മുട്ടയാണ് ഇവിടെ ഉൽപാദിപ്പിച്ചിരുന്നത്. എന്നാൽ, പിന്നീടാണ് വെള്ള ചെമ്മീനിലേക്ക് തിരിഞ്ഞത്. കരപ്രദേശത്തെ ശുദ്ധജലക്കൃഷിക്ക് ആവശ്യമായ വിത്തുകൾ ഇവിടെ നിന്നാണ് നൽകുന്നതെന്നും കമ്പനിയിലെ ജീവനക്കാർ പറഞ്ഞു.

മണിക്കോണ്ടയിൽ ആർജിസിഎ ഉദ്യോഗസ്ഥർ പായ്ക്കിങ്, വിത്ത് ഉൽപാദനം തുടങ്ങിയ കാര്യങ്ങൾ പഠന സംഘത്തിനു വിവരിച്ചു നൽകുന്നു

ആർജിസിഎ തിലപ്പിയ മുട്ടവിരിയിക്കൽ (ബ്രൂഡ്സ്റ്റോക്ക്) വികസന പദ്ധതി, മണികോണ്ട, കൃഷ്ണ ജില്ല

തിലപ്പിയയുടെ മുട്ടവിരിയിക്കലുമായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവച്ചത് അസിസ്റ്റന്റ് പ്രൊജക്ട് മാനേജർ ശ്രീ അപ്പല നായിഡു, അസിസ്റ്റന്റ് ടെക്നിക്കൽ മാനേജർ ശ്രീ ശ്രീനിവാസ് എന്നിവരാണ്. പഠനയാത്ര സംഘത്തിന്റെ സംശയങ്ങൾക്കുള്ള മറുപടിയും ഇരുവരും നൽകി. മുട്ടവിരിയിക്കൽ വികസന പദ്ധതിയുമായി ബന്ധപ്പെട്ട മേഖല പഠനസംഘം സന്ദർശിച്ചു. മുട്ടവിരിയിക്കലിന് ആവശ്യമായ ഒട്ടേറെ സൗകര്യങ്ങൾ സന്ദർശനത്തിലൂടെ പരിചയപ്പെട്ടു.

വെങ്കിടേശ്വര റാവു ഫാംസ്, പോത്ത് രാജു, കോൽകൊണ്ട, ഉഡിവാഡ, കൃഷ്ണ ജില്ല

തുടർന്ന് കൊൽക്കണ്ട ഗ്രാമത്തിലേക്ക് പഠനയാത്ര സംഘം പോയത്. അവിടെയാണ് ശ്രീ സതീഷ്, ശ്രീ പോത്ത് രാജു എന്നിവരെ പരിചയപ്പെട്ടത്. ബംഗ്ലാദേശിൽ നിന്നും കൊൽക്കത്തയിൽ നിന്നും എത്തിക്കുന്ന ലിംഗുർ മത്സ്യത്തിന്റെ മുട്ട വിരിയിക്കലുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഇരുവരിൽ നിന്നും പഠനയാത്രാ സംഘത്തിനു ലഭിച്ചത്. ഏകദേശം മൂന്നേക്കർ വിസ്തൃതിയിലുള്ള കുളത്തിലാണ് വിത്തുകൾ സൂക്ഷിക്കുന്നത്. പ്രാദേശികമായി ലഭിക്കുന്ന പെല്ലെറ്റ് മത്സ്യ തീറ്റയാണു ഭക്ഷണം. മുട്ട 15 ഗ്രാം വലിപ്പത്തിലേക്ക് വളരും. ഒൻപതു മാസത്തിൽ 125 ഗ്രാം വലിപ്പമുള്ള മത്സ്യമാകും. രുചിയുടെ അടിസ്ഥാനത്തിൽ ഈ മത്സ്യത്തിന് രാജ്യത്തിന് അകത്തും പുറത്തും ആവശ്യക്കാർ അധികമാണ്.

തുടർന്ന് പോത്ത് രാജുവിന്റെ മത്സ്യ ഫാമിലേക്ക് പഠനയാത്ര സംഘം എത്തി. അവിടെയാണ് രോഹു മത്സ്യം കൃഷി ചെയ്യുന്നത്. ഒരു ഏക്കർ വിസ്തൃതിയിൽ 2000 കുഞ്ഞുങ്ങൾ എന്ന നിലയിലാണ് ഇവയെ വളർത്തുന്നത്. 200 മുതൽ 250 ഗ്രാം വലിപ്പം വരെ മത്സ്യം വളരും. 73:20:5:2 എന്ന അനുപാതത്തിലാണ് അരിത്തവിട്, കടലപ്പിണ്ണാക്ക്, പരുത്തിക്കുരു പിണ്ണാക്ക്, ലവണ മിശ്രിതം എന്നിവ മത്സ്യത്തിനു തീറ്റയായി നൽകുന്നത്. ഒൻപതു മാസത്തിനുള്ളിൽ വിളവെടുക്കുമെന്നാണ് പോത്തു രാജു സംഘത്തോടു പറഞ്ഞത്. അപ്പോഴേക്കും മത്സ്യം ഏകദേശം ഒന്നര മുതൽ രണ്ട് കിലോഗ്രാം വരെ തൂക്കമുള്ളതാകും. പോത്ത് രാജുവിന്റെ മത്സ്യ നഴ്സറിയിൽ 2 മാസം വരെയാണ് കുഞ്ഞുങ്ങളെ പാർപ്പിക്കുന്നത്. ഏകദേശം 200 ഗ്രാം വലിപ്പമെത്തുമ്പോൾ വിൽക്കുമെന്നും അദ്ദേഹം പറഞ്ഞു.

ശ്രീനിവാസ റാവു ഫിഷ് ഫാം, കൊംഗ്ഡാഗി കാലിദിണ്ഡി മണ്ഡൽ, കൃഷ്ണ ജില്ല

അടുത്ത ദിവസം ശ്രീ ശ്രിനിവാസ റാവുവിന്റെ മത്സ്യകൃഷിയാണ് പഠന സംഘം സന്ദർശിച്ചത്. വിജയവാഡയിൽ നിന്ന് ഏകദേശം 85 കിലോമീറ്റർ ദൂരത്തായിരുന്നു പ്രസ്തുത ഫാം. രോഹു മത്സ്യത്തിന്റെ കൃഷിയാണ് ഇവിടെ നടക്കുന്നത്. 12 മാസത്തിൽ വളർച്ച പൂർത്തിയാകും. അപ്പോഴേക്കും രണ്ട് മുതൽ മൂന്ന് കിലോഗ്രാം വരെ വലിപ്പമുണ്ടാകും. മത്സ്യകൃഷി സംബന്ധിച്ച തൽസമയ വിവരം ലഭിക്കാൻ വള്ളങ്ങളിൽ പഠന സംഘ അംഗങ്ങൾ കുളത്തിലൂടെ യാത്ര ചെയ്തു. മത്സ്യകൃഷിയിടവുമായി ബന്ധപ്പെട്ട വിവരങ്ങൾ സംഘത്തിനു കൈമാറി. തുടർന്ന് ശ്രീ ശ്രീനിവാസ രാജുവിന്റെ വെള്ള ചെമ്മീൻ കൃഷിയിടത്തേക്കാണ് ഇവർ എത്തിയത്. അവിടെ നിന്ന് കാളാഞ്ചി കൃഷി നടത്തുന്ന, പെഡലങ്ക ഗ്രാമത്തിലെ ശ്രീ കെ. രമേശ് ബാബുവിന്റെ മത്സ്യകൃഷിയെയും പരിചയപ്പെട്ടു.

ശ്രീ ശിവാജി റാവു ഫാം, ചിരഞ്ജീവി ഫാം, പെഡപട്ടണം, ബൻദർ മണ്ഡൽ, കൃഷ്ണ ജില്ല

മാർച്ച് 17 ന് സംഘം സന്ദർശിച്ചത് പെഡപട്ടണം ഗ്രാമത്തിൽ ശ്രീ ശിവജി റാവു ഫാമാണ്. അവിടെയും വെള്ള ചെമ്മീൻ കൃഷിയാണ് നടത്തിയിരുന്നത്. അവിടെ ഒരുക്കിയിട്ടുള്ള ജൈവ സുരക്ഷ സംവിധാനം പഠനസംഘം മനസ്സിലാക്കി. മൃഗങ്ങളെയും മറ്റു മനുഷ്യരെയും അകറ്റാൻ പ്രാപ്തമായ വേലിയാണ് കുളത്തിനു ചുറ്റും ഉറപ്പിച്ചിരിക്കുന്നത്. ഉടമ പറഞ്ഞത് അനുസരിച്ച് അഞ്ച് രൂപയ്ക്കാണ് ചെമ്മീൻ കുഞ്ഞുങ്ങളെ നൽകുന്നത്. കീട പ്രതിരോധ മാർഗങ്ങൾ, രോഗ പ്രതിരോധ മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളും സംഘവുമായി പങ്കുവച്ചു. മതിയായ അളവിൽ ഉപയോഗിക്കേണ്ട കീടനാശിനികളുടെ വിവരങ്ങളും മുട്ട സംരക്ഷണ കുളം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും അദ്ദേഹം പറഞ്ഞു.

എംപിഇഡിഎ എലിസ ലാബ്, മത്സ്യ മാർക്കറ്റ്, മച്ച്ലിപട്ടണത്തിലെ ബന്ദർ പോർട്ട്

ലാബ് ചുമതലയുള്ള ശ്രീമതി സ്വാതിയാണ് സംഘാംഗങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ കൈമാറിയത്. ആന്റിബയോട്ടിക് ഉപയോഗിച്ചിട്ടുണ്ടോയെന്നു തിരിച്ചറിയുന്നതിനുള്ള വിവിധ മാർഗങ്ങളെ കുറിച്ച് അവർ പറഞ്ഞു. നിരോധിത ആന്റിബയോട്ടിക്കുകളായ 5 മരുന്നുകളാണ് ഈ ലാബുകൾ കണ്ടെത്താൻ കഴിയുന്നത്. ശുദ്ധജലക്കൃഷിയിൽ നിലവിൽ 20 ആന്റിബയോട്ടിക്കുകൾ ഇന്ത്യയിൽ നിരോധിച്ചിട്ടുണ്ട്. തുടർന്ന് മച്ച്ലിപട്ടണം തുറമുഖവും മത്സ്യ വിപണിയും സംഘം സന്ദർശിച്ചു. വിവിധ മത്സ്യങ്ങളെ പരിചപ്പെടുത്തി. അവരുടെ നിരക്കും വിപണിയിലെ നിരക്കും സംഘം താരതമ്യ പഠനത്തിനു വിധേയമാക്കി.

ഗാലക്സി ഫീഡ്സ്, ഉഡിവാഡ, കൃഷ്ണ ജില്ല

സന്ദർശനത്തിന്റെ ഒടുവിൽ, അതായത് മാർച്ച് 18 ന് ഗാലക്സി ഫീഡ്സ് സന്ദർശിച്ചത്. വെള്ള ചെമ്മീൻ, ടൈഗർ ചെമ്മീൻ തുടങ്ങിയവയ്ക്കു നൽകുന്ന തീറ്റയെയാണ് അവിടെ സംഘം പരിചയപ്പെട്ടത്.

വിജയവാഡയിൽ പ്രകാശം തടയണയിലേക്കാണ് ഒടുവിൽ സംഘം പോയത്. കൃഷ്ണ നദിയിൽ നിന്നുള്ള മത്സ്യബന്ധനം കണ്ടു. സമീപ സ്ഥലങ്ങളിൽ നിന്നുള്ള മത്സ്യവും ഇവിടെയാണ് എത്തുന്നത്.

പരിശീലന പരിപാടി

മെച്ചപ്പെട്ട കൃഷി രീതിയും ജലക്കൃഷിയിലെ വൈവിധ്യവൽക്കരണവും

പരിശീലന പരിപാടിയിൽ എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടർ ഡോ. പി. ശ്രീനിവാസലു സംസാരിക്കുന്നു

എംപിഇഡിഎ ഭിമവാരം സബ് റീജനൽ ഡിവിഷന്റെ നേതൃത്വത്തിൽ 'മെച്ചപ്പെട്ട കൃഷി രീതിയും ജലക്കൃഷിയിലെ വൈവിധ്യവൽക്കരണവും' സംബന്ധിച്ച ത്രിദിന പരിശീലന പരിപാടി വെസ്റ്റ് ഗോദാവരി ജില്ലയിലെ യെല്ലാമഞ്ചല്ലി മണ്ഡലിനു കീഴിൽ ബദുവ ഗ്രാമത്തിൽ 2018 മാർച്ച് 7 മുതൽ 9 വരെ സംഘടിപ്പിച്ചു. പരിശീലന പരിപാടിയിൽ സാധാരണക്കാരെയും പങ്കെടുക്കാൻ അവസരം നൽകി.

മെച്ചപ്പെട്ട കൃഷി രീതിയും ജലക്കൃഷിയിലെ വൈവിധ്യവൽക്കരണവും എന്നതായിരുന്നു പരിപാടിയുടെ പ്രധാന വിഷയം. 18 പേർ പരിപാടിയിൽ പങ്കെടുത്തു. എംപിഇഡിഎ അസിസ്റ്റന്റ് ഡയറക്ടർ ഡോ. പി. ശ്രീനിവാസലു എംപിഇഡിഎയുടെ പ്രവർത്തനങ്ങൾ, കുളം റെക്കോർഡ് സൂക്ഷിക്കുന്നതിന്റെ ഗുണം, ഫാം റജിസ്റ്റർ ചെയ്യുന്നതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങളിൽ പ്രഭാഷണം നടത്തി.

പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു

എംപിഇഡിഎ ജൂനിയർ ടെക്നിക്കൽ ഓഫിസർ ശ്രീ. കെ. രാമാഞ്ജനേയലു രോഗ നിയന്ത്രണത്തെ കുറിച്ചും ജലക്കൃഷിയിലെ വൈവിധ്യവൽക്കരണത്തെ കുറിച്ചും സംസാരിച്ചു. എംപിഇഡിഎ ഫീൽഡ് സൂപ്പർവൈസർ ശ്രീ എൽ. കെ. പട്നായക് വിത്തുകളുടെ തിരഞ്ഞെടുപ്പ്, ജൈവ സുരക്ഷയുടെ ആവശ്യകത, ഭക്ഷണ രീതി, ആന്റിബയോട്ടിക്കുകളുടെ ദോഷവശം തുടങ്ങിയ കാര്യങ്ങൾ പറഞ്ഞു. വെസ്റ്റ് ഗോദാവരി ജില്ല നാക്സ ഫീൽഡ് മാനേജർ ശ്രീ ശ്രിനിവാസ് ജലകൃഷി സഹകരണ സംഘം രൂപീകരിക്കുന്നതിനെ കുറിച്ചും അതിന്റെ ഗുണങ്ങളെ കുറിച്ചും പ്രസംഗിച്ചു.

അവസാന ദിനം ബദുവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആർ. രാധ പരിശീലനത്തിൽ പങ്കെടുത്തു. സമാനമായ പരിപാടികൾ സംഘടിപ്പിക്കുന്ന എംപിഇഡിഎയുടെ പ്രവർത്തനങ്ങളെ അവർ പുകഴ്ത്തി. പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളും സ്റ്റൈപെൻഡും ശ്രീമതി രാധ വിതരണം ചെയ്തു. പങ്കെടുത്തവരുടെ ഒട്ടേറെ സംശയങ്ങൾ ദുരീകരിക്കാൻ എംപിഇഡിഎ ഉദ്യോഗസ്ഥരുമായി ഗ്രൂപ്പ് ചർച്ചയും പരിശീലന പരിപാടിയുടെ ഭാഗമായി ഒരുക്കിയിരുന്നു.

സെമിനാർ

സ്ഥായിയായ ജലക്കൃഷിക്ക് മെച്ചപ്പെട്ട കൃഷി രീതിയും വൈവിധ്യവൽക്കരണവും

എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ വിജയകുമാർ കർഷകരോട് സംസാരിക്കുന്നു

പ്രോത്സാഹന പരിപാടിയുടെ ഭാഗമായി കർണാടകയിലെ ഉഡുപ്പി ജില്ലയിലെ കുന്ദപുരിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. 'സ്ഥായിയായ ജലക്കൃഷിക്ക് മെച്ചപ്പെട്ട കൃഷി രീതിയും വൈവിധ്യവൽക്കരണവും' എന്നതായിരുന്നു വിഷയം. സെമിനാറിന്റെ പ്രാധാന്യത്തെ കുറിച്ച് സ്വാഗത പ്രസംഗം നടത്തിയ എംപിഇഡിഎ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ വിജയകുമാർ യാരഗൽ സംസാരിച്ചു, കൂടാതെ എല്ലാ വിശിഷ്ടാതിഥികളെയും അദ്ദേഹം സ്വാഗതം ചെയ്തു. ഉത്തര കന്നഡ ജില്ല കൃഷി വിജ്ഞാൻ കേന്ദ്രം ഹോണററി സെക്രട്ടറി ഡോ. വി.കെ. നായക് സെമിനാർ ഉദ്ഘാടനം ചെയ്തു. കർഷകർക്ക് ഏറെ ഗുണചെയ്യുന്ന പരിപാടികൾ ഒരുക്കുന്ന എംപിഇഡിഎയുടെ പ്രവർത്തനങ്ങളെയും അദ്ദേഹം ശ്ലാഘിച്ചു. ഉപ്പുവെള്ളത്തിലെ ചെമ്മീൻ കൃഷിയെ കുറിച്ചും അവിടെ ലഭ്യമാക്കേണ്ട വൈവിധ്യവൽക്കരണത്തെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

അങ്കോള താലുക്കിലെ ബേലയിലുള്ള കർണാടക വെറ്ററിനറി ആൻഡ് ഫിഷറീസ് സയൻസ് യൂണിവേഴ്സിറ്റി സമുദ്ര വിഭവ ഗവേഷണ പരിശീലന കേന്ദ്രത്തിലെ ഡോ. ചന്ദ്രകാന്ത് ലിംഗാദന്ത് വിത്ത് തിരഞ്ഞെടുപ്പ്, വിളവെടുപ്പ് എന്നിവയിലെ ആധുനിക സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തി. ബെംഗളൂരു ഹെസർഗട്ട എഫ്ആർഐസി (ഐ) അസിസ്റ്റന്റ് പ്രഫസർ ശ്രീ മഞ്ഞപ്പ എൻ, ഫിഷറീസ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാരായ ശ്രീമതി അഞ്ജനദേവി, ശ്രീ ചന്ദ്രശേഖർ എന്നിവരും പരിപാടിയിൽ പങ്കെടുത്ത് സദസ്സിന്റെ സംശയങ്ങൾക്കു മറുപടി നൽകി.

വെള്ള ചെമ്മീൻ കൃഷി, ജലകൃഷി തുടങ്ങിയവയെ സംബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ വിജയകുമാർ വിശദീകരിച്ചു. ജലസംസ്കരണ പ്ലാന്റ്, ജലസംഭരണി, ജൈവ സുരക്ഷ എന്നിവയുടെ പ്രാധാന്യത്തിന് ഊന്നൽ നൽകിയാണ് അദ്ദേഹം സംസാരിച്ചത്. നിരോധിത ആന്റിബയോട്ടിക്കുകൾ ഒരുതരത്തിലും ഉപയോഗിക്കരുതെന്ന മുന്നറിയിപ്പും നൽകി.

കർഷകർ നേരിടുന്ന വെല്ലുവിളികളെ കുറിച്ചാണ് കർഷക പ്രതിനിധിയായ ശ്രീ തമ്മയ്യ ദേവഡിഗ സംസാരിച്ചത്. രോഗം പടരുന്നത്, ഉൽപ്പന്നങ്ങളുടെ വിലയിലെ വ്യതിയാനം, വിളനാശത്തിൽ ഇൻഷുറൻസിന്റെ അഭാവം തുടങ്ങിയ കാര്യങ്ങളാണ് അദ്ദേഹം പങ്കുവച്ചത്. സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിൽ എംപിഇഡിഎയുടെ ഇടപെടലിന്റെ ആവശ്യതകയെ കുറിച്ചും പറഞ്ഞു. ആന്ധ്രാ സർക്കാരിന്റെ നയം അനുസരിച്ചുള്ള സബ്സിഡി, വൈദ്യുതി നിരക്ക് ഇളവ് തുടങ്ങിയ വിഷയങ്ങളിൽ എംപിഇഡിഎ ഇടപെടണമെന്ന് കർഷകർ ആവശ്യപ്പെട്ടു.

ഡെപ്യൂട്ടി ഡയറക്ടർ ശ്രീ വിജയകുമാർ അംഗങ്ങളുടെ സംശയങ്ങൾക്കുള്ള മറുപടി നൽകി. ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം സമർപ്പിക്കുവാനും അനുഭാവപൂർവം പരിഗണിക്കാമെന്ന ഉറപ്പും അദ്ദേഹം നൽകി.

ഉൽപാദന മേഖലയിലെ പ്രാഥമിക തലം എന്ന നിലയിൽ കർഷകർ സ്വീകരിക്കേണ്ട മുൻകരുതലിനെ കുറിച്ച് ശ്രീ ഇബ്രാഹീം, മൽപേഫ്രെഷ് മറൈൻ എക്സ്പോർട്ട് ലിമിറ്റഡ് ഡയറക്ടർ ശ്രീ കൃഷ്ണപ്രസാദ് ഷെട്ടി എന്നിവർ ഉദ്ബോധിപ്പിച്ചു. മൂല്യ വർധിത ഉൽപ്പന്ന രൂപീകരണത്തിൽ ഊന്നൽ നൽകണം. സംസ്കരണ പ്ലാന്റുകൾ, തൊലിപൊളിക്കൽ ഷെഡുകൾ, ചെമ്മീൻ ഹാച്ചറി തുടങ്ങിയ സ്ഥലങ്ങളിൽ എച്ച്എസിസിപി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ഇരുവരും സംസാരിച്ചു.

55 കർഷകരെ കൂടാതെ, മത്സ്യത്തീറ്റ വിതരണക്കാർ, ജലക്കൃഷി മേഖലയിൽ സജീവമായി നിൽക്കുന്നവർ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും സെമിനാറിൽ പങ്കെടുത്തു. എംപിഇഡിഎ ജൂനിയർ ടെക്നിക്കൽ ഓഫിസർ ശ്രീ എസ്. എം. ശിരോദ്കറുടെ കൃതജ്ഞതയോടെ പരിപാടി പര്യവസാനിച്ചു.

ഗുണനിയന്ത്രണ രംഗം

സമുദ്രോൽപ്പന്ന എച്ച്എസിസിപി
പരിശീലന പരിപാടി

പരിശീലന പരിപാടിയിൽ പങ്കെടുത്തവരും ക്ലാസുകൾക്കു നേതൃത്വം നൽകിയവരും

എംപിഇഡിഎ കൊൽക്കത്ത റീജനൽ ഡിവിഷന്റെ നേതൃത്വത്തിൽ പശ്ചിമ ബംഗാളിലെ സമുദ്രോൽപ്പന്ന മേഖലയിലെ സാങ്കേതിക വിദഗ്ധർക്കായി എച്ച്എസിസിപി പരിശീലന പരിപാടി സംഘടിപ്പിച്ചു. 2018 മാർച്ച് 20 മുതൽ 23 വരെയായിരുന്നു പരിപാടി. പരിപാടി പശ്ചിമ ബംഗാൾ ഭക്ഷ്യ സംസ്കരണ വ്യവസായ, ഹോർട്ടികൾച്ചർ വകുപ്പ് ഡയറക്ടർ ശ്രീ ജെ.കെ. ഐക്കട്ട് ഉദ്ഘാടനം ചെയ്തു. പശ്ചിമബംഗാൾ റീജൻ സീഫുഡ് എക്സ്പോർട്ട് അസോസിയേഷൻ (എസ്ഇഎഐ) പ്രസിഡന്റ് ശ്രീ രാജർഷി ബാനർജി, എസ്ഇഎഐ പശ്ചിമ ബംഗാൾ റീജൺ സെക്രട്ടറി ശ്രീ താജ് മുഹമ്മദ് എന്നിവർ ആശംസപ്രസംഗം നടത്തി. സമുദ്രോൽപ്പന്ന മേഖലയിലെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ ഉത്തരവാദിത്തങ്ങളെ കുറിച്ച് പ്രസംഗിച്ചവരെല്ലാം സംസാരിച്ചു. ഉൽപാദന നിലവാരം നേരിട്ട് നിരീക്ഷിക്കുന്നർ എന്ന നിലയിലാണ് ക്വാളിറ്റി കൺട്രോളുമാരുടെ (ക്യൂസി) ഉത്തര

എസ്ഇഎഐ പശ്ചിമ ബംഗാൾ റീജൺ പ്രസിഡന്റ് ശ്രീ രാജർഷി ബാനർജി പ്രസംഗിക്കുന്നു

പരിശീലന പരിപാടി ശ്രീ ജെ.കെ. ഐക്കട്ട് ഉദ്ഘാടനം ചെയ്യുന്നു

വാദിത്തം ഉയരുന്നത്.

1996 മുതൽ എംപിഇഡിഎ സംഘടിപ്പിച്ച പരിശീലന പരിപാടിയിലെ 107-ാം പ്രോഗ്രാമായിരുന്നു കൊൽക്കത്തയിലേത്. ഇതിനോടകം സമുദ്രോൽപ്പന്ന മേഖലയിലെ 2900 സാങ്കേതികവിദഗ്ധർക്കു പരിശീലനം നൽകിയിട്ടുണ്ട്. പശ്ചിമ ബംഗാളിൽ തന്നെ 13 പരിശീലന പരിപാടികൾ എംപിഇഡിഎ നേരത്തെ സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലന പരിപാടിയിൽ 17 സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് 26 സാങ്കേതിക വിദഗ്ധർ പങ്കെടുത്തു. ഡപ്യൂട്ടി ഡയറക്ടർ ശ്രീ എസ്.എസ്. ഷാജി, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ വി. വിനോദ് എന്നിവരുടെ മേൽനോട്ടത്തിലാണ് പരിശീലന പരിപാടി ഒരുക്കിയത്.

ആഗോള വിപണിയിൽ ചെമ്മീൻ വില കുറഞ്ഞിട്ടും ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതിയിൽ 13% വർധന

2017-18 ലെ ആദ്യ പത്ത് മാസത്തെ കണക്ക് അനുസരിച്ച് ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതി 5.64 ശതകോടി ഡോളറാണ്. മുൻവർഷം ഇതേ കാലയളവിൽ കയറ്റുമതി ചെയ്തത് 4.98 ശതകോടി ഡോളറും. സമുദ്രോൽപ്പന്ന കയറ്റുമതിയിൽ 13.27 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്.

കടുത്ത പരിശോധനയെയും ചെമ്മീൻ ഉൽപാദന രാജ്യങ്ങളിൽ നിന്നുള്ള മത്സരത്തെയും അതിജീവിച്ചാണ് കയറ്റുമതി മേഖലയിൽ വർധനയുണ്ടായിരിക്കുന്നത്. 2018 ജനുവരി വരെ 1,085,378 ടൺ സമുദ്രോൽപ്പന്നം കയറ്റുമതി ചെയ്തു. മുൻവർഷം ഇതേകാലയളവിൽ 9,54,744 ടണ്ണായിരുന്നു കയറ്റുമതി. അളവിന്റെ അടിസ്ഥാനത്തിൽ വർധന 13.68 ശതമാനമാണ്.

'ആഗോള ചെമ്മീൻ വിപണിയിൽ ചരക്ക് അധികമായി വില കുറഞ്ഞിട്ടും ഇന്ത്യൻ കയറ്റുമതി മേഖല മുകളിലേക്ക് കുതിച്ചു കയറുന്നു. നിരോധിത ആന്റിബയോട്ടിക്കുകൾക്ക് എതിരായ പരിശോധനകൾ ഇയു മേഖലയിൽ സജീവമായിട്ടും നേടിയ വർധന മേഖലയ്ക്ക് ഉത്തേജനം പകരും. ഇക്വഡോർ, അർജന്റീന തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വെല്ലുവിളി നേരിട്ടാണ് വളർച്ച' സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) ചെയർമാൻ ഡോ. എ. ജയതിലക് ഐഎഎസ് പറഞ്ഞു.

'വെല്ലുവിളികളുടെ മധ്യത്തിലും വളർച്ച മുന്നേറ്റത്തിന്റെ പാതയിലാണ് കയറ്റുമതി മേഖല. ഇന്ത്യയിലെ സമുദ്രോൽപ്പന്ന മേഖലയുടെ പ്രത്യേകത കൂടിയാണ്. കയറ്റുമതി ലക്ഷ്യമിട്ട് ജൈവ ചെമ്മീൻ ഉൽപാദനത്തിൽ ശ്രദ്ധ നൽകുന്നുണ്ട്. ശുദ്ധ ജലക്കൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നു. തെറ്റായ ചരക്ക് നീക്കം തടയാനുള്ള നടപടികൾ വിജിലൻസിന്റെ നേതൃത്വത്തിൽ നടക്കുന്നു' - അദ്ദേഹം കൂട്ടിച്ചേർത്തു.

അമേരിക്ക, തെക്ക്-കിഴക്കൻ ഏഷ്യ, യൂറോപ്യൻ യൂണിയൻ തുടങ്ങിയ മേഖലയിലേക്കാണ് ഇന്ത്യൻ സമുദ്രോൽപ്പന്നം ഏറ്റവും അധികം ഇറക്കുമതി ചെയ്തത്. അതിനുംപുറമേ, ജപ്പാനിൽ നിന്നുള്ള ആവശ്യവും വർധിച്ചിരുന്നു.

ശീതീകരിച്ച ചെമ്മീനാണ് കയറ്റുമതി ഉൽപ്പന്നങ്ങളിൽ ജനപ്രിയ ഇനം. മൊത്തം കയറ്റുമതിയിൽ 42.05 ശതമാനം ശീതീകരിച്ച ചെമ്മീനാണ്. വരവിന്റെ അടിസ്ഥാനത്തിൽ 69.95 ശതമാനവും.

അമേരിക്ക 1.917 ശതകോടി ഡോളറിൽ 2,03,837 ടൺ ഇന്ത്യൻ സമുദ്രോൽപ്പന്നം ഇറക്കുമതി ചെയ്തു. കയറ്റിഅയച്ച ഉൽപ്പന്നങ്ങളിൽ 33.99 ശതമാനവും അമേരിക്കയിലേക്കാണ്. ഇയു മേഖലയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയിൽ നേരിയ കുറവുണ്ട്. അളവിൽ 6.98 ശതമാനത്തിന്റെയും വരവിൽ 3.26 ശതമാനത്തിന്റെയും കുറവാണ് രേഖപ്പെടുത്തിയത്.

കാര ചെമ്മീന്റെ പ്രധാന വിപണിയായി ജപ്പാൻ തുടരുന്നു. ഈ ഇനത്തിലെ വരവിന്റെ അടിസ്ഥാനത്തിൽ 49.38 ശതമാനമാണ് ജപ്പാന്റെ പങ്ക്. തൊട്ടുപിന്നിൽ അമേരിക്കയും (18.09 ശതമാനം), തെക്ക്-കിഴക്ക് ഏഷ്യയും (15.06 ശതമാനം) നിൽക്കുന്നു. ഇന്ത്യൻ സമുദ്രോൽപ്പന്ന ഇറക്കുമതി ചെയ്യുന്ന ഏറ്റവും വലിയ നാലാമത്തെ കേന്ദ്രമാണ് ജപ്പാൻ. കയറ്റുമതിയുടെ അളവിൽ 17.51 ശതമാനത്തിന്റെയും വരുമാനത്തിന്റെ തോതിൽ 6.7 ശതമാനത്തിന്റെയും വർധനയുണ്ട്.

കടപ്പാട്: www.business-standard.com

സമുദ്രോൽപ്പന്ന കയറ്റുമതി: ഇയു ആവശ്യം നിലനിർത്താൻ വിജിലൻസിനെ ഉപയോഗിച്ചും പരിശോധന ശക്തിപ്പെടുത്തിയും ഇന്ത്യ

യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലേക്കുള്ള സമുദ്രോൽപ്പന്ന കയറ്റുമതി പിടിച്ചു നിർത്താൻ കർശന പരിശോധന നടപടികളുമായി ഇന്ത്യ. നിലവാര പരിശോധന ശക്തിപ്പെടുത്തിയും വിജിലൻസിനെ കാര്യക്ഷമമാക്കിയുമാണ് ഇന്ത്യൻ ശ്രമം. ഇന്ത്യൻ സമുദ്രോൽപ്പന്നം ഇറക്കുമതി ചെയ്യുന്ന പ്രധാന മേഖലയാണ് യൂറോപ്യൻ യൂണിയൻ.

'സാംപിളുകളുടെ പരിശോധന 10 ശതമാനത്തിൽ നിന്ന് 50 ശതമാനത്തിലേക്ക് ഉയർത്താനുള്ള യൂറോപ്യൻ യൂണിയന്റെ തീരുമാനത്തിൽ ആശങ്കയുണ്ട്. കരിമ്പട്ടികയിൽ ചേർക്കപ്പെട്ട കമ്പനികളുടെ ചരക്കിന്റെ കൂടുതൽ സാംപിളുകളാണ് ഇത്തരത്തിൽ കൂടുതൽ പരിശോധിക്കുന്നത്. വിജിലൻസിനെ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ, നിലവാര നിർണയത്തിനുള്ള പരിശോധനകളും ശക്തിപ്പെടുത്തി. കയറ്റുമതി പരിശോധന കൗൺസിലിന്റെ നേതൃത്വത്തിൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിലെ കൗൺസിലുകളെ നടപടികൾ കാര്യക്ഷമമാക്കിയ കാര്യം ധരിപ്പിച്ചിട്ടുണ്ട് - ഉന്നത സർക്കാർ ഉദ്യോഗസ്ഥൻ ബിസിനസ് ലൈനിനോടു പറഞ്ഞു.

നിരോധിത മരുന്നുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്. ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് ആൻഡ് ഫുഡ് സേഫ്റ്റിയുമായി പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്. ഇയു കമ്മീഷൻ നയങ്ങളുടെ ഉത്തരവാദിത്വം ആരോഗ്യ-ഭക്ഷ്യ സുരക്ഷ ഡയറക്ടർ ജനറലിനാണ്. 'ഈ മാസം അവസാനം ബ്രസൽസിൽ നടക്കുന്ന ആഗോള സമുദ്രോൽപ്പന്ന പ്രദർശനത്തിനിടെ നടക്കുന്ന കൂടിക്കാഴ്ചയിൽ കൂടുതൽ കാര്യങ്ങൾ തീരുമാനിക്കുമെന്ന് ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞു. യോഗം സാധാരണയായി നടക്കുന്ന ആശയകൈമാറ്റത്തിന്റെ ഭാഗമാണെങ്കിലും ഇക്കുറി ഇന്ത്യ പ്രാധാന്യത്തോടെയാണ് കാണുന്നത്. പ്രത്യേകിച്ച് ഇയു ഇന്ത്യൻ കയറ്റുമതിയിൽ അസംതൃപ്തി അറിയിച്ചതിന്റെ പശ്ചാത്തലത്തിലാണിത്.

ഇന്ത്യൻ കയറ്റുമതി ഉൽപ്പന്നങ്ങളോട് യൂറോപ്യൻ യൂണിയൻ ചിറ്റമ്മ നയമാണ് കാണിക്കുന്നതെന്ന് ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതിക്കാർ ആശങ്കപ്പെടുന്നു. ഇന്ത്യൻ ഉൽപ്പന്നങ്ങൾ 50% പരിശോധിക്കപ്പെടും.

എന്നാൽ, വിയറ്റ്നാം, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലെ ഉൽപ്പന്നങ്ങളുടെ 10% സാംപിൾ മാത്രമാണു പരിശോധിക്കുന്നത്. പിഴവു കാട്ടുന്ന കയറ്റുമതി കമ്പനികളെ മാത്രം ശക്തമായ പരിശോധനയ്ക്കു വിധേയമാക്കണം. അല്ലാതെ, എല്ലാവരെയും നിരോധിക്കുന്നത് ശരിയല്ലെന്നാണ് ഇന്ത്യൻ കയറ്റുമതിക്കാർ പറയുന്നത്. 'കയറ്റുമതി സംഘടനകളുടെ ആവശ്യങ്ങൾ കയറ്റുമതി പരിശോധന കൗൺസിൽ ഇയു അധികൃതരുമായി ചർച്ച നടത്തിയിരുന്നു. തുടർ ചർച്ചകൾ കാര്യക്ഷമമാക്കും' - ഉദ്യോഗസ്ഥൻ പറഞ്ഞു.

2016-17 ൽ ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതി 6.12 ശതകോടി ഡോളറിൽ എത്തിയിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 9.83 ശതമാനത്തിന്റെ വർധനയുണ്ട്. മുൻ വർഷം 5.27 ശതകോടി ഡോളറായിരുന്നു ലഭിച്ചത്. ഇതിൽ യൂറോപ്യൻ യൂണിയന്റെ അളവ് ഏകദേശം 18 ശതമാനമാണ്. ബെൽജിയം, നെതർലാൻഡ്സ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളാണ് ഇന്ത്യൻ ഉൽപ്പന്നങ്ങൾ കൂടുതലായി വാങ്ങുന്നത്.

കടപ്പാട്: www.thehindubusinessline.com

എപി ഫിഷ്ടെക് – 2018

കൊച്ചിയിലെ ഐസിഎആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, ഇന്ത്യയിലെ സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ്സ് (സോഫ്റ്റ്) എന്നിവ സംയുക്തമായി അപ്ഫിഷ്ടെക് 2018 എന്ന സെമിനാർ സംഘടിപ്പിച്ചു.

ശുദ്ധജലക്കൃഷിയിലെ സാധ്യതകളും വെല്ലുവിളികളും ആന്ധ്രാപ്രദേശിന്റെ പശ്ചാത്തലത്തിൽ എന്നതായിരുന്നു വിഷയം. 2018 മാർച്ച് 23-24 തീയതികളിൽ വിശാഖപട്ടണത്ത് സംഘടിപ്പിച്ച സെമിനാർ സീഫുഡ് എക്സ്പോർട്ടേഴ്സ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ശ്രീ. വി. പദ്മനാഭൻ ഉദ്ഘാടനം ചെയ്തു. കൂടാതെ, ബുക് അബ്സ്ട്രാക്ടും പുറത്തിറക്കി. ശുദ്ധജല മത്സ്യോൽപാദനത്തിലെ ചെലവ് കുറയ്ക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അദ്ദേഹം വിരൽചൂണ്ടി. ആന്റി ബയോട്ടിക്കിന്റെ ദുരുപയോഗത്തിലൂടെയുണ്ടാകുന്ന ദോഷത്തെ കുറിച്ചും സംസാരിച്ചും. ഏകദേശം 40,000 കോടിയുടെ കയറ്റുമതിയെ ഇത്തരത്തിലുള്ള പ്രവണതകൾ ബാധിക്കുമെന്ന മുന്നറിയിപ്പും നൽകി. സ്ഥായിയായ വളർച്ചയ്ക്ക് ആവശ്യമായ ബോധവൽക്കരണം ശുദ്ധജല മത്സ്യ കർഷകർക്ക് നൽകണം. മത്സ്യ ബന്ധന മേഖല നേരിടുന്ന ഒട്ടേറെ പ്രതിസന്ധികളെ, വിവര വിനിമയത്തിലൂടെ തരണം ചെയ്യാം. അതിലൂടെ ഏറ്റവും മികച്ച നേട്ടവും കൊയ്തെടുക്കാം. സർക്കാരിന്റെ സ്റ്റാർട്ടപ്പ് സംവിധാനത്തിലൂടെ സംരംഭകത്വത്തിലേക്ക് യുവാക്കളെ അദ്ദേഹം ആഹ്വാനം ചെയ്തു. ഭൂവനേശ്വർ ഐസിഎആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്രെഷ് വാട്ടർ അക്വാകൾച്ചർ (ഐസിഎആർ-സിഐഎഫ്എ) ഡയറക്ടർ ഡോ. ജെ.കെ. സുന്ദരൈ വിശിഷ്ടാതിഥിയായിരുന്നു. ജലക്കൃഷിയുടെ സാമ്പത്തിക വശത്തിനാണ് അദ്ദേഹം ഊന്നൽ നൽകിയത്.

ശുദ്ധജല കർഷകരാണ് നാടിന്റെ ഭാവിയുടെ വാഗ്ദാനമെന്ന് അദ്ദേഹം പറഞ്ഞു. മത്സ്യക്കൃഷിയിൽ പ്രാദേശിക സാങ്കേതിക സഹായത്തിലൂടെ സാമ്പത്തിക നേട്ടങ്ങളുണ്ടാക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തെലങ്കാന 2018–19 ൽ പുറത്തു വിടുന്നത് 100 കോടി മത്സ്യകുഞ്ഞുങ്ങളെ

ഏറ്റവും പുതിയതായി രൂപം കൊണ്ട തെലങ്കാന എന്ന സംസ്ഥാനം 2018-19 കാലയളവിൽ 82 കോടി മത്സ്യ കുഞ്ഞുങ്ങളെ പുറത്തു വിടാൻ തീരുമാനിച്ചു. സംസ്ഥാനത്തെ മത്സ്യ ഉൽപാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൂട്ടമായി കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നത്.

കൂടുതൽ കുഞ്ഞുങ്ങളെ പുറത്തു വിടുന്നതോടെ സംസ്ഥാനത്തെ മത്സ്യോൽപാദനം 30 ശതമാനം വർധിക്കുമെന്ന് തെലങ്കാന ഫിഷറീസ് മന്ത്രി തലസാനി ശ്രീനിവാസ് പറഞ്ഞു. ഉൽപാദനം 350,000 മെട്രി ടണ്ണിൽ എത്തിക്കുകയാണ് ലക്ഷമെന്നും തെലങ്കാന ടുഡേ റിപ്പോർട്ട് ചെയ്തു.

അടുത്തിടെ സമാപിച്ച അക്വാഎക്സ് 2018 ൽ പ്രസംഗിക്കുന്നതിനിടെയാണ് മത്സ്യോൽപാദനം വർധിപ്പിക്കുന്നതിന്റെ ആവശ്യകത അടിവരയിട്ടു പറഞ്ഞത്. നിലവിൽ 2,71,000 മെട്രിക് ടൺ മത്സ്യമാണ് ഉൽപാദിപ്പിക്കുന്നത്. സംസ്ഥാനത്ത് ആകെമാനം 2017-18 ൽ 51കോടി മത്സ്യ കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്തതെന്ന് മന്ത്രി പറഞ്ഞു.

ഏകദേശ കണക്ക് പ്രകാരം ഉൾനാടൻ മത്സ്യബന്ധനം എറ്റവും കൂടുതലുള്ള സംസ്ഥാനമാണ് തെലങ്കാന. കൃഷ്ണ, ഗോദാവരി എന്നീ നദികൾ സംസ്ഥാനത്തൂടെയാണ് ഒഴുകുന്നത്. 77 വലുതും, ഇടത്തരം ചെറുതുമായ ജലസംഭരണികളുണ്ട്. മത്സ്യോൽപാദനത്തിനു മാത്രമായി സംസ്ഥാനത്ത് 24,100 കുളങ്ങളുണ്ടെന്നും മന്ത്രി പറഞ്ഞു.വൈകാതെ കൂടുതൽ ജലസേചന പദ്ധതികൾ സർക്കാർ തുടങ്ങുമെന്നും അതിലൂടെ മത്സ്യോൽപാദനം വർധിക്കുമെന്നും അദ്ദേഹം പറഞ്ഞു. കണക്കുപ്രകാരം പ്രതിശീർഷ മത്സ്യോൽപാദനം കേവലം ഏഴു കിലോഗ്രാമാണെന്ന് തെലങ്കാന മത്സ്യ-മൃഗ സംരക്ഷണ വകുപ്പ് സെക്രട്ടറി സന്ദീപ്കുമാർ സുൽത്താനിയ പറഞ്ഞു.

ദേശീയ ശരാശരി 11 കിലോഗ്രാമാണ്. മത്സ്യകുഞ്ഞുങ്ങളുടെ വർധന ഈ വിടവ് നികത്തും. മത്സ്യബന്ധന മേഖല ശക്തിപ്പെടും. നിലവിൽ മറ്റു സംസ്ഥാനങ്ങളിൽ മത്സ്യം ഇറക്കുകയാണ് തെലങ്കാനയെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് പ്രതിശീർഷ ഉൽപാദനം വർധിച്ചാൽ തെലങ്കാനയ്ക്കും മറ്റു സംസ്ഥാനങ്ങളിലേക്ക് മത്സ്യം കയറ്റി അയയ്ക്കാം.

ഏകദേശം 1000 കോടി രൂപയുടെ സമഗ്ര മത്സ്യ വികസന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനത്തിലൂടെ സംസ്ഥാനത്തെ മത്സ്യോൽപാദനം വർധിക്കുമെന്ന വിലയിരുത്തലിലാണ് പ്രത്യേക വികസന പദ്ധതി ആവിഷ്കരിച്ചത്.

സംസ്ഥാനത്ത് പുതിയ മത്സ്യ മാർക്കെറ്റുകൾ തുറക്കുന്നുണ്ട്. കൂടുതൽ വൃത്തിയുള്ള സാഹചര്യത്തിലേക്ക് മത്സ്യ വിപണിയെ മാറ്റുകയാണ് ലക്ഷ്യം. സംസ്ഥാനത്തിന്റെ പ്രതിശീർഷ മത്സ്യ ഉപഭോഗം സംസ്ഥാനത്ത് മത്സ്യവുമായി ബന്ധപ്പെട്ട പ്രദർശനവും മറ്റു പരിപാടികളും ഒരുക്കുന്നുണ്ട്, മത്സ്യമേഖലയുമായി ബന്ധപ്പെട്ട പുതുപുത്തൻ വിഷയങ്ങൾ അവതരിപ്പിക്കും.

കടപ്പാട്: www.business-standard.com

ഐസിഎആർ– സിഐഎഫ്ടി ബോധവൽക്കരണ പരിപാടി ട്രോളിങ്ങിലെ മത്സ്യ ശേഷി നിർണയം

ട്രോളിങ്ങിലെ മത്സ്യ ശേഷി നിർണയം സംബന്ധിച്ച ബോധവൽക്കരണ പരിപാടി കൊച്ചിൻ മത്സ്യബന്ധന തുറമുഖമായ തോപ്പുംപടിയിൽ 2018 മാർച്ച് 28 ന് സംഘടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് പ്രൊജക്ടിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. 'മോഡലിങ്ങ് സ്റ്റഡീസ് ഫോർ എസ്റ്റിമേഷൻ ഓഫ് റവന്യൂ ബേസ്ഡ് കപ്പാസിറ്റി ആൻഡ് വാല്യുവേഷൻ ഓഫ് സെലക്ടഡ് ഫിഷിങ് സിസ്റ്റംസ് ആൻഡ് ഫിഷ് സപ്ലൈ ചെയിൻ അനാലിസിസ്' എന്നതായിരുന്നു പ്രൊജക്ടിന്റെ വിഷയം.

ശാസ്ത്രജ്ഞൻ ഡോ. വി.കെ. സജേഷ് എല്ലാവരെയും സ്വാഗതം ചെയ്തു. ശാസ്ത്രജ്ഞ ശ്രീമതി പി. ജയന്തി പ്രൊജക്ടിന്റെ പ്രാധാന്യത്തെ കുറിച്ചു പറഞ്ഞു. സമുദ്രജലത്തിലെ പ്ലാസ്റ്റിക്കിന്റെ അളവ് കൂടുന്നതിനെ കുറിച്ചും അതുകൊണ്ടുണ്ടാകുന്ന ദോഷത്തെ കുറിച്ചും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം.പി. രമേശൻ പ്രഭാഷണം നടത്തി. പ്ലാസ്റ്റിക് നിവാരണത്തിന് സാങ്കേതിക വിദ്യ ഉപയോഗിക്കണം. കൂടാതെ, ഉയർന്ന തോതിലുള്ള മത്സ്യബന്ധനവും അശാസ്ത്രീയതയും കാലാവസ്ഥ വ്യതിയനവുമായി ബന്ധപ്പെട്ട പരിമിതികൾക്ക് ആക്കം കൂട്ടി. മത്സ്യ സ്രോതസ് കുറയുന്നതിനെ കുറിച്ചു മുന്നറിയിപ്പ് നൽകിയതിനു പുറമേ, പ്ലാസ്റ്റിക് എന്ന മഹാവിപത്തിനെ കുറിച്ചും പങ്കുവച്ചു. സമുദ്രത്തിന്റെ ജൈവഘടനയ്ക്കു തന്നെ ദോഷം വരുന്നതാണ്. ട്രോൾ ബോട്ടിൽ മത്സ്യബന്ധനം നടത്തുന്നവർക്കായി കടലിലെ മാലിന്യം കരയിലേക്ക് വലിച്ച് അടുപ്പിക്കുന്നതിനെ കുറിച്ചും അതിന്റെ ദോഷത്തെ കുറിച്ചും അദ്ദഹം പറഞ്ഞു. മത്സ്യ ബന്ധന തൊഴിലാളികളെ ബോധവൽക്കരിക്കുന്ന തരത്തിലായിരുന്നു പരിപാടി ആവിഷ്കരിച്ചിരുന്നത്.

കടപ്പാട്: സിഫ്റ്റ്

ഉണക്ക മത്സ്യത്തിന്റെ മികച്ച കച്ചവട മാതൃക

ഉണക്ക മത്സ്യം കച്ചവടം ചെയ്യുന്നതിന്റെ മാതൃകയായാണ് കൊച്ചിയിൽ സ്റ്റാർട്ടപ്പായ ആബ്ബാ ഫിഷ് പ്രൊഡക്ട്സ് അവതരിപ്പിച്ചിരിക്കുന്നത്. ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (ഐസിഎആർ-സിഐഎഫ്ടി) സാങ്കേതിക സഹായത്തോടെയാണ് ഉണക്ക മത്സ്യ വിപണി തുടങ്ങിയത്. ചമ്പക്കര സെന്റ് ജെയിംസ് പള്ളിയുടെ ഷോപ്പിങ് കോംപ്ലെക്സിൽ 2018 ഏപ്രിൽ 10 നായിരുന്നു സംരംഭത്തിന്റെ ഉദ്ഘാടനം. ഉണക്ക മത്സ്യം വിൽക്കുന്ന സ്റ്റോറിന്റെ രൂപകൽപ്പന, അവതരിപ്പിച്ചിരിക്കുന്ന മത്സ്യ ഉൽപ്പന്നങ്ങൾ, അവരുടെ അവതരണ രീതി തുടങ്ങി നിരവധി വ്യത്യസ്തതകളുണ്ട്. ഒരുപക്ഷേ, ഇത്തരത്തിലുള്ള സംരംഭം കേരളത്തിൽ തന്നെ ആദ്യത്തേത്.

ഭൂരിപക്ഷം കേരളീയരുടെയും നാവിൻ തുമ്പിലെ രുചിയെ ഉത്തേജിപ്പിക്കുവാനാണ് ആബ്ബാ ഫിഷ് പ്രോഡക്ട്സ് സ്റ്റോർ തുറന്നത്. ശാസ്ത്രീയമായി സംസ്കരിച്ച ഉൽപ്പന്നങ്ങളാണ് ഇവിടെ വിൽക്കുന്നത്. ഐസിഎആർ-സിഐഎഫ്ടി വികസിപ്പിച്ച സോളർ ഡ്രൈയർ ഉപയോഗിച്ചാണ് ഇവ ഉണക്കിയെടുത്തത്. വൃത്തിയുള്ള പോഷക നഷ്ടം വരാത്ത, രുചിയും ഗന്ധവും നഷ്ടപ്പെടാത്ത തരത്തിലാണ് സോളാർ ഡ്രയറിൽ ഉണക്കിയെടുക്കുന്നത്. പരമ്പരാഗത ഉണക്കൽ രീതി നേരിടുന്ന എല്ലാ വെല്ലുവിളികൾക്കും പരിഹാരമായാണ് സോളാർ ഡ്രയറിനെ അവതരിപ്പിച്ചത്.

സംരംഭത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നത് ഐസിഎആർ-സിഐഎഫ്ടിയാണ്. ഇൻസ്റ്റിറ്റ്യൂട്ടിലെ അഗ്രി-ബിസിനസ് ഇങ്കുബേഷൻ സെന്റർ മുഖേനയാണ് സാങ്കേതിക സഹായം നൽകുന്നത്. ചമ്പക്കര മാർക്കറ്റിലെ സ്റ്റോറിന്റെ ഉദ്ഘാടനം ശ്രീ പി.ടി. തോമസ് എംഎൽഎ നിർവഹിച്ചു. കോർപറേഷൻ കൗൺസിലർ ശ്രീ വി.പി. ചന്ദ്രൻ, ഐസിഎആർ-സിഐഎഫ്ടി ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ഐസിഎആർ – സിഐഎഫ്ടി എൻജിനീയറിങ് വിഭാഗം മേധാവി ഡോ. മനോജ് പി. സാമുവേൽ, ഇങ്കുബേഷൻ സെന്ററിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ജോർജ് നൈനാൻ തുടങ്ങിയവർ പങ്കെടുത്തു.

കടപ്പാട്: സിഫ്റ്റ്

പോഷക പരീക്ഷയിൽ 'ഹിൽസ'യ്ക്ക് ഒന്നാം റാങ്ക്

ഇന്ത്യയിലെ ഭക്ഷ്യയോഗ്യമായ 100 മത്സ്യ ഇനങ്ങളുടെ വർഗീകരണവും പോഷക നിലവാരവും കഴിഞ്ഞ 10 വർഷത്തെ ഗവേഷണത്തിലൂടെ ശാസ്ത്രകാരന്മാർ കണ്ടെത്തി. അവരുടെ കണ്ടെത്തലാണ് ഇന്ത്യൻ മത്സ്യങ്ങളിൽ ഏറ്റവും കൂടുതൽ പോഷകാഹാരമുള്ളത് ഹിൽസയ്ക്ക്. നിരവധി ഗവേഷണ വിവരങ്ങൾ അടങ്ങുന്ന ഡേറ്റാബേസാണ് അടുത്തിടെ പുറത്തുവിട്ടത്.

ശുദ്ധജല മത്സ്യം, തണുപ്പു മേഖലയിലെ മത്സ്യം, ഉപ്പുജല മത്സ്യം, സമുദ്ര മത്സ്യം എന്നിങ്ങനെ മത്സ്യങ്ങളെ വിഭജിച്ചു പോഷകാംശ നിലവാരം നിർണയിച്ചാണ് ന്യൂട്രിഫിഷിൻ എന്ന ഡേറ്റബേസ് തയ്യാറാക്കിയത്. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ (ഐസിഎആർ) സഹകരണത്തോടെയാണ് ഡേറ്റാബേസ് പ്രൊജക്ട്. ബാരക്ക്പോറിലെ ഐസിഎആർ-സെൻട്രൽ ഇൻലാൻഡ് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഭീംതാൽ, ഭുവനേശ്വർ, കൊച്ചി, മുംബൈ എന്നിവിടങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹകരണത്തോടെയുമാണ് ഡേറ്റാബേസ് ഒരുക്കിയത്. വിദഗ്ധ സംഘത്തിന്റെ അഭിപ്രായം അനുസരിച്ച് മത്സ്യത്തിനൊപ്പമുള്ള അരിയാഹാരമാണ് നിലവിലെ പോഷകാഹാര കുറവിനു പരിഹാരം.

മത്സ്യത്തിലെ പ്രൊട്ടീൻ, ഒമേ 3 ഫാറ്റി ആസിഡുകൾ, ലവണങ്ങളും വൈറ്റമിനുകളും ഉൾപ്പെടുന്ന സൂക്ഷമപോഷകങ്ങൾ തുടങ്ങിയവയുടെ കണക്കെടുപ്പും നടത്തി.

'ഹിൽസ അഥവാ ഇല്ലിഷ് മച്ച് എന്ന മത്സ്യത്തിൽ ഏറ്റവും കൂടുതൽ ഒമേഗ 3 ഫാറ്റി ആസിഡ് അധികമായുണ്ട്. തൊട്ടുപിന്നിൽ സാർഡെയ്ൻ, കോയി എന്നിവയുണ്ട്' - ബാരക്ക്പുർ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും പദ്ധതിയുടെ ദേശീയ കോഓർഡിനേറ്ററുമായ ബിമൽ പ്രസന്ന മൊഹന്തി പറഞ്ഞു.

ഹൃദ്രോഗം തടയാൻ ആഴ്ചയിൽ രണ്ട് ദിവസം കൊഴുപ്പുള്ള മത്സ്യം കഴിച്ചാൽ മതിയെന്നാണ് പഠന റിപ്പോർട്ട്. നൂട്രിഫിഷിൻ ഡേറ്റാബേസ് അനുസരിച്ച് ആരോഗ്യ ദായകമായ ഫാറ്റി ആസിഡുകളുടെ (ഡോകോസാഹെക്സിനോയിക് ആസിഡും ഐക്കോസാപ്പെന്റനോയിക് ആസിഡും) അളവ് ഓരോ മത്സ്യ ഇനത്തിലും വ്യത്യസ്തമാണെന്നാണ്.

ലയിച്ചു ചേരാത്ത ഫാറ്റി ആസിഡുകളാണ് ഹിൽസയിൽ നിന്നു ലഭിക്കുന്ന കൊഴുപ്പിൽ 57 ശതമാനവും. മറ്റു മത്സ്യങ്ങളെ അപേക്ഷിച്ച് ഹിൽസയിൽ കൊഴുപ്പിന്റെ അളവ് വളരെ കൂടുതലാണ്. ശരീരത്തിനു പ്രതിദിനം വേണ്ട ഫാറ്റി ആസിഡിന്റെ അളവ് നിയന്ത്രിക്കാനും ഹിൽസ കഴിച്ചാൽ മതിയാകുമെന്നാണ് ഫുഡ് കെമിസ്ട്രി ജേണലിൽ പറയുന്നത്.

ട്യൂണയിലാണ് പ്രൊട്ടീന്റെ അളവ് കൂടുതൽ (100 ഗ്രാമിൽ 23.9 ഗ്രാം). ബോംബെ ഡക്ക് എന്ന മത്സ്യത്തിൽ വളരെ കുറവും (100 ഗ്രാമിൽ 8.2 ഗ്രാം).

സാധാരണയായി ഉപയോഗിക്കുന്ന ഭെത്കി, കരിമീൻ, ഹിൽസ എന്നിവയിൽ പ്രൊട്ടീന്റെ അളവ് 20 ശതമാത്തിൽ കൂടുതലാണ്.

രോഹു, മൃഗാൾ, കട്‌ല എന്നിവയിൽ പ്രൊട്ടീന്റെ അളവ് 15 മുതൽ 16 ശതമാനം വരെയാണ്.

രാജ്യത്തെമ്പാടും ലഭിക്കുന്ന പ്രാദേശിക ശുദ്ധജല മത്സ്യങ്ങളിൽ ലവണവും വൈറ്റമിനുകളും ധാരാളമായുണ്ട്. സൂക്ഷ്മപോഷക കുറവു പരിഹരിക്കാൻ ഇവ കഴിച്ചാൽ മതിയെന്നാണ് മൊഹന്തി പറയുന്നത്.

പുടി (ആംബ്ലിഫാരിംഗോഡൻ മോല), മൗരാല (പുന്തിയസ് സോഫോർ), ദാതിക (ഈസോമസ് ഡാൻരിക്കസ്) എന്നിവയിൽ വൈറ്റമിൻ എ, ഡി, ഇ, കെ എന്നിവ ധാരാളമായുണ്ടെന്ന് പഠനത്തിൽ നിന്നു മനസ്സിലാകും.

പ്രാദേശിക ശുദ്ധജല മത്സ്യങ്ങളുടെ ഉൽപാദനം വർധിപ്പിച്ച്, പ്രൊട്ടീൻ, സൂക്ഷ്മപോഷകം, ക്യാലറി തുടങ്ങിയവയുടെ കുറവു നികത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ബാരക്ക്പൂർ ഇൻസ്റ്റിറ്റ്യൂട്ട്.

വലിയ മത്സ്യങ്ങളെ അപേക്ഷിച്ച് ചെറു മത്സ്യങ്ങളിൽ ധാതുലവണങ്ങൾ ധാരാളമായുണ്ട്. ചെറുമത്സ്യം മുഴുവനായും കഴിക്കാമെന്നും മൊഹന്തിയും കൂട്ടരും തങ്ങളുടെ പ്രബന്ധത്തിൽ പറയുന്നു.

ഉപഭോക്താക്കൾ, ഡയറ്റീഷ്യൻസ്, ഡോക്ടർമാർ, ഭക്ഷ്യനയം രൂപപ്പെടുത്തുന്നവർ തുടങ്ങിയവരെ ഉദ്ദേശിച്ചാണ് ഡേറ്റാബാസ്. ഡേറ്റാബേസ് ലോകബാങ്ക് ശ്രദ്ധിച്ചു. ആഗോളതലത്തിലെ പഠനത്തിനും നൂട്രിഫിഷ്1000 രൂപീകരണത്തിനുമായി ബാരക്ക്പോർ ഇൻസ്റ്റിറ്റ്യൂട്ടിനെ ലോകബാങ്ക് ക്ഷണിച്ചിട്ടുണ്ട്.

'ദർശനത്തോടെയുള്ള ഏറ്റവും മികച്ച ജോലി' എന്നാണ് ലോകബാങ്കിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ ഡേറ്റാബേസിനെ വിശേഷിപ്പിച്ചത്. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഗവേഷണ-വികസന മേഖലയിൽ വിവിധ സർക്കാരുകൾക്ക് ഗുണകരമെന്നാണ് വിലയിരുത്തൽ.

കടപ്പാട്: www.telegraphindia.com

ആഗോള ഭക്ഷ്യ സുരക്ഷയ്ക്കും ഭൂ സംരക്ഷണത്തിനും മത്സ്യക്കൃഷി

2050ലെ ആഗോള ജനസംഖ്യയെ തീറ്റിപ്പോറ്റാൻ നിലവിലെ മൃഗോൽപാദനം 52 ശതമാനം വർധിപ്പിക്കണമെന്ന് ഗവേഷകർ പറയുന്നു.

കാലിഫോർണിയയിലെ സാന്റ ബാർബറ സർവകലാശാലയിലെ പഠനം അനുസരിച്ച്, പരിസ്ഥിതിക്ക് കാര്യമായ കുഴപ്പമുണ്ടാക്കാതെ മത്സ്യകൃഷിയിലൂടെ ഏറ്റവും കുറഞ്ഞ ചിലവിൽ ലോകത്തിന് ആവശ്യമായ പോഷകവും പ്രൊട്ടീനും ലഭ്യമാക്കാം.

മൃഗസംരക്ഷണത്തിന് വലിയ കൃഷിയിടവും അത്യധ്വാനവും വേണം. അതിലൂടെ പരിസ്ഥിതിക്ക് ഹാനികാരമായ ഗ്രീൻഹൗസ്ഗ്യാസ് കൂടുതലായുണ്ടാവുകയും ചെയ്യും. എന്നാൽ, മൃഗസംരക്ഷണത്തിന് ആവശ്യമായ സ്ഥലത്തേക്കാൾ കുറവു സ്ഥലം മതി ജലക്കൃഷിയ്ക്ക്.

യുസി സാന്റ ബാർബറ പഠനത്തിൽ നിന്ന് ആദ്യകൃഷി സാധ്യതയിൽ മത്സ്യക്കൃഷിയെയാണ് ആദ്യം അവതരിപ്പിക്കുന്നത്. ഭക്ഷ്യ സുരക്ഷാ വളർച്ചയ്ക്കും ഭൂ സംരക്ഷണത്തിനും മത്സ്യക്കൃഷി ഉപകരിക്കുമെന്നാണ് പഠനം.

'ജലക്കൃഷി, ഒരുതരത്തിൽ ഭക്ഷ്യോൽപാദനമാകയാൽ ചെറിയ തോതിലുള്ള സമ്മർദം പ്രകൃതിയിലുണ്ടാക്കും. മറ്റുള്ള മൃഗസംരക്ഷണത്തെ അപേക്ഷിച്ച് മത്സ്യക്കൃഷിയിലൂടെ പകൃതിക്ക് ഉണ്ടായേക്കാവുന്ന സമ്മർദം തുലോം കുറവാണുതാനും.' പ്രമുഖ എഴുത്തുകാരനായ ഹാലി ഫ്രോഹ്ലിച്ച് പറയുന്നു. 'മത്സ്യകൃഷിയാകില്ല ഭാവിയിൽ ഭൂമിക്കു ബാധ്യതയാകുന്ന ഭക്ഷ്യ സംരക്ഷണ രീതി, അത് മൃഗസംരക്ഷണമാണ്'.

ഏഴ് പ്രധാന വിളകളുടെ ഉൽപാദനം, മൃഗസംരക്ഷണം, ജലക്കൃഷി എന്നിവയുടെ താരതമ്യപഠനത്തിലൂടെ മത്സ്യക്കൃഷിയുടെ പ്രാധാന്യം ഗവേഷകർ വെളിപ്പെടുത്തുന്നു. ഇപ്പോഴത്തെയും 2050 ലെയും ആവശ്യങ്ങളെയും ഗവേഷകർ പരിഗണിച്ചിട്ടുണ്ട്.

നിലവിലെ മാംസ ഉപഭോഗത്തിന്റെ തുടർച്ചയായി സാധ്യതകളും മത്സ്യോൽപാദനത്തിലൂടെ ഉണ്ടാക്കാവുന്ന മാറ്റങ്ങളെ കുറിച്ചും ഗവേഷകർ പഠനം നടത്തി. 2050 ലെ ആഗോള ജനസംഖ്യ കണക്കിലെടുത്തുള്ള രണ്ടു സാഹചര്യങ്ങളാണ് പഠനവിധേയമാക്കിയത്. അതിൽ നിന്നാണ് ഭക്ഷ്യ സുരക്ഷയിൽ മത്സ്യക്കൃഷിയുടെ പ്രാധാന്യം വെളിപ്പെട്ടത്.

മത്സ്യക്കൃഷിയ്ക്കും മൃഗസംരക്ഷണത്തിനുമായുള്ള ഭൂമിയുടെ ഭാവി സാധ്യത പരിഗണിച്ചപ്പോൾ മത്സ്യക്കൃഷിയിലൂടെ 729 മുതൽ 747 ദശലക്ഷം ഹെക്ടർ ഭൂമി ആഗോളതലത്തിൽ സംരക്ഷിക്കാമെന്നു തെളിഞ്ഞു. ലോകത്തിലെ ഏഴാമത്തെ വലിയ രാജ്യമായ ഇന്ത്യയുടെ രണ്ടിരട്ടി വലിപ്പമുള്ള ഭൂ പ്രദേശമാണ് ഇത്തരത്തിലൂടെ സംരക്ഷിക്കാൻ സാധിക്കുന്നത്.

ഭാവി ജൈവഘടനയെ ദോഷമായി ബാധിക്കുന്ന പ്രധാന ഘടകമായാണ് ഭക്ഷണരീതിയെ ഗവേഷകർ കാണുന്നത്. ആവാസ വ്യവസ്ഥയിലുണ്ടാകുന്ന വ്യതിയാനം ഭൂമിയുടെ ഉപയോഗത്തിലുണ്ടാകുന്ന മാറ്റത്തിലൂടെയാണ്. അതാണ് ജൈവ ഘടനയെ ഏറ്റവും ദോഷകരമായി ബാധിക്കുന്നതും.

'കൂടുതൽ സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിലൂടെ പരിസ്ഥിതി സന്തുലനം നഷ്ടപ്പെടും. അതിലൂടെ നിലവിലെ ജൈവ ഘടന തന്നെ മാറിപ്പോയേക്കാം' കൂടെ പഠനം നടത്തിയ ക്ലെയർ റുഞ്ച് പറയുന്നു. ഇത് ഭാവിയിൽ കൂടുതലായേ വരൂ. ജലക്കൃഷിയാണ് ഭാവിയിലെ ഭക്ഷ്യസുരക്ഷയ്ക്കും ഭൂ സംരക്ഷണത്തിനുമുള്ള മറുപടി. പ്രകൃതിയ്ക്ക് കാര്യമായ ബുദ്ധിമുട്ട് സൃഷ്ടിക്കാതെ, ജൈവഘടനയ്ക്കും കാര്യമായ മാറ്റമുണ്ടാക്കാതെ മത്സ്യക്കൃഷിയിലൂടെ അതു സാധിക്കും.'

കടപ്പാട്: www.earth.com

www.mpeda.gov.in

There's no seafood as Irresist ble as Indian Seafood

From the sparkling Indian seas comes the finest seafood in the world. Enjoy it in abundance throughout the year.

You haven't tasted the best seafood, if you haven't tasted Indian seafood.

The Marine Products Export Development Authority
(Ministry of Commerce & Industry, Government of India)
MPEDA House, Panampilly Avenue, Kochi - 682 036, Kerala, India
Phone: +91 484 2311979 Fax: +91 484 2313361 E-mail: ho@mpeda.gov.in